# UNIVERSITY OF KERALA

*(Re-accredited by NAAC with 'A' Grade)*

**Assurances given and Decisions taken at the Meeting of the Senate held on 21st &22nd February, 2017.**

| | | |
|---|---|---|
| Time | : | 8.30 a.m. |
| Place of Meeting | : | Senate Chamber, University Buildings, Thiruvananthapuram. |

**Day – 1 : (21st February, 2017)**

**Members Present:**

1. Prof.(Dr.) P.K. Radhakrishnan (in the Chair)
   Vice-Chancellor
2. Dr.N.Veeramanikandan
   Pro-Vice-Chancellor
3. Sri.V.K. Prasanth,
   The Hon'ble Mayor, Thiruvananthapuram Corporation
4. Dr.G.Kishore
5. Dr.M.Jeevanlal
6. Dr.P.M.Radhamany
7. Dr.P.Rajesh Kumar
8. Prof.R.Mohanakrishnan
9. Dr.Shaji. K.
10. Adv. Krishnakumar S
11. Sri.John Thomas
12. Sri.B.S.Jyothikumar
13. Sri. K.S.Gopakumar
14. Sri.M.K.Abdul Rahim
15. Adv.Johnson Abraham
16. Sri. M. Sreekumar
17. Dr. R. Lathadevi
18. Dr. K. Manickaraj
19. Adv.A.A.Rahim
20. Adv. K.H. Babujan
21. Dr. A. Jayakumaran Nair.
22. Dr. Jaya. D.S.
23. Dr. R.S. Krishnakumar.
24. Dr. G.S. Jayasree.
25. Dr. V.S.Sharma.
26. Smt.Ashitha. S.
27. Dr. Sherly P.Anand
28. Dr. Ganga Prasad. A.
29. Dr. Ampotti. A.K.
30. Dr. Preetha Prabhasan.
31. Dr. Girija. K.
32. Prof.Suresh A.K
33. Dr. C. Rajasekharan Pillai.
34. Dr. Cherian John

35. Prof. Suja Eapen
36. Smt. Oleena. A.G.
37. Dr. R. Arun Kumar.
38. Dr. B.K. Madhu.
39. Dr. S. Anil Kumar.
40. Dr. M. Sirajudeen.
41. Dr. T. Pradeep.
42. Dr. P. Sunilkumar.
43. Dr. S. Sreeja.
44. Dr. Sanal Kumar. M.G.
45. Sri. Sam K. Daniel.
46. Sri. Anil Kumar. S.
47. Sri. Geevarghese Ninan.
48. Sri. A.M. Junaid.
49. Sri. Mansoor. A.
50. Dr.A.Younus Kunju
51. Sri. S. Kuttappan Chettiyar.
52. Sri.Adarsh Khan. P.
53. Sri.Anoop. P.
54. Sri.Anvarsha. A.
55. Sri. Bahul Krishna R.H
56. Sri.Gokul. M.S.
57. Smt. Krishnendu. S.
58. Sri.Manesh. P.
59. Sri. Rahil R. Nath.
60. Sri. Ravikumar. R.
61. Sri.Tinu Prem.
62. Sri. Plasis. S.
63. Sri. Pradeep Narayan. M.K.
64. Sri. Kallada Gireesh.
65. Sri. S. Velayudhan Nair. (Sasthamangalam Mohan)
66. Dr. A.M. Unnikrishnan
67. Sri. S. Sudheesan
68. Dr. Razia. K.I.
69. Adv. C.R.Pranakumar
70. Smt. Parvathy R. Nair
71. Smt. Harsha Jose

The meeting was called to order at 8.30 a.m. by Prof.(Dr.)P.K. Radhakrishnan, Hon'ble Vice-Chancellor. He welcomed the members.

## അനുശോചനം

ക്യൂബൻ മുൻ രാഷ്ട്രപതി ഫിദൽ കാസ്ട്രോ, തമിഴ്നാട് മുൻ മുഖ്യമന്ത്രി ജെ. ജയലളിത, പ്രശസ്ത കർണാടക സംഗീതജ്ഞൻ ഡോ. എം. ബാലമുരളീകൃഷ്ണ, മുൻ കേന്ദ്രമന്ത്രി ഇ. അഹമ്മദ്, പ്രശസ്ത ചലച്ചിത്ര നടൻ ഓംപുരി, നാടക-ചലച്ചിത്ര പ്രവർത്തകനായിരുന്ന ചോ രാമസ്വാമി, സ്വാതന്ത്ര്യസമര സേനാനി പി. വിശ്വംഭരൻ, ചലച്ചിത്ര-കഥകളി നടൻ ജഗന്നാഥവർമ്മ, ഭിഷഗ്വര പണ്ഡിതനും പ്രഭാഷകനുമായിരുന്ന സ്വാമി നിർമലാനന്ദഗിരി മഹാരാജ്, മുൻ കേന്ദ്രസഹമന്ത്രിയും പ്രമുഖ ഭൗതിക ശാസ്ത്രജ്ഞനുമായ പ്രൊഫ. എം. ജി. കെ. മേനോൻ, സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് അൽത്തമാസ്

കബീർ, കേരള സർവകലാശാല മുൻ സെനറ്റംഗം ഡോ. എം. എ. അക്ബർ എന്നിവരുടെ നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

A minute's silence was observed as a mark of respect to the departed souls.

**അനുമോദനം**

പത്മവിഭൂഷൺ പുരസ്ക്കാരം നേടിയ ഗായകൻ ഡോ. കെ. ജെ. യേശുദാസ്, പത്മശ്രീ പുരസ്ക്കാരം നേടിയവരായ മഹാകവി അക്കിത്തം, കഥകളി ആചാര്യൻ ശ്രീ. ചേമഞ്ചേരി കുഞ്ഞിരാമൻ നായർ, സംഗീത വിദൂഷി ശ്രീമതി പാറശ്ശാല ബി. പൊന്നമ്മാൾ, കളരി പരമ്പരയിലെ വനിതാ സാന്നിദ്ധ്യമായ ഗുരുക്കൾ മീനാക്ഷിയമ്മ, ഇന്ത്യൻ ഹോക്കി ടീം ക്യാപ്റ്റൻ ശ്രീ. പി. ആർ. ശ്രീജേഷ് എന്നിവരെയും പ്രഥമ വാഗ്ഭടാനന്ദ പുരസ്ക്കാരം നേടിയ ശ്രീ. എം. ടി. വാസുദേവൻ നായർ, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്ക്കാരം നേടിയ ശ്രീ. പ്രഭാവർമ്മ എന്നിവരേയും ഈ യോഗം അനുമോദിക്കുന്നു.

The Vice-Chancellor informed the House that the next item in the Agneda is Question Hour and invited the members to present their questions.

**Question No.1** given notice of by Sri.Sam. K. Daniel was answered by Adv.A.A.Rahim, Member, Syndicate.

| ചോദ്യം: 1 | **ശ്രീ. സാം കെ.ഡാനിയേൽ** |
|---|---|
| | a. സർവകലാശാല നിയമനങ്ങൾ PSC യ്ക്ക് വിടാൻ തീരുമാനിച്ചതിനു ശേഷം ഏതെല്ലാം തസ്തികകളിലെ ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്?<br>b. ഇതിന് സർവകലാശാല statute ൽ ഭേദഗതികൾ വരുത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ നടപടികൾ ഏതുവരെയായി വിശദമാക്കാമോ? |
| **ഉത്തരം** | a. സർവകലാശാല അസിസ്റ്റന്റ് തസ്തികയിലെ 590 ഒഴിവുകൾ<br>b. ഇല്ല. നടപടികൾ സ്വീകരിച്ചുവരുന്നു. |

Sri. Sam K. Daniel through a supplementary question enquired regarding non reporting of vacancies of Computer Assistant Gr.II.

Member Syndicate replied that the Syndicate has decided to report the vacancies of Computer Assistant Gr.II.

**Question No.2** given notice of by Sri.S.Anil Kumar was answered by Dr. R. Latha Devi Member, Syndicate.

| ചോദ്യം: 2 | **ശ്രീ.എസ്.അനിൽകുമാർ** |
|---|---|
| | a) സർവകലാശാല സെനറ്റ് ഹൗസ് കാമ്പസ്സിൽ മാലിന്യ കൂമ്പാരങ്ങൾ നിറയുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?<br>b) പാളയം, കാര്യവട്ടം കാമ്പസുകളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ?<br>c) ഇല്ലെങ്കിൽ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന "ഹരിത കേരള" പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സമഗ്ര പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ? |
| **ഉത്തരം** | a) മാലിന്യ നിക്ഷേപമുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br>b) ഉണ്ട്. സെനറ്റ് തീരുമാനവും, യൂണിവേഴ്സിറ്റി എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിന്റെയും അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി ക്യാമ്പസ്സുകളിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്.<br>c) പരിശോധിക്കാവുന്നതാണ്. |

Sri. S. Anil Kumar through a supplementary question enquired whether the burning of plastic waste in the Campus has been noticed.

Member Syndicate informed that corrective measures will be taken to resolve the same as the matter is a serious issue.

**Question No.3** given notice of by Dr. Sreeja. S., was answered by Adv. K.H. Babujan, Member, Syndicate.

| ചോദ്യം: 3 | **ഡോ.ശ്രീജ.എസ്** |
|---|---|
| | 1. കേരള സർക്കാർ 2010-11, 2011-12, 2012-13 വർഷങ്ങളിൽ സർവകലാശാല നടത്തിയ പരീക്ഷകളുടെ മൂല്യനിർണ്ണയത്തിൽ അധിക വേതനം കൈപ്പറ്റിയ അധ്യാപകരിൽ നിന്ന് തിരിച്ച് പിടിക്കേണ്ട തുക എത്രയെന്ന് കണക്കാക്കി നൽകാൻ കേരള സർവകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ടോ?<br>2. ഉണ്ടെങ്കിൽ അത് തയ്യാറാക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?<br>3. എത്ര കാലയളവിനുള്ളിൽ അധികവേതനം കൈപ്പറ്റിയ അധ്യാപകരുടെ പേരു വിവരവും അവർ കൈപ്പറ്റിയ തുകയും തയ്യാറാക്കാൻ സാധിക്കും? |
| **ഉത്തരം** | 1. ഉണ്ട്.<br>2. ഇല്ല. നടപടികൾ സ്വീകരിച്ചുവരുന്നു.<br>3. കഴിവതും വേഗം തയ്യാറാക്കുന്നതാണ്. |

Sri. R. Arun Kumar , Dr. M.G. Sanal Kumar, Dr. Cherian John, Dr. P. Sunil Kumar and Dr. M. Sirajudeen raised supplementary questions on the various issues related to the matter.

Member Syndicate informed that the matter shall be taken up with the Government.

**Question No.4** given notice of by Adv.Ajikumar was not considered as the member was absent.

**Question No.5** given notice of by Sri. Anvarsha was answered by Dr.P.Rajesh Kumar, Member, Syndicate.

| ചോദ്യം: 5 | **ശ്രീ.അൻവർഷാ** |
|---|---|
| | കേരള സർവകലാശാലക്ക് കീഴിലെ വിവിധ കോളേജുകളിൽ (സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഉൾപ്പെടെ) ഏതെങ്കിലും കോളേജുകളിൽ വിദ്യാർത്ഥികളെ അനാവശ്യമായി നടപടികൾ സ്വീകരിക്കുന്നതായോ ഫൈൻ ഈടാക്കുന്നതായോ യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ അത്തരം കോളേജുകൾ ഏതെല്ലാം?<br>ഈ കോളേജുകൾക്കെതിരെ യൂണിവേഴ്സിറ്റി എന്ത് നടപടി സ്വീകരിച്ചു?<br>ഇല്ലെങ്കിൽ എന്തുകൊണ്ട്? |
| **ഉത്തരം** | ഉണ്ട്. വിവിധ കോളേജുകളിൽ നിന്നും വിവിധ തരത്തിലുള്ള പരാതി ലഭിക്കുന്നുണ്ട്. പരാതികൾ പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് വരുന്നു. |

**Question No.6** given notice of by Sri.S. Anil Kumar was answered by Dr.R. Latha Devi, Member, Syndicate.

| ചോദ്യം: 6 | **ശ്രീ.എസ്.അനിൽകുമാർ** |
|---|---|
| | a) പാളയം, കാര്യവട്ടം കാമ്പസുകളിൽ വർദ്ധിച്ചു വരുന്ന തെരുവ് നായശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?<br>b) കാമ്പസുകളിൽ അലഞ്ഞുതിരിയുന്ന തെരുവ് നായകളിൽ നിന്നും ജീവനക്കാരേയും സർവകലാശാല കാമ്പസുകളിലെത്തുന്ന പൊതുജനങ്ങളേയും സംരക്ഷിക്കുവാൻ അടിയന്തിര നടപടി കൈകൊള്ളുമോ? |
| **ഉത്തരം** | a) ഉണ്ട്.<br>b) **തിരുവനന്തപുരം** കോർപ്പറേഷൻ മുഖേന കൈകൊള്ളുന്നതാണ്. |

**Question No.7** given notice of by Dr. M.G.Sanal Kumar was answered by Dr.P.M.Radhamany, Member, Syndicate.

| ചോദ്യം: 7 | **ഡോ.എം.ജി.സനൽകുമാർ** |
|---|---|
| | 1. Kerala University വിവിധ വിഷയങ്ങളിൽ തിരഞ്ഞെടുത്തിട്ടുള്ള approved journal list, UGC യ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടോ? |

| | |
|---|---|
| | 2. ഉണ്ടെങ്കിൽ approved journal list ൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ?<br>3. Kerala University യുടെ approved journals എന്തുകൊണ്ടാണ് UGC publish ചെയ്ത list ൽ ഇല്ലാതിരിക്കുന്നത്? |
| ഉത്തരം | 1. ഇല്ല. അതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആർട്സ്, സയൻസ്, സോഷ്യൽ സയൻസ്, ഓറിയന്റൽ സറ്റഡീസ് എന്നീ ഫാക്കൽറ്റികൾക്ക് കീഴിൽ വരുന്ന PG യുടെ 37 ബോർഡ് ഓഫ് സ്റ്റഡീസിൽ 20 ബോർഡുകൾ ഇതിനകം ജേർണലുകളുടെ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 17 ബോർഡുകളിൽ നിന്നം പ്രസ്തുത ലിസ്റ്റ് നൽകാനായി നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2. ബാധകമല്ല.<br>3. സർവകലാശാല അംഗീകരിച്ച ജേർണലുകളുടെ ലിസ്റ്റ് UGC ക്ക് നൽകേണ്ടതുണ്ട്. |

Dr.M.G. Sanal Kumar through a supplementary question enquired on the undue delay that occurred in forwarding the list of journals to UGC.

Vice-Chancellor clarified that Chairmen of all Board of Studies (PG) have been requested to submit the list before 28-02-2017 for onward transmission to UGC.

**Question No.8** given notice of by Sri.Manesh.P., was answered by Adv.A.A.Rahim, Member, Syndicate.

| ചോദ്യം: 8 | **ശ്രീ. മനേഷ്.പി** |
|---|---|
| | കേരള സർവകലാശാലയുടെ പഠന വകുപ്പുകളിൽ എത്ര സ്ഥിരാദ്ധ്യാപകരാണ് നിലവിലുള്ളത്? പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിങ്ങനെ തരംതിരിച്ച് നൽകുക?<br>a. പഠന വകുപ്പുകളിൽ എത്ര അദ്ധ്യാപക തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്?<br>b. പഠന വകുപ്പുകളിലെ സ്ഥിരാധ്യാപക നിയമനം നടപ്പിലാക്കാൻ സർവകലാശാല എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?<br>c. പഠന പകുപ്പുകളിലെ അധ്യാപക നിയമനം നടത്തുന്നതിലെ കാലതാമസം നേരിടുന്നതിന്റെ കാരണമെന്ത്? |
| ഉത്തരം | അസിസ്റ്റന്റ് പ്രൊഫസർ - 134<br>അസോസിയേറ്റ് പ്രൊഫസർ - 21<br>പ്രൊഫസർ - 3<br>a. 66 + 36 + 30 (132)<br>b. നിയമന നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്.<br>c. കാല താമസമില്ല. |

**Question No.9** given notice of by Dr. Sreeja. S., was answered by Adv. K.H.Babujan, Member, Syndicate.

| ചോദ്യം: 9 | **ഡോ.ശ്രീജ.എസ്** |
|---|---|
| | 1. കേരള സർവകലാശാല ആതിഥേയത്വം വഹിച്ച് നടത്തിയ 77-ാമത് ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിന്റെ ഓർഗനൈസിംഗ് കമ്മിറ്റി, സർവകലാശാല രജിസ്ട്രാറുടേയും, ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിന്റെ ലോക്കൽ സെക്രട്ടറിയുടേയും പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അത് പ്രാവർത്തികമാക്കിയോ?<br>2. ഏതു ബാങ്കിന്റെ ഏതു ബ്രാഞ്ചിലാണ് അക്കൗണ്ട് തുടങ്ങിയത്? അക്കൗണ്ട് നമ്പർ ഉൾപ്പെടെ വിശദമാക്കുക? |
| ഉത്തരം | 1. ഉണ്ട്, പ്രാവർത്തികമാക്കി<br>2. SBT, കാര്യവട്ടം ശാഖ, SB A/c 67382115500 |

**Question No.10** given notice of by Sri. Sam K.Daniel was answered by Adv. K.H.Babujan, Member, Syndicate.

| ചോദ്യം: 10 | **ശ്രീ. സാം കെ.ഡാനിയേൽ** |
|---|---|
| | a. സർവകലാശാല ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും Income Tax ഈടാക്കണമെന്ന Income Tax കമ്മിഷണറുടെ നിർദ്ദേശത്തിൻമേൽ എന്തെല്ലാം നടപടികൾ സർവകലാശാല സ്വീകരിച്ചു? വിശദമാക്കുമോ?<br>b. ഇതനുസരിച്ച് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ? |
| **ഉത്തരം** | a. Income Tax Commissioner(TDS) ന്റെ നോട്ടീസിനു തടസ്സവാദം ഉന്നയിച്ച് മറുപടി നൽകിയിട്ടുണ്ട്.<br>b. ഉണ്ട്. Income Tax Department ന്റെ നോട്ടീസ് പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾക്ക് TDS ബാധകമാണെന്ന് അറിയിച്ചിട്ടിട്ടുണ്ട്. ഇപ്രകാരം ചെയ്യാത്ത പക്ഷം പ്രസ്തുത തുക യൂണിവേഴസിറ്റിയിൽ നിന്നും ഈടാക്കുമെന്നു കാണിച്ചുള്ള നോട്ടീസ് ലഭിച്ചതിനാൽ യൂണിവേഴ്സിറ്റി സമർപ്പിച്ച മറുപടിക്ക് ലഭിക്കുന്ന ഉത്തരവിനു വിധേയമായി മാത്രമേ ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ കഴിയുകയുള്ളൂ. |

Sri. S. Anil Kumar through a supplementary question enquired whether the University may consider disbursing pensionary benefits excluding the taxable amount as is done by other Universities.

Member Syndicate informed that the matter can be considered.

**Question No.11** given notice of by Dr. P.J.Jojo was not considered as the member was absent.

**Question No.12** given notice of by Dr. M.G.Sanal Kumar was answered by Sri. M. Sreekumar, Member, Syndicate.

| ചോദ്യം: 12 | **ഡോ.എം.ജി.സനൽകുമാർ** |
|---|---|
| | a. P.G.Paper valuation ന് ചില subject കൾക്ക് ഒരേ Chairman തന്നെ പല വർഷങ്ങളിലും ആവർത്തിച്ചു വരുന്നത് യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?<br>b. P.G. teaching experience ന്റെ അടിസ്ഥാനത്തിൽ seniority അനുസരിച്ച് ഓരോവർഷവും Chairman മാർ റൊട്ടേറ്റുചെയ്യപ്പെടേണ്ടതല്ലേ?<br>c. ഒരു പ്രാവശ്യം Chairman ആയവർക്ക് തുടർ വർഷങ്ങളിലും Chairmanship കൊടുക്കുന്നത് മറ്റുള്ളവരുടെ അവസരം നിഷേധിക്കലല്ലേ?<br>d. 2016 ആഗസ്റ്റ് - സെപ്റ്റംബർ മാസത്തിൽ നടത്തിയ M.Sc. II$^{nd}$ Semester Zoology പരീക്ഷക്ക് University പ്രത്യേകം Board രൂപീകരിച്ചിരുന്നോ? അതോ Chairman ന് Board ലെ Members നെ തീരുമാനിക്കുന്നതിനുള്ള സ്വാതന്ത്ര്യം അനുവദിച്ചിരുന്നോ?<br>e. 2016 ൽ M.Sc. Zoology IV$^{th}$ Semester board ൽ ഉള്ള അതേ അധ്യാപകർതന്നെ II$^{nd}$ Semester ലും എങ്ങനെയാണ് വന്നത്? |
| **ഉത്തരം** | a) ഉണ്ട്.<br>b) അതെ.<br>c) അതെ.<br>d) ഉണ്ട്, അതെ.<br>e) മൂല്യനിർണ്ണയത്തിന് യോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവ്, അവരുടെ പരീക്ഷ/അക്കാദമിക് ചുമതലകൾ/ മറ്റ് അസൗകര്യങ്ങൾ എന്നിവയും answer script ന്റെ എണ്ണത്തിൽ ഉണ്ടായ വർദ്ധനയും കണക്കിലെടുക്കുമ്പോൾ ഓരോ semester പരീക്ഷയ്ക്കും തികച്ചും വ്യത്യസ്തമായ list of examiners തയ്യാറാക്കുന്നത് പ്രായോഗികമല്ല. |

**Question No.13** given notice of by Sri. Manesh.P., was answered by Dr.P.M.Radhamany, Member, Syndicate.

| ചോദ്യം: 13 | **ശ്രീ. മനേഷ്.പി** |
|---|---|
| | കേരള സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെല്ലാം ബിരുദ തലത്തിൽ എൻവയോൺമെന്റൽ സയൻസ് നിർബന്ധിത പഠന വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഉൾപ്പെടുത്താത്തത്?<br>a. കേരള സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ബിരുദ തലത്തിലുള്ള നിർബന്ധിത പരിസ്ഥിതി പഠന വിഷയത്തിൽ പരിസ്ഥിതി ശാസ്ത്ര വിഭാഗത്തിൽ NET/Ph.D യോഗ്യതകൾ കരസ്ഥമാക്കിയവരെ ഒഴിവാക്കി മറ്റു വിഷയങ്ങളിൽ യോഗ്യത നേടിയവരെ അധ്യാപകരായി നിയമിക്കുന്നതിനുള്ള കാരണമെന്ത്?<br>b. കേരള സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലുള്ള നിർബന്ധിത പരിസ്ഥിതി പഠന വിഷയത്തിൽ പരിസ്ഥിതി ശാസ്ത്ര വിഭാഗത്തിൽ NET/Ph.D യോഗ്യതകൾ നേടിയവരെ ഉൾപ്പെടുത്താൻ സർവകലാശാല എന്തെല്ലാം നടപടികൾ സ്വികരിക്കും? |
| **ഉത്തരം** | ഉണ്ട്. ബാധകമല്ല.<br>a) CBCSS പ്രോഗ്രാമുകളുടെ Language/Foundation/Core എന്നിവയിൽ ആണ് Environmental Science ഒരു പാഠ്യവിഷയമായി ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നതെന്നതിനാൽ അതത് വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർ തന്നെയാണ് ഈ വിഷയവും കൈകാര്യം ചെയ്യുന്നത്. എന്നാൽ Environmental Science ഐഛിക വിഷയമായി പഠിപ്പിക്കുന്ന സ്ഥാപനങ്ങളിൽ UGC യോഗ്യത പാലിച്ചാണ് നിയമനം നടത്തുന്നത്.<br>b) നിയമനം നടത്തുന്നതിന് ഇത്തരം തസ്തികകൾ സർക്കാർ അനുവദിച്ച് നൽകേണ്ടതായിട്ടുണ്ട്. |

**Question No.14** given notice of by Dr. B.K.Madhu was answered by Adv.A.A.Rahim, Member, Syndicate.

| ചോദ്യം: 14 | **ഡോ.ബി.കെ.മധു** |
|---|---|
| | കേരള സർവകലാശാലയിലെ അനദ്ധ്യാപക വിഭാഗത്തിൽ തസ്തികമാറ്റം വരുത്താതെ ശമ്പള പരിഷ്ക്കരണം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് എങ്ങനെയാണ് നടത്തിയത്? സർക്കാർ ഉത്തരവുപ്രകാരമുള്ള തസ്തികമാറ്റം നടത്തിയിട്ടുണ്ടോ? തസ്തികമാറ്റം സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് സർക്കാരിൽ നിന്നും കേരള സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ ഉത്തരവ് നാളിതുവരെ പരിഗണിച്ചിട്ടുണ്ടോ? |
| **ഉത്തരം** | GO(P)No.10/2016/Fin തിയതി 21.01.2016 പ്രകാരം യൂണിവേഴ്സിറ്റിയിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇതിനു ശേഷം 28.05.2016 തീയതിയിലുള്ള ഒരു കത്ത് ഗവൺമെന്റ് ഫിനാൻസ് സെക്രട്ടറിയിൽ നിന്നും ലഭിച്ചു. ഇതു പ്രകാരം തസ്തികകൾ പുന:ക്രമീകരിച്ചതിനു ശേഷം മാത്രമേ പേറിവിഷൻ ബാധകമാക്കാവൂ എന്ന് അറിയിച്ചിട്ടുണ്ട്. പുതിക്കിയ ശമ്പളം നൽകിയെങ്കിലും Pay Revision Arrears ഇതുവരെ അനുവദിച്ചു നൽകിയിട്ടില്ല. 21.01.2017 ൽ സിൻഡിക്കേറ്റ് യോഗം തസ്തിക പുന:ക്രമീകരണം നടത്തുവാൻ എടുത്തിട്ടുള്ള നടപടികൾ ഗവൺമെന്റിനെ അറിയിക്കുവാനും arrears രണ്ടു ഗഡുവായി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

**Question No.15** given notice of by Dr. P.Sunil Kumar was answered by Dr.K. Manickaraj, Member, Syndicate.

| ചോദ്യം: 15 | **ഡോ.പി.സുനിൽകുമാർ** |
|---|---|
| | 1. 77-ാമത് ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സുമായി ബന്ധപ്പെട്ട് പ്രതിനിധികൾക്ക് താമസിക്കാനായി എത്ര റൂമുകൾ ബുക്കുചെയ്തു? എവിടെയെല്ലാം?<br>2. മൊത്തം പങ്കെടുത്ത പ്രതിനിധികളുടെ എണ്ണം? അതിൽ എത്രപേർക്ക് താമസ സൗകര്യം ആവശ്യമായിരുന്നു? എത്ര പേർക്ക് താമസ സൗകര്യം നൽകി? |
| **ഉത്തരം** | 1. പ്രതിനിധികളും പ്രത്യേക ക്ഷണിതാക്കളുമടക്കം 1287 പേർക്ക് വിവിധ സ്ഥലങ്ങളിൽ താമസ സൗകര്യമേർപ്പെടുത്തിയിരുന്നു. വിശദവിവരങ്ങൾ മേശപ്പുറത്ത് വച്ചിട്ടുണ്ട്.<br>2. 1255 പ്രതിനിധികൾ സമ്മേളനത്തിൽ രജിസ്റ്റർ ചെയ്തു. |

**Question No.16** given notice of by Adv.Ajikumar was not considered as the member was absent.

**Question No.17** given notice of by Dr. S. Amina was not considered as the member was absent.

**Question No.18** given notice of by Dr. Anil Kumar. S., was answered by Sri.M.Sreekumar, Member, Syndicate.

| ചോദ്യം: 18 | **ഡോ.അനിൽകുമാർ. എസ്** |
|---|---|
| | 1. കേരള യൂണിവേഴ്സിറ്റിയുടെ Paper valuation ന്റെയും Practicals ന്റെയും Chairman മാരെ തിരഞ്ഞെടുക്കുന്നത് ഏത് മാനദണ്ഡം നോക്കിയാണ്?<br>2. Aided College കളിൽ നിന്നും Chairman മാരെ തിരഞ്ഞെടുക്കുമ്പോൾ Inter University Transfer (Act 64) വാങ്ങി Calicut University യിൽ നിന്നും Kerala University യിൽ വരുന്ന അദ്ധ്യാപകർ Junior ആകുകയും ചെയ്യും. എന്നാൽ അവരെ senior ആയി consider ചെയ്യുന്നത് Act 64 ന്റെ violation അല്ലേ? ഇങ്ങനെ വന്ന അദ്ധ്യാപകരെ Chairman (Practical) ആയി തിരഞ്ഞെടുത്തത് ഏത് മാനദണ്ഡം ഉപയോഗിച്ചാണ്?<br>3. Kerala University അദ്ധ്യാപകരുടെ Index Card വാങ്ങി Department wise seniority list ഉണ്ടാക്കിയിട്ടുണ്ടോ? |
| **ഉത്തരം** | 1. കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നിന്നും അയച്ചുതരുന്ന Faculty index പ്രകാരം ഓരോ വിഷയത്തിനും തയ്യാറാക്കുന്ന panel ൽ നിന്നും സീനിയർ അദ്ധ്യാപകനെ rotation അടിസ്ഥാനത്തിൽ ചെയർമാൻ ആയി നിയമിക്കുന്നു.<br>2. കേരള സർവകലാശാല സിൻഡിക്കേറ്റിന്റെ 12.02.2014 ലെ യോഗ തീരുമാനപ്രകാരം കേരള സർവകലാശായിലെ കോളേജുകളിൽ Inter University transfer മുഖേന നിയമനം ലഭിച്ച അദ്ധ്യാപകരുടെ other University Service, അവർ സർവ്വീസ് കാലയള വിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ടെന്ന പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, കേരള സർവകലാശാല പരീക്ഷാ ബോർഡുകളിലെ Chairman/Chief Examiner നിയമനങ്ങൾക്ക് പരിഗണിക്കാവുന്നതാണ്.<br>3. കോളേജുകളിൽ നിന്നും സർവകലാശാലയ്ക്കു നൽകുന്ന faculty index പ്രകാരം അദ്ധ്യാപകരുടെ subject wise seniority list തയ്യാറാക്കിയിട്ടുണ്ട്. |

**Question No.19** given notice of by Dr. M.G.Sanal Kumar was answered by Sri.M.Sreekumar, Member, Syndicate.

| ചോദ്യം: 19 | **ഡോ.എം.ജി.സനൽകുമാർ** |
|---|---|
| | a. University നടത്തുന്ന UG, CBCSS പരീക്ഷകളുടെ Hall ticket കുട്ടികൾക്ക് download ചെയ്തെടുക്കാനുള്ള അനുമതി നൽകാൻ എന്തെങ്കിലും തടസ്സമുണ്ടോ?<br>b. പരീക്ഷയ്ക്കു വേണ്ടി University കുട്ടികളിൽ നിന്നും ഈടാക്കുന്ന ഫീസിൽ നിന്ന് പരീക്ഷാജോലികളുമായി ബന്ധപ്പെട്ട് കോളേജിന് ചെലവാകുന്ന internet charge, paper, hall ticket printing തുടങ്ങിയ ഭീമമായ ചെലവുകൾക്ക് University പ്രത്യേകം അലവൻസ് നൽകുന്നുണ്ടോ? |
| **ഉത്തരം** | a. ഉണ്ട്. തടസ്സം ഒഴിവാകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>b. ഇല്ല. |

**Question No.20** given notice of by Dr. Anil Kumar. S., was answered by Sri.M.Sreekumar, Member, Syndicate.

| ചോദ്യം: 20 | ഡോ.അനിൽകുമാർ. എസ് |
|---|---|
| | യു.ജി.സി 2010 റെഗുലേഷൻ അനുസരിച്ച് Paper Valuation part of duty ആക്കിയിട്ടുണ്ട്. അപ്പോൾ ഒരദ്ധ്യാപകൻ മൂല്യനിർണ്ണയം നടത്തേണ്ട പേപ്പറിന്റെ എണ്ണം ആ ഡിപ്പാർട്ട്മെന്റിന്റെ student strength ആണോ? Paper valuation നടത്തുന്നതിന് duty leave അനുവദിക്കുന്നത് Answer paper collect ചെയ്യുന്നതിനും തിരിച്ച് കൊണ്ടുവന്ന് valuation camp ൽ കൊടുക്കുന്നതിനും മാത്രമാണോ? അങ്ങനെയെങ്കിൽ മൂല്യനിർണ്ണയത്തിന് duty leave അനുവദനീയമല്ലേ? |
| ഉത്തരം | Valuation part of duty ആക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്. Duty leave അനുവദിക്കുന്നത് നിലവിലുള്ള നിയമമനുസരിച്ചാണ്. |

The Vice-Chancellor announced that the time allotted for Question Hour is over and invited the members to present their submissions.

**Submissions:**

**Dr. P. Sunil Kumar**: through his submission raised concern over the denial of approval to teachers and Principals citing that the matter is subjudice. The day-to-day activities of Aided Colleges are adversely affected due to this and has resulted in lack of examiners for paper valuation and to take Chairmanship. Placement promotion are not effected even after uploading of templates for API Score. Hence sought intervention of the Vice-Chancellor in the matter to take a decision exercising his discretionary powers to enable smooth functioning of the Aided Colleges affected by this.

Prof.R.Mohanakrishnan, Convenor, Standing Committee of the Syndicate on Teaching and Non-teaching Staff of Private Colleges informed that the Government of Kerala had adopted the UGC Regulations, 2010 with effect from 18-09-2010 and the Hon'ble High Court in its Judgement dated 23-02-2016 has stated that the UGC Regulations 2010 be implemented with effect from 18-09-2010. The Standing Counsel has opined that all the Universities and affilaiated Colleges are bound to comply with the UGC Regulations 2010 with effect from 18-09-2010. The University is one of the party in the SLP filed in the Hon'ble Supreme Court against the High Court Judgement dated 23-02-2016.

**Consideration of Adjournment Motion**

The Vice-Chancellor informed that adjournment motions have been given notice of by Sri. R.H. Bahul Krishna, Dr. B.K.Madhu, Sri. D. Adarsh Khan & Dr. Cherian John as noted and read out the same.

1. Sri. R.H. Bahul Krishna :- കേരള സർവകലാശാലയിലെ സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക മാനേജ്മെന്റ് പീഡനങ്ങൾ വലിയ പ്രത്യാഘാതങ്ങൾ സമൂഹത്തിൽ ഉണ്ടാക്കിയിരിക്കുന്നതിനാൽ അതിൻമേൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണം എന്ന് ആവശ്യപ്പെടുന്നു.

2. Dr. B.K.Madhu:- കേരള യൂണിവേഴ്സിറ്റിയിലെ അനദ്ധ്യാപകരുടെ തസ്തികമാറ്റം എത്രയും പെട്ടെന്ന് നടത്തണം എന്നാവശ്യപ്പെടുന്നു.

3. Sri. D. Adarsh Khan:- കേരള സർവകലാശാലയിലെ സ്വാശ്രയ ക്യാമ്പസുകളിൽ ഭാവിയിൽ ഇടിമുറികളും മറ്റും ഉയർന്നുവരാൻ സാദ്ധ്യതയുള്ളതു കൊണ്ട് ഇത്തരം മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ വേണ്ട കടുത്ത നിയമനടപടികൾ കൊണ്ടുവരണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

4. Dr. Cherian John:- അദ്ധ്യാപകരുടെ Placement/Promotion - ഉം API Score ലെ അപാകതകളും സംബന്ധിച്ച്

Considering the decision of the majority, the House resolved that the adjournment motion given notice of by Sri. D. Adarsh Khan and seconded by Sri. S. Anil Kumar be taken up for discussion at the time allotted for the purpose in the schedule of business.

***(II) Business brought forward by the Vice-Chancellor and the Syndicate.***

**01. Award of Degrees, Diplomas, Titles and Certificates. (C.E/D.D)**

***The following resolution moved by Sri.M.Sreekumar, Member, Syndicate and Convener, Standing Committee of the Syndicate on Examinations and Students Discipline and seconded by Dr. P. Rajesh Kumar, Member, Syndicate was unanimously adopted by the House.***

"That, all candidates who have passed the various examinations under the different Faculties and also those who carried on research under the prescribed conditions and who have been adjudged worthy, to be awarded the Research Degrees under the various faculties and whom the Syndicate during the period from 5$^{th}$ November, 2016 to 20$^{th}$ February, 2017 on the report of the examiners, has certified to be qualified to receive the respective Titles, Diplomas, Certificates and Degrees and those students of Autonomous Colleges who have successfully completed their course of study and are duly recommended by the Governing Council of the respective Autonomous Colleges during the aforesaid period for award of Degrees be admitted to those Titles, Diplomas, Certificates and Degrees and in token thereof they may be presented with the respective Titles, Diplomas, Certificates and Degrees"

**02. Annual Accounts 2015-'16 – Approval of – reg. (Accounts II)**

As per para 10, Chapter 6 of the Kerala University First Statutes, Syndicate shall consider the Annual Accounts of the University and place it before the Senate, for approval, at the Annual meeting. Annual Accounts approved by the Senate, is to be submitted to the Government for audit and for placing the same on the table of the State Legislative Assembly. The Syndicate at its meeting held on 21-10-2016 and 27-10-2016 vide item No.21.74.01 approved the Annual Accounts for the financial year 2015-2016.

Therefore the Annual Accounts of the University for the financial year 2015-16 was placed before the Senate for consideration and approval.

| The House considered and approved the Annual Accounts for the Financial Year 2015-'16. |
|---|

**03. Regulations for Award of M.Phil Degrees, University of Kerala 2016 – consideration of – reg. (Ac.L)**

The University Grants Commission, notified the U.G.C. (Minimum Standards and Procedures for Award of M.Phil/Ph.D Degree) Regulations, 2016 in the Gazette of India dated 05-07-2016. Sanction was accorded by the Vice-Chancellor, to the UGC Regulations 2016, being implemented w.e.f. 05.07.2016 subject to reporting to the Academic Council as per the U.O.No.Ac.E.1/10685/2016 dated 20.07.2016.

The Standing Committee of the Academic Council framed the draft Regulations for Award of M.Phil. Degrees, University of Kerala, 2016 separately, in line with the UGC Regulations, 2016 and recommended to approve and implement the same.

The Vice-Chancellor, in exercise of the powers conferred under Section 10(13) of the Kerala University Act, 1974, approved the Regulations for award of M.Phil. Degree, University of Kerala 2016 being implemented in the University with effect from 05.07.2016 and U.O.No.Ac.A.II/2016 dated 20.08.2016 was issued in this regard.

The action taken by the Vice-Chancellor in having approved the regulations for award of M.Phil. Degree, University of Kerala 2016 and U.O.No.Ac.A.II/2016 dated 13/01/2017 issued in this regard were reported to the Academic Council held on 4$^{th}$ October 2016 vide Item No.81.

***(Copy of the Regulations is appended herewith).***

The above Regulations for the award of M.Phil. Degree, University of Kerala 2016 was laid before the Senate for consideration and adoption as envisaged under section 39(1) of the Kerala University Act, 1974.

The House considered the matter and resolved to resubmit the same after clarifying the total credits and reconsideration of clauses 3.1, 6.3 and 9.1 of the Regulations with the UGC Regulation, by the Academic Council.

**04. Regulations for the Post Graduate Programmes under Annual Pattern, 2016 – Consideration of – reg. (Ac.L)**

The University had discontinued Private Registration for PG Courses and offered PG Programmes through the School of Distance Education from 2002 admission onwards vide U.O.No.Ac.A.IV/1/019086/2002 dated 23/07/2002. Consequent to the withdrawal of recognition of the SDE for the academic year 2015-16 by the UGC, the Syndicate held on 14/12/2015 resolved that the UG/PG Programmes which do not require laboratory facilities be offered under Private Registration.

The Vice-Chancellor approved the Regulations for the PG courses under annual pattern feasible for Private Registration mode, subject to reporting to the Academic Council.

The action taken by the Vice-Chancellor in having approved the Regulations of the Post Graduate Programmes under the Annual pattern feasible for Private Registration mode and U.O.No.Ac.A.II/1/23958/2016 dated 13/01/2017 issued in this regard were reported to the Academic Council held on 4$^{th}$ October 2016 vide Item No.78.

***(Copy of the Regulations is appended herewith).***

The above Regulations for the Post Graduate Programmes under Annual Pattern, 2016 was laid before the Senate for consideration and adoption as envisaged under section 39(1) of the Kerala University Act, 1974.

**The House considered and approved the Regulations for the Post Graduate Programmes under Annual Pattern, 2016.**

**05. Preliminary Budget Estimates 2017-2018 – Consideration of – reg. (Finance II)**

Adv. K.H. Babujan, Member Syndicate and Convenor, Standing Committee of the Syndicate on Finance presented the Financial Estimates of the University for the year 2017-2018 together with the explanatory memorandum thereon in pursuance of the provisions contained in Section 47(1) and (2) of Chapter VII of the Kerala University Act, 1974 and Statute 10(I) and Chapter VI of the Kerala University Act, 1977. The Budget Speech is appended.

**ആദരണീയനായ സഭാദ്ധ്യക്ഷൻ,**

**ബഹുമാന്യരായ സഭാംഗങ്ങളെ,**

വിശ്വമഹാകവി രബീന്ദ്രനാഥ ടാഗോർ ഗാന്ധിജിയുടെ യർവാദാ ജയിലിലെ നിരാഹാരസമരത്തെ അഭിവാദ്യംചെയ്തുകൊണ്ട് ശാന്തിനികേതനിൽ നടത്തിയ വിഖ്യാതമായ പ്രഭാഷണത്തിൽ ടാഗോർ ഇന്ത്യയുടെ ബാഹ്യ ഭൂപ്രകൃതിയെക്കുറിച്ചും ആന്തര ഭൂപ്രകൃതിയെക്കുറിച്ചും പറയുകയുണ്ടായി. ഒരു രാജ്യത്തിന്റെ ആന്തര ഭൂപ്രകൃതിയിൽ (Inner Geography) അതിന്റെ സംസ്കാരം വിലയം കൊണ്ടുകിടക്കുന്നു. ഒരുനാടിന്റെ സാഹിത്യം, കല, ചിന്ത, സർഗ്ഗാത്മകത ഇതെല്ലാം പൊട്ടിമുളയ്ക്കുന്നതും പടർന്നുപന്തലിക്കുന്നതും അതിന്റെ ആന്തര ഭൂപ്രകൃതിയിലാണ്. ആ നിലയിൽ ചിന്തിക്കുമ്പോൾ നമ്മുടെ കേരളത്തിന്റെ ആന്തര ഭൂപ്രകൃതി എത്ര സമ്പന്നവും എത്ര അസൂയാവഹമായി സുന്ദരവുമാണെന്ന് അഭിമാനത്തോടെ നമുക്ക് ഓർക്കാവുന്നതാണ്. കലകൾ - സാഹിത്യം - തത്വചിന്തകൾ - സർഗാത്മകത അങ്ങനെ സർവ്വാതിശായിയായി ഛത്രചാമരങ്ങൾ വീശിനിൽക്കുകയാണ് നമ്മുടെ നാടിന്റെ ആന്തര ഭൂപ്രകൃതി. കഥകളി - തുള്ളൽ - കൂത്ത് - മോഹിനിയാട്ടം - നാടകം - സാഹിത്യം - ചിത്രകല - സംഗീതം - സിനിമ - ആയുർവേദം - തച്ചുശാസ്ത്രം - സഹസ്ര ദലശോഭയാർന്ന് നിൽക്കു

കയാണ് നമ്മുടെ സംസ്കൃതി തുടികൊട്ടുന്ന കേരളത്തിന്റെ ആന്തര ഭൂപ്രകൃതി. ''മറ്റുള്ളവർക്കായി സ്വയം കത്തിയെരിയുന്ന സുസ്നേഹമൂർത്തിയാം സൂര്യ'' എന്നുപാടി ഭൂമിയെ - പ്രകൃതിയെ - മനുഷ്യനെ - ജീവിതത്തെ - മൂല്യബോധങ്ങളെ ഒക്കെത്തന്നെ നിത്യഭാസുരമായി ശാശ്വതീകരിച്ച, നമ്മുടെ പ്രിയകവി ഒ.എൻ.വി. യുടെ കാവ്യ സങ്കല്പം നമ്മുടെ സർവകലാശാല അതിന്റെ ആത്മാവിൽ മുകരുകയാണ്, ഭാവിയിലേക്ക് കൂടുതൽ കൂടുതൽ പ്രകാശം ചൊരിയാൻ, നമ്മുടെ നാടിന്റെ ആന്തര ഭൂപ്രകൃതിയുടെ ഏറ്റവും ശോഭയാർന്ന സാംസ്കാരിക ചിഹ്നമായ കേരള സർവകലാശാലയുടെ ഈ ബഡ്ജറ്റ് ഞാനവതരിപ്പിക്കുകയാണ്.

**ബഡ്ജറ്റ് സംഗ്രഹം**

കഴിഞ്ഞ സാമ്പത്തികവർഷം (2016-17) പദ്ധതിയേതര ഇനത്തിൽ **382.62 കോടി രൂപ** വരവും **389.08 കോടി രൂപ** ചെലവും **6.46 കോടി രൂപ** കമ്മിയും പ്രതീക്ഷിച്ച ബഡ്ജറ്റാണ് സഭ പാസ്സാക്കിയത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് (2016-17) പ്രകാരം കമ്മി **0.99 കോടി രൂപ**യായി കണക്കാക്കപ്പെടുന്നു.

വരുന്ന സാമ്പത്തിക വർഷം (2017-18) പദ്ധതിയേതര ഇന ത്തിൽ **429.92 കോടി രൂപ** വരവും **433.92 കോടി രൂപ** ചെലവും **4.00 കോടി രൂപ** കമ്മിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് തയ്യാറാ ക്കിയിട്ടുള്ളത്.

(Rupees in Crores)

| Name of Plan | Revised Estimates **2016-17** | Budget Estimates **2017-18** |
|---|---|---|
| Receipts | 357.31 | 429.92 |
| Expenditure | 358.31 | 433.92 |
| Deficit | **-0.99** | **-4.00** |

പട്ടിക - 1 ബഡ്ജറ്റ് സംഗ്രഹം

**2017 - 18 വരവ്**

ഈ സാമ്പത്തികവർഷം പദ്ധതിയേതര ഗ്രാന്റിനത്തിൽ **314.86 കോടി രൂപ**യും യു. ജി.സി പേ റിവിഷൻ നൽകാനായി അധിക ഗ്രാന്റായി **6 കോടി രൂപ**യും ആഭ്യന്തര വരുമാന ഇനത്തിൽ **109.06 കോടി രൂപ**യും ചേർത്ത് ആകെ **429.92 കോടി രൂപ** വരവ് പ്രതീ ക്ഷിക്കുന്നു.

(Rupees in Crores)

| Receipts | Revised Estimates **2016-17** | Budget Estimates **2017-18** |
|---|---|---|
| Block Grant | 256.77 | 314.86 |
| Addl. Grant Expected | 1.00 | 6.00 |
| Internal Revenue | 99.54 | 109.06 |
| **Total** | **357.31** | **429.92** |

പട്ടിക - 2 വരവ്

അടുത്ത സാമ്പത്തികവർഷം (2017-18) ഓരോ വിഭാഗത്തിൽ നിന്നും പ്രതീക്ഷിക്കുന്ന ആഭ്യന്തര വരുമാനം താഴെക്കൊടുത്തിരി ക്കുന്നവിധമാണ്.

(Rupees in Crores)

| Internal Revenue | Revised Estimate **2016-17** | Budget Estimate **2017-18** |
|---|---|---|
| Examinations | 38.58 | 38.30 |
| Academic Departments | 2.46 | 2.69 |
| B. Ed Centres | 2.5 | 3.00 |
| UITs | 12.00 | 14.00 |
| Engineering College | 3.00 | 3.50 |
| UIMs | 2.75 | 3.00 |
| SDE | 3.50 | 7.00 |
| Annual Administration Fees | 2.00 | 3.00 |
| Students Affiliation Fee | 1.25 | 1.50 |
| Online Entrance | 6.00 | 7.00 |
| Other Certificates | 8.50 | 8.86 |
| Lease Income | 1.79 | 1.20 |
| Others | 15.22 | 16.02 |
| **Total** | **99.54** | **109.06** |

പട്ടിക - 3 ആഭ്യന്തര വരുമാനം

വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന്റെ അംഗീകാരം 2017 - 18 അക്കാദമിക് വർഷത്തേക്ക് പുനഃസ്ഥാപിച്ചുകിട്ടിയിട്ടുണ്ട്.

ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് B. Tech. കോഴ്സുകൾ മാറിയതുമൂലം അടുത്ത വർഷം മൂന്നും നാലും വർഷത്തെ ബാച്ച് മാത്രമാണ് യൂണിവേഴ്സിറ്റിയിൽ തുടരുക.

**2017 - 18 ചെലവ്**

അടുത്ത സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന പ്രധാന ചെലവുകൾ താഴെ കൊടുത്തിരിക്കുന്ന വിധമാണ്.

(Rupees in Crores)

| Expenditure | Revised Estimate **2016-17** | Budget Estimate **2017-18** |
|---|---|---|
| Pay and Allowance | 119.29 | 168.36 |
| Pay of Contingent / Contract Staff | 37.47 | 35.14 |
| Pensionary Emoluments | 118.33 | 133.19 |
| Examination Contingencies | 26.28 | 24.31 |
| Grants and Scholarships | 7.22 | 7.25 |
| Works | 13.15 | 14.50 |
| New Development Programmes | 3.92 | 4.50 |
| Pension Fund | 5.00 | 5.00 |
| Recupment to PF Funds | 3.00 | 0.00 |
| UGC Pay Revision arrears | 0.00 | 6.00 |
| Other contingencies / Routine Expenditure | 24.65 | 35.67 |
| **Total** | **358.31** | **433.92** |

പട്ടിക - 4 ചെലവ്

**ശമ്പള പരിഷ്കരണം**

പത്താം ശമ്പള പരിഷ്കരണത്തിന്റെ ഫലമായി ജീവനക്കാർക്കും പെൻഷൻകാർക്കുമായി കുടിശ്ശിക നൽകുന്നതിന് ഏകദേശം **60 കോടി** രൂപയാണ് ആവശ്യമുള്ളത്. ഇതിൽ **30 കോടി** നടപ്പുവർഷ ത്തിൽത്തന്നെയും ശേഷിക്കുന്ന തുക 2017-18 വർഷ വുമായി കൊടുത്തുതീർക്കും. ഇതിനാവശ്യമായ തുക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**പെൻഷൻ**

പത്താം ശമ്പള കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കിയ തോടുകൂടി ശമ്പളം, പെൻഷൻ എന്നിവയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പെൻഷൻ ഇനത്തിലുള്ള ചെലവ് ഗണ്യമായി ഉയർന്നുവരുന്നുണ്ട്. മൊത്തം ചെലവിന്റെ ഏകദേശം മൂന്നിലൊന്ന് പെൻഷൻ ആനുകൂല്യങ്ങൾക്കായി വേണ്ടിവരുന്നു. കഴിഞ്ഞ 5 വർഷമായി ഈ ഇനത്തിലുള്ള ചെലവ് താഴെക്കൊടുത്തിരിക്കുന്നു. (പട്ടിക - 5)

(Rupees in Crores)

| Year | Expense |
|---|---|
| 2012 - 13 | 60.80 |
| 2013 - 14 | 67.32 |
| 2014 - 15 | 77.00 |
| 2015 - 16 | 82.36 |
| 2016 - 17 (RE) | 118.33 |
| 2017-18 (BE) | 133.19 |

പട്ടിക - 5 പെൻഷൻ

പെൻഷൻ നൽകേണ്ടവരുടെ എണ്ണം നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണത്തിന്റെ ഏകദേശം രണ്ടര ഇരട്ടിയിലധിമായി.

**പദ്ധതി വിഹിതം (പ്ലാൻ)**

(Rupees in Crores)

| Year | Allotted | Received |
|---|---|---|
| 2007-08 | 4.75 | 4.75 |
| 2008-09 | 5.50 | 5.50 |
| 2009-10 | 6.50 | 6.50 |
| 2010-11 | 10.00 | 10.00 |
| 2011-12 | 12.00 | 12.00 |
| 2012-13 | 17.00 | 17.00 |
| 2013-14 | 20.00 | 20.00 |
| 2014-15 | 21.50 | 16.13 |
| 2015-16 | 22.00 | 21.84 |
| 2016-17 | 24.60 | 17.80 |

**പദ്ധതിയേതര വിഹിതം (നോൺ പ്ലാൻ)**

(Rupees in Crores)

| Year | Rupees |
|---|---|
| 2012-13 | 110.99 |
| 2013-14 | 142.65 |
| 2014-15 | 171.18 |
| 2015-16 | 205.42 |
| 2016-17 | 256.77 |

**സ്ഥിതിവിവരങ്ങൾ**

സർവകലാശാലക്ക് കീഴിലുള്ള സ്ഥാപനങ്ങൾ താഴെക്കൊടുക്കുന്ന പ്രകാരമാണ്.

**എ. ടീച്ചിംങ് ഡിപ്പാർട്ട്മെന്റ് / സെന്ററുകൾ**

വിവിധ ഡിപ്പാർട്ട്മെന്റുകൾ / സെന്ററുകൾ / കോൺസ്റ്റിറ്റ്യൂന്റ് കോളേജ് വിഭാഗങ്ങളിലായി 124 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

| Department / Centres / Constituent Colleges | Number |
|---|---|
| PG and Research Departments | 43 |
| Centres | 44 |
| UIT and UIM | 24 |
| Teacher Education Centres | 10 |
| College of Engineering | 1 |
| UGC - Human Resource Development Centre | 1 |
| Malayalam Lexicon | 1 |
| Total | 124 |

**ബി. അഫിലിയേറ്റഡ് കോളേജുകൾ**

എഞ്ചിനീയറിംഗ് കോളേജുകൾ ഒഴികെ 181 അഫിലിയേറ്റഡ് കോളേജുകൾ സർവകലാശാലക്കു കീഴിൽ പ്രവർത്തിക്കുന്നു.

| Sl. No. | Institution | Number |
|---|---|---|
| 1. | Arts and Science Colleges | 102 |
| 2. | Engineering and Architecture Colleges | (Transferred to TU) |
| 3. | Teacher Education Colleges | 49 |
| 4. | MCA / MBA Colleges | 15 |
| 5. | Law Colleges | 6 |

| | | |
|---|---|---|
| 6. | Hotel Management Colleges | 3 |
| 7. | Music and Fine Arts Colleges | 3 |
| 8. | Physical Education Colleges | 1 |
| 9. | Special Education Colleges | 1 |
| 10. | Fashion Technology Colleges | 1 |
| | **Total** | **181** |

ഇതു കൂടാതെ ഇപ്പോൾ നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ അടുത്ത അദ്ധ്യയനവർഷത്തോടെ പൂർണ്ണമായും ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് മാറും.

**സി. സർവീസ് സെന്ററുകൾ**

സർവകലാശാലയോടനുബന്ധിച്ച് വിവിധ സേവനങ്ങൾ നൽകുന്ന 16 സർവീസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

| Sl. No. | Service Centre | Number |
|---|---|---|
| 1. | Library | 2 |
| 2. | Health Centre | 2 |
| 3. | Computer Centre | 1 |
| 4. | Printing Press | 1 |
| 5. | Sophisticated Instrumentation and Computation Centre | 1 |
| 6. | Engineering Unit | 1 |
| 7. | Students Services Department | 1 |
| 8. | Physical Education Department | 1 |
| 9. | Publication Department | 1 |
| 10. | Employment Information and Guidance Bureau | 1 |
| 11. | Placement Cell | 1 |
| 12. | Finishing School | 1 |
| 13. | IQAC Cell | 1 |
| | **Total** | **15** |

## പുതിയ പദ്ധതികൾ

**1. കാര്യവട്ടം കാമ്പസ് മികവിന്റെ കേന്ദ്രമാക്കാൻ 300 കോടി യുടെ കർമ്മ പദ്ധതി**

കേരള സർവകലാശാലയുടെ അക്കാദമിക് - ഗവേഷണ കേന്ദ്രമായ കാര്യവട്ടം കാമ്പസ് മികവിന്റെ കേന്ദ്രമായി ഉയർത്താനുള്ള സമഗ്ര പദ്ധതി നടപ്പിലാക്കും. കേരള സർക്കാർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിങ്ങിനായി രൂപീകരിച്ച 'കിഫ്ബി' യിൽ ഉൾപ്പെടുത്തി **300 കോടി രൂപ** ഇതിനായി ലഭ്യമാക്കും. ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുക, ആധുനിക നിലവാരമുള്ള ക്ലാസ്മുറികൾ, സെമിനാർ ഹാളുകൾ, ഹോസ്റ്റലുകൾ, ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ഡിജിറ്റൽ സൗകര്യമുള്ള ലൈബ്രറികൾ, കാമ്പസ് സൗന്ദര്യവത്കരണം തുടങ്ങി വിപുലമായ വികസന പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. ലോകോത്തര നിലവാരമുള്ള കാമ്പസാക്കി കാര്യവട്ടം കാമ്പസിനെ മാറ്റുക എന്നതാണ് ലക്ഷ്യം. ഭൗതിക സാഹചര്യങ്ങൾക്കു പുറമെ അക്കാദമിക രംഗത്തും ഈ മാറ്റം പ്രകടമാകും. പദ്ധതി നടപ്പാക്കുന്ന തോടൊപ്പം ആവശ്യമായ പുതിയ തസ്തികകളും സൃഷ്ടിക്കുന്നതാണ്.

പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് കാമ്പസിലെ അക്കാദമിക സമൂഹമായിരിക്കും. ഓരോ ഡിപ്പാർട്ട്മെന്റും പ്രത്യേകം ശില്പശാല നടത്തി പദ്ധതികൾക്ക് രൂപം നൽകണം. വിദ്യാർത്ഥികൾക്ക് ഡിപ്പാർട്ട്മെന്റ് തലത്തിലും വിദ്യാർത്ഥിയൂണിയൻ എന്ന നിലയിലും നിർദ്ദേശങ്ങൾ സമർപ്പിക്കാം. നിർദ്ദേശിക്കപ്പെടുന്ന പദ്ധതികൾക്ക് സാങ്കേതിക വിദഗ്ദരുടെ സഹായത്തോടെ പൂർണ്ണരൂപം നൽകി നടപ്പിലാക്കും.

**1 a) കേരള ഗ്രാമം**

ഐക്യകേരളം രൂപംകൊണ്ടിട്ട് 60 വർഷമായി. ഷഷ്ടിപൂർത്തി വർഷത്തിൽ മലയാളികൾക്കും ലോകജനതയ്ക്കുമായി സമർപ്പിക്കുന്ന ഏറ്റവും വലിയ സംഭാവനയാണ് കേരള ഗ്രാമം. അന്താരാഷ്ട്ര കേരള പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലാണ് കേരള ഗ്രാമം പദ്ധതി നടപ്പിലാക്കുക. പൈതൃക മന്ദിരങ്ങളുടെ പുനഃസൃഷ്ടി, പരമ്പരാഗത വാഹനങ്ങളുടെ പ്രദർശനം, പുരാവസ്തുക്കളുടെ ശേഖരണം, പരമ്പരാഗത നടപ്പാതകളുടെ പുനഃസൃഷ്ടി, ജലപദ്ധതികൾ, തീയേറ്ററുകൾ, ലാൻഡ്സ്കേപ്പിംഗ് എന്നിവയോടെ പൈതൃകഗ്രാമം തയ്യാറാക്കും. കേരളത്തിന്റെ ചരിത്ര സ്മൃതികളിലൂടെയുള്ള ഒരു യാത്രയാണ് കേരള ഗ്രാമത്തിൽ സാധ്യമാകുന്നത്. കാര്യവട്ടം കാമ്പസിലാണ് പദ്ധതി ലക്ഷ്യമിടുന്നത്. കേരള സർവകലാശാല വിവിധ പഠന വകുപ്പുകളുടെ സഹായത്തോടെ അക്കാദമിക് ടൂറിസം നടപ്പിലാക്കും. ഇതിനായി വിവിധ കാലയളവിലുള്ള കോഴ്സുകൾ ആരംഭിക്കും. വിദേശ വിദ്യാർത്ഥികളെ ഉൾപ്പടെ ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കും.

**1 b) ബൊട്ടാണിക്കൽ ഗാർഡൻ**

ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ലോകോത്തര നിലവാരമുള്ള ബൊട്ടാണിക്കൽ ഗാർഡൻ നിർമ്മിക്കും. പഠനത്തിനും ഗവേഷണത്തിനും അക്കാദമിക് ടൂറിസത്തിനും പ്രാമുഖ്യം നൽകുന്ന പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. മേൽ സൂചിപ്പിച്ച സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയായിരിക്കും ബൊട്ടാണിക്കൽ ഗാർഡൻ നിർമ്മിക്കുക.

മുകളിൽ പറഞ്ഞ മൂന്ന് പദ്ധതികളുടെയും നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് വിദഗ്ദ്ധ ഏജൻസിയെ ചുമതലപ്പെടുത്തും. ഇതിലേക്കായി **15 ലക്ഷം രൂപ** വകയിരുത്തുന്നു.

ഈ പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക സംവിധാനങ്ങൾ ഉപയോഗിച്ച് ആയിരിക്കും.

## 2. ബാച്ചിലേഴ്സ് ഹോസ്റ്റലും ക്വാർട്ടേഴ്സ് നവീകരണവും

പി. എസ്. സി. നിയമനം സാധ്യമായതുവഴി വിദൂരസ്ഥലങ്ങളിൽനിന്നടക്കം ധാരാളം ജീവനക്കാർ സർവ്വീസിൽ കടന്നു വരുന്നുണ്ട്. എന്നാൽ മറ്റുജില്ലകളിൽനിന്നും അന്യ സ്ഥലങ്ങളിൽനിന്നും സർവകലാശാല സർവീസിൽ കടന്നുവരുന്ന ജീവനക്കാർ മതിയായ താമസസൗകര്യം ലഭിക്കാതെ ബുദ്ധിമുട്ടുന്നുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് കാര്യവട്ടം കാമ്പസിൽ ജീവനക്കാർക്കായി ഒരു ബാച്ചിലേഴ്സ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ആദ്യഘട്ടമായി 50 പേർക്കെങ്കിലും താമസസൗകര്യമൊരുക്കുന്ന രീതിയിലുള്ള ബാച്ചിലേഴ്സ് ഹോസ്റ്റൽ, ക്വാർട്ടേഴ്സുകൾ എന്നിവയുടെ നിർമാണത്തിനും നിലവിലുള്ള ക്വാർട്ടേഴ്സുകളുടെ നവീകരണ ത്തിനുമായി **2 കോടി രൂപ** വകയിരുത്തുന്നു.

## 3. ജീവനക്കാർക്കുള്ള ഭക്ഷണമുറി നവീകരണം

ആയിരത്തിൽപ്പരം ജീവനക്കാർ ജോലിചെയ്യുന്ന പാളയം കാമ്പസിൽ നിലവിലുള്ള ഡൈനിംഗ് ഹാൾ വളരെ ശോചനീയാവസ്ഥയിലാണ്. ജീവനക്കാർ ഫയലുകൾക്കിടയിലിരുന്ന് ഉച്ചഭക്ഷണം കഴിക്കുന്ന രീതിയാണ് കണ്ടുവരുന്നത്. ഈ സാഹചര്യം കണക്കിലെടുത്ത് പാളയം കാമ്പസ്സിലെ നിലവിലുള്ള കാന്റീൻ കെട്ടിടം നവീകരിച്ച് മികച്ച രീതിയിലുള്ള ഡൈനിംഗ് ഹാൾ സൗകര്യപ്പെടു ത്തുന്നതിലേക്കായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

## 4. മാലിന്യ നിർമാർജ്ജനം

പരിസ്ഥിതി സംരക്ഷണത്തിന് ഏറ്റവും അത്യാവശ്യമായി പരിഗണിക്കപ്പെടേണ്ടുന്ന ഘടകമാണ് മാലിന്യസംസ്കരണം. സർവകലാശാലയുടെ പാളയം, കാര്യവട്ടം കാമ്പസ്സുകളിൽ മാലിന്യ സംസ്കരണത്തിന് 'ഉറവിട മാലിന്യ സംസ്കരണ പദ്ധതി'യനുസരിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിക്കും. അതുപോലെതന്നെ സർവകലാശാലയുടെ കാമ്പസുകൾ പ്ലാസ്റ്റിക് മാലിന്യമുക്തമാ ക്കുകയും ചെയ്യും. ഈ പദ്ധതികൾക്കായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

## 5. റിക്കോർഡ്സ് റൂം സജ്ജീകരിക്കൽ

സർവകലാശാലയിൽ റിക്കോർഡുകൾ ഫലപ്രദമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവി ലില്ലാത്തത് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് നിലവിൽ റിക്കാർഡ്സ് വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടം വിപുലീകരിച്ച് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊണ്ട് ഫലപ്രദവും കുറ്റമ റ്റതുമായ റിക്കോർഡ്സ് വിഭാഗം ഒരുക്കുന്നതിലേക്കായി **പത്തുലക്ഷം രൂപ** വകയിരുത്തുന്നു.

## 6. ജീവനക്കാർക്കായി മാനവശേഷി വികസനകേന്ദ്രം

സർവകലാശാല ജീവനക്കാർക്ക് സർവകലാശാല നിയമങ്ങളിലും ഭരണ കാര്യങ്ങളിലും കൃത്യമായ പരിശീലനം നൽകുന്നതിനുള്ള സംവിധാനം നിലവിലില്ല. പുതുതായി സർവ്വീസിൽ കടന്നുവരുന്ന വർ ഉൾപ്പെടെയുള്ള സർവകാലശാല ജീവനക്കാർക്ക് സർവീസ് വിഷയങ്ങൾ, ഭരണകാര്യങ്ങൾ, സർവകലാശാല നിയമങ്ങളും ചട്ടങ്ങളും ആധുനിക സാങ്കേതികവിദ്യ എന്നിവയിലടക്കം കാലാകാ ലങ്ങളിൽ പരിശീലനം നൽകുന്നതിലേക്കായി ഐ. എം. ജി. മാതൃകയിൽ മാനവശേഷി വികസന കേന്ദ്രം ആരംഭിക്കുന്നതിലേക്കായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

## 7. സർവകലാശാല പ്രസിന് പുതിയ കെട്ടിടം

സർവകലാശാല പ്രസിന് ഒരു പുതിയ കെട്ടിടം നിർമിക്കുന്നതിന് ആവശ്യമായ തുക വകയിരു ത്തുന്നു. ആധുനിക സംവിധാനങ്ങൾ സ്ഥാപിച്ചും ആവശ്യമായ സ്ഥിരം ജീവനക്കാരെ നിയമിച്ചും പ്രസ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും. ഇതുവഴി സർവകലാശാലയുടെ മുഴുവൻ അച്ചടിജോ ലികളും നിർവഹിക്കുന്നതോടൊപ്പം കേരളത്തിലെ ഇതര സർവകലാശാലകളുടെയും വിദ്യാ ഭ്യാസ സ്ഥാപനങ്ങളുടെയും അച്ചടി ജോലികൾകൂടി ഏറ്റെടുക്കുവാൻ നമ്മുടെ പ്രസ്സിനെ പ്രാപ്ത

മാക്കും. പ്രസ്സിന് കെട്ടിടം നിർമ്മിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും ആദ്യഘട്ടമായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

## 8. Centre for Academic and Industrial Collaboration

സർവകലാശാലയിലെ അക്കാദമിക ഗവേഷണ രംഗങ്ങളിൽ രാജ്യത്തിനകത്തും പുറത്തുമുള്ള സർവകലാശാലകളുമായുള്ള സംയുക്ത സംരംഭങ്ങൾ ആവിഷ്കരിക്കാനും ആധുനിക വ്യവസായ സ്ഥാപനങ്ങളുമായി വിദ്യാർത്ഥികളെ ബന്ധപ്പെടുത്തുവാൻ Credit Transfer ഉൾപ്പെടെയുള്ള വിദ്യാർത്ഥി - വിനിമയ പരിപാടികൾ (Student Exchance Programme) കൂടുതൽ കാര്യക്ഷമമാക്കുവാനും, സർവകലാശാലാ തലത്തിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തും. Research and Consultancy പ്രവർത്തനങ്ങൾ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുവാൻ ഈ പദ്ധതിക്കായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

## 9. UIT - UIM - KUCTE

**ഹെഡ്ക്വാർട്ടർ**

യു. ഐ. ടി., യു.ഐ.എം. സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിനും അവയെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും ദീർഘകാല പദ്ധതിക്ക് രൂപം നൽകും. ഇതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പാളയം കാമ്പസിൽ ഹെഡ്കോർട്ടർ സ്ഥാപിക്കും. പൂർണ്ണ സമയ ഡയറക്ടറുടെ സേവനവും മറ്റ് കൺസൾട്ടൻസികളുടെ സേവനവും പ്രയോജനപ്പെടുത്തും. ഭൗതികസാഹചര്യങ്ങൾ വികസിപ്പിക്കുക അക്കാദമിക നിലവാരമുയർത്തുക Placement Career Training പദ്ധതികൾക്ക് പ്രാമുഖ്യം നൽകുക തുടങ്ങി UIT - UIM - KUCTE കേന്ദ്രങ്ങളെ വികസിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതിക്ക് നേതൃത്വം നൽകുകയാണ് ഇതിന്റെ ലക്ഷ്യം.

**വികസനപദ്ധതികൾ**

**യു. ഐ. ടി./ യു. ഐ. എം. / കെ. യു. സി. ടി. ഇ.:** സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള യു. ഐ. ടി./ യു. ഐ. എം. / കെ. യു. സി. ടി. ഇ. തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും വികസനത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**10.** **ഇന്റഗ്രേറ്റഡ് എം. സി. എ. പ്രോഗ്രാം:** സർവകലാശാലയുടെ കീഴിൽ വിവിധ കോളേജുകളിൽ ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽ ഉന്നത തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ഇന്റഗ്രേറ്റഡ് എം. സി. എ. പ്രോഗ്രാം ആരംഭിക്കും.

## 11. എം. എ. മ്യൂസിയോളജി കോഴ്സ്

പൈതൃക സംരക്ഷണത്തിന്റെ ഭാഗമായി പഠനം നടത്താനും വിദഗ്ദ്ധരെ സൃഷ്ടിക്കാനുമായി രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ ആഭിമുഖ്യത്തിൽ എം. എ. മ്യൂസിയോളജി കോഴ്സ് ആരംഭിക്കുന്നതാണ്. ഇതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

## 12. CLDD

യു. ജി. സി. /കേന്ദ്രസർക്കാർ സഹായത്തോടുകൂടി ഏകദേശം **5.37 കോടി രൂപ** ചെലവിൽ Centre for Learning Disa-bilities and Difficulties (CLDD) സ്ഥാപിക്കുവാൻ വിഭാവനം ചെയ്യുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ **5 ലക്ഷം രൂപ** വകയിരുത്തുന്നു. ഭിന്നശേഷിയുള്ളവർക്ക് സർവകലാശാലയിൽ ആവശ്യമായ ലിഫ്ട്, റാംപ്, വാഷ് റൂം എന്നിവ ഒരുക്കുന്നതാണ്.

## പുതിയ നിർമാണങ്ങൾ/നവീകരണ പ്രവർത്തനങ്ങൾ

1. **ചാൻസലേഴ്സ് മൾട്ടിപ്ലക്സ്:** ചാൻസലേഴ്സ് അവാർഡായി ലഭിച്ച **5 കോടി രൂപ** കൂടി ഉൾപ്പെടുത്തി കാര്യവട്ടം കാമ്പസിൽ ഒരു ചാൻസലേഴ്സ് മൾട്ടിപ്ലക്സ് നിർമ്മിക്കും. ഇതിൽ ഹെറിറ്റേജ് മ്യൂസിയം, മൾട്ടി ഡിസിപ്ലിനറി റിസർച്ച് സെന്റർ എന്നിവ ഉൾപ്പെടും.

2. **സ്റ്റുഡന്റ് അമിനിറ്റി സെന്റർ & ഫ്രണ്ട് ഓഫീസ്:** യൂണിവേഴ്സിറ്റിയിൽ എത്തുന്ന വിദ്യാർത്ഥികൾക്ക് വിവിധ സേവനങ്ങൾ ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുന്നതിനായി സ്റ്റുഡന്റ് അമിനിറ്റി സെന്റർ & ഫ്രണ്ട് ഓഫീസിന്റെ പണി ഏകദേശം പൂർത്തിയായി കഴിഞ്ഞു. അനുബന്ധ സൗകര്യങ്ങൾ പൂർത്തീകരിക്കുന്നതിലേക്കായി അടുത്തവർഷം **2.80 കോടി രൂപ** വകയിരുത്തുന്നു.
3. **കാമ്പസ് ബ്യൂട്ടിഫിക്കേഷൻ:** സെനറ്റ് ഹൗസ് കാമ്പസിന്റെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി കാമ്പസ് ബ്യൂട്ടിഫിക്കേഷൻ നടത്തുന്നതിലേക്കായി ബജറ്റിൽ **50 ലക്ഷം രൂപ** മാറ്റി വയ്ക്കുന്നു.
4. **സ്റ്റുഡന്റ്സ് ഹോസ്റ്റൽ:** വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിലേക്കുമായി **2 കോടി രൂപ** നീക്കിവയ്ക്കുന്നു.
5. **പുതിയ ഓഫീസ് മന്ദിരം:** പാളയം കാമ്പസിൽ പുതിയ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിലേക്കായി **2.50 കോടി രൂപ** ഉൾക്കൊള്ളിച്ചിട്ടുണ്ട്.
6. **കുടിവെള്ള ശൃംഖല:** പാളയം/കാര്യവട്ടം കാമ്പസുകളിൽ കുടിവെള്ള ശൃംഖലയുടെ നവീകരണത്തിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.
7. മൈനർ വർക്കുകൾക്കും അറ്റകുറ്റ പണികൾക്കുമായി **2 കോടി രൂപ** ഉൾക്കൊള്ളിച്ചിട്ടുണ്ട്.
8. സെനറ്റ് ഹൗസ് കാമ്പസിലെ റോഡുകൾ നവീകരിക്കുന്നതിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

## വികസന പദ്ധതികൾ

**1. പ്ലാൻ ഫണ്ട്**

**2017-18 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന പദ്ധതികൾ**

a. **Mineral Reosurce Laboratory:** വ്യാവസായികമായി വളരെയധികം പ്രാധാന്യമുള്ള ധാതു വിഭവങ്ങളാൽ സമ്പുഷ്ടമാണ് കേരളം. ഗവേഷണ ആവശ്യങ്ങൾക്ക് ധാതുക്കളുടെ മൂല്യനിർണ്ണയം നടത്തുന്നതിനും Benchtop X-Ray Florescence Spectroscope, Sample preparation equipments എന്നിവയുടെ സേവനം ഉറപ്പുവരുത്തുന്ന ഒരു ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിലേക്കുമായി കേന്ദ്ര സർക്കാരിന്റെ National Mineral Policy യുടെ ഭാഗമായി ഒരു Mineral Reosurce Laboratory ജിയോളജി വകുപ്പിൽ സ്ഥാപിക്കുന്നതിലേക്ക് **1 കോടി 25 ലക്ഷം** രൂപ വകയിരുത്തുന്നു.

b. **Advanced Nanophotonics Laboratory:** ആധുനിക ചികിത്സാരീതികളിൽ രോഗനിർണ്ണയത്തിനും നൂതന ആശയവിനിമയ സംവിധാനങ്ങൾക്കും വളരെയധികം ഉപയോഗപ്രദമായ മേഖലയാണ് Nanophotonics LEDs, OLED, Near Field Optics, Photovoltaic Cells എന്നിവയുടെ ഉദ്പാദനത്തിലും Nanophotonics ന് വളരെയധികം സ്വാധീനമുണ്ട്. കാര്യക്ഷമത, താപ പ്രതിരോധശേഷി എന്നിവ Nanophotonic വസ്തുക്കളുടെ സവിശേഷതയാണ്. ഒപ്റ്റോ ഇലക്ട്രോണിക് വകുപ്പിൽ Advanced Nanophotonics Laboratory for Device Applications അഞ്ചാംഘട്ടം നടപ്പാക്കുന്നതിലേക്കായി **41.50 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു **.**

c. **Study of Sacred Medicinal Plants:** ശംഖുപുഷ്പത്തിന്റെ ഔഷധമൂല്യത്തെക്കുറിച്ചുള്ള പഠനത്തിന് കമ്പ്യൂട്ടേഷണൽ ബയോളജി & ബയോ ഇൻഫർമാറ്റിക്സ് വകുപ്പിന്റെ പദ്ധതിയിലിലേക്ക് **42.80 ലക്ഷം** രൂപ വകയിരുത്തുന്നു.

d. **Raman Spectrometer:** ഉൾപ്പെടെ ഒരു 2D Materials Laboratory ഫിസിക്സ് വകുപ്പിൽ സ്ഥാപിക്കുന്നതിന്റെ ഒന്നാം ഘട്ടത്തിനായി 1 കോടി 80 ലക്ഷം രൂപയും Novel Luminescent Light Emitting Diodes വികസിപ്പിക്കുന്നതിലേക്കായി **75 ലക്ഷം രൂപയും** വകയിരുത്തിയിട്ടുണ്ട്.

e. **Biodiversity Conservation Centre:** പശ്ചിമഘട്ട മലനിരകളിൽ കാണപ്പെടുന്ന അറിയപ്പെടാത്തതും അനന്ത സാധ്യതകളുമുള്ളതുമായ അലങ്കാര സസ്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും പഠനം നടത്തുകയും ഏകദേശം നൂറോളം ഇനങ്ങളെ ഉൾക്കൊള്ളിച്ച് ഒരു ജീൻ ബാങ്ക് (Biodiversity Conservation Centre) രൂപീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി ബോട്ടണി വകുപ്പിന് **1 കോടി 39 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

f. **Digitization of ORI & MSS Library:** ലോകോത്തര നിലവാരത്തിലുള്ള ഒരു താളിയോല ഗ്രന്ഥശാല കേരള സർവകാലശാലയ്ക്കുണ്ട്. ഈ താളിയോലഗ്രന്ഥങ്ങളുടെ Digitization നുവേണ്ടി **1 കോടി 10 ലക്ഷം രൂപ** അനുവദിക്കുന്നു. ഇ-ലൈബ്രറിയുടെ രൂപീകരണം ഗവേഷണ മേഖലയക്ക് ഏറെ ഫലപ്രദമാണ്. ഇതിലൂടെ ORI & MSS ലൈബ്രറിയുടെ ആപ്തവാക്യം 'Save manuscript Save the Past for the Future' യാഥാർത്ഥ്യമാവുന്നു.

g. **ലാബുകളുടെ നവീകരണം:** സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലെ ലാബുകളുടെ നവീകരണത്തിനും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണത്തിനുമായി **4 കോടി 50 ലക്ഷം രൂപ** താഴെപ്പറയുംപ്രകാരം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1. ആർക്കിയോളജി വകുപ്പിൽ 3D Laser Scanner Equip-ment വാങ്ങുന്നതിന് **58 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.
2. നാനോ സയൻസ് വകുപ്പിൽ Research Lab & M. Sc. Lab നുവേണ്ടി **65 ലക്ഷം രൂപ** വകയിരുത്തുന്നു.
3. പരിസ്ഥിതി ശാസ്ത്ര വകുപ്പിൽ DRX hand held Model & Shaking Incubator വാങ്ങുന്നതിന് **14 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.
4. ഒപ്റ്റോ ഇലക്ട്രോണിക്സ് വകുപ്പിൽ upgradation of M. Tech. Lab നു വേണ്ടി **80 ലക്ഷം രൂപ** വകയിരുത്തുന്നു.
5. അക്വാട്ടിക് ബയോളജി വകുപ്പിൽ Establishment of Hatchery & Aquaculture Incubator വാങ്ങുന്നതിന് **37 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.
6. ബയോ ടെക്നോളജി വകുപ്പിൽ Spectro Fluro meter & Micro Plate Reader വാങ്ങുന്നതിന് **32 ലക്ഷം രൂപ** വകയിരുത്തുന്നു.
7. മറ്റ് വിവിധ പഠന വകുപ്പുകളിലേയ്ക്ക് മൈനർ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി **1 കോടി 64 ലക്ഷം രൂപ** ഉൾപ്പെടുത്തിയിട്ടുണ്ട്.

## 2. Kerala Infrastructure Investment Fund Board (KIIFB) മുഖേനയുള്ള പദ്ധതികൾ

അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ രൂപീകരിച്ച (KIIFB) യുടെ സാമ്പത്തിക സഹായത്തോടുകൂടി താഴെപ്പറയുന്ന പദ്ധതികൾ ഒന്നാംഘട്ടത്തിൽ നടപ്പിലാക്കും.

a. സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റേഷൻ ആന്റ് കമ്പ്യൂട്ടേഷൻ സെന്റർ (SICC) ലേക്കുള്ള പ്രധാന ഉപകരണങ്ങൾ.

| Sl. No. | Name of the Equipment | Price (Rs. in Lakhs) |
|---|---|---|
| 1. | HR TEM (High Resolution Transmission, Electron Microscope) | 600 |
| 2. | High-Performance Thin-Layer Chromatography (HPTLC) | 150 |
| 3. | Microwave extraction system | 20 |
| 4. | Field Portable Photosynthesis Unit (Infra Red Analyzer ) | 35 |
| 5. | Freeze Dry System with dual (Two Stage) refrigeration 4.5 L Condenser Temperature -80°C | 15 |
| 6. | Gel electrophoresis and Documentation System | 1.5 |
| 7. | Fluorescence microscope | 30 |
| 8. | Multiples Spectrophotometer | 30 |
| 9. | Deep Freezers | 10 |
| 10. | Laminar Air Flow chamber | 1.5 |
| 11. | Z Scan set up with DPSS Laser | 8 |
| 12. | Three Axis CNC Turning machine, Three Axis CNC milling machine, Hydraulic Cutter/Hole Puncture Magnetic Chuck for Grinder, Industrial RO water, Type 1 water unit | 95 |

| | | |
|---|---|---|
| 13 | ASE System (Accelerated Solvent Extracted System | 20 |
| 14 | Fluorescence Lifetime System (Time-Correlated Single Photon Counting (TCSPC) system) | 160 |
| 15 | Molecular Drug Docking Facility | 60 |
| | **Total** | **Rs. 1236** |

കൂടാതെ വിവിധ വകുപ്പുകളിലേക്ക് താഴെപ്പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനായി **രണ്ടു കോടി 79 ലക്ഷം രൂപയും** വകയിരുത്തിയിട്ടുണ്ട്.

a. കമ്പ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോ ഇൻഫൊർമാറ്റിക്സിൽ Autoclave, Laminar Air flow, Water Purification System, Miscellaneous small Equipments എന്നിവ വാങ്ങുന്നതിന് **10 ലക്ഷം രൂപ.**

b. പരിസ്ഥിതി ശാസ്ത്ര വകുപ്പിൽ Muffle Furnace with Stabilizer വാങ്ങുന്നതിന് **3.50 ലക്ഷം രൂപ.**

c. ജിയോളജി വകുപ്പിൽ Sieve Shaker Set വാങ്ങുന്നതിന് **4 ലക്ഷം രൂപ.**

d. അക്വാട്ടിക് ബയോളജി വകുപ്പിൽ Balance Salinometer തുടങ്ങിയവ വാങ്ങുന്നതിന് **10.85 ലക്ഷം രൂപ.**

e. ഫിസിക്സ് വകുപ്പിൽ Net work Analyser & Accessories വാങ്ങുന്നതിന് **35 ലക്ഷം രൂപ.**

f. ബയോകെമിസ്ട്രി വകുപ്പിൽ Lyophiser വാങ്ങുന്നതിന് **5 ലക്ഷം രൂപ.**

g. ഒപ്റ്റോ ഇല്ക്ട്രോണിക്സ് വകുപ്പിൽ Magnetic Stirrer തുടങ്ങിയവ വാങ്ങുന്നതിന് **5 ലക്ഷം രൂപ.**

h. സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ Fire Safety Equipements വാങ്ങുന്നതിന് **50,000 രൂപ.**

i. ബയോകെമിസ്ട്രി വകുപ്പിൽ Lyophiser വാങ്ങുന്നതിന് **5 ലക്ഷം രൂപ.**

j. വിവിധ ഡിപ്പാർട്ട്മെന്റുകളിൽ E-Learning Centre for Research & Development നു വേണ്ടി **2 കോടി രൂപ.**

ഇപ്രകാരം ലാബുകളുടെ നവീകരണത്തിനായി **15 കോടി രൂപയാണ്** ലഭിക്കുന്നത്.

കൂടാതെ സർവകലാശാലയുടെ ലൈബ്രറികൾ ആധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി ഹൈടെക് ലൈബ്രറികളായി വികസിപ്പിക്കുന്നതിലേക്കായി **5 കോടി രൂപയും** ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആകെ **20 കോടി രൂപ**യുടെ സാമ്പത്തിക സഹായമാണ് ഒന്നാം ഘട്ടത്തിൽ പ്രതീക്ഷിക്കുന്നത്.

## 3. റൂസാ (RUSA) ഫണ്ട്

റൂസാ ഫണ്ടിൽനിന്നും ഒന്നാം ഗഡുവായി ലഭിച്ച **2.50 കോടി രൂപ** ഉപയോഗിച്ച് അത്യാധുനിക ലബോറട്ടറി ഉപകരണം വാങ്ങിക്കഴിഞ്ഞു. രണ്ടാം ഗഡുവായ **12.96 കോടി** രൂപക്കുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## വിദ്യാർത്ഥി ക്ഷേമ പദ്ധതികൾ

### 1. വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് സേവനം

വിദ്യാർത്ഥികളിൽ ആധുനിക കാലഘട്ടത്തിൽ കണ്ടുവരുന്ന വർദ്ധിച്ച മാനസിക സമ്മർദ്ദങ്ങൾ പരിഗണിച്ചുകൊണ്ട് കാര്യവട്ടത്തെ ഹെൽത്ത് സെന്ററിൽ 'ഓൺ കോൾ' വ്യവസ്ഥയിൽ ഒരു മനഃശാസ്ത്ര കൗൺസിലറെ നിയമിക്കും. ഇതിലേക്കായി **1.5 ലക്ഷം രൂപ** വകയിരുത്തുന്നു.

**2. സ്കിൽ അക്വസിഷൻ**

'സ്കിൽ അക്വസിഷൻ' പദ്ധതി കലാലയങ്ങളിൽ സജീവമാണെങ്കിലും അത് സർവകലാശാല കാമ്പസിൽ ഉണർന്നു കഴിഞ്ഞിട്ടില്ല. സർവകലാശാലയുടെ CACEE, DSS എന്നീ കേന്ദ്രങ്ങളിലൂടെ ഒരു സർവകലാശാല സ്കിൽ അക്വസിഷൻ പദ്ധതി നടപ്പിലാക്കും. ഇതിലേക്കായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

**3. ഫിനിഷിംഗ് സ്കൂൾ വഴി സോഫ്റ്റ് സ്കിൽ പരിശീലനം**

സർവകലാശാലയുടെ പ്രവർത്തനങ്ങൾ കാമ്പസിനുള്ളിൽ ഒതുങ്ങാൻ പാടില്ല. സർവകലാശാല സ്ഥാപിച്ചിട്ടുള്ള ഫിനിഷിംഗ് സ്കൂളിന്റെ പ്രവർത്തനം ഉത്തേജിപ്പിക്കേണ്ടതുണ്ട്.സർവകലാശാല വിദ്യാർത്ഥികൾക്കായും കൂടാതെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് തൊഴിൽ തേടുന്ന യുവാക്കൾക്കും സോഫ്റ്റ് സ്കിൽ പരിശീലനം സംഘടിപ്പിക്കും. ഇതിലേക്കായി **2 ലക്ഷം രൂപ** വകയിരുത്തുന്നു.

**4. അന്താരാഷ്ട്ര സർവകലാശാല വിദ്യാർത്ഥി സമ്മിറ്റ്**

വിദ്യാർത്ഥി രാഷ്ട്രീയത്തിലും യൂണിയൻ പ്രവർത്തനങ്ങളിലും ഗുണകരമായ സംവാദത്തിനു തുടക്കമിടാൻ ഒരു 'അന്താരാഷ്ട്ര സർവകലാശാല വിദ്യാർത്ഥി സമ്മിറ്റ്' സംഘടിപ്പിക്കും. ഇതിലേക്കായി **2 ലക്ഷം രൂപ** വകയിരുത്തുന്നു. കേരളത്തിലേയും ഇന്ത്യയിലേയും വിദേശത്തേയും പ്രമുഖ സർവകലാശാലകളിലെ വിദ്യാർത്ഥി യൂണിയൻ ഭാരവാഹികളെ ക്ഷണിച്ചുനടത്തുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

**5. സർവകലാശാല അലുമിനി അസോസിയേഷൻ**

സർവകലാശാലയുടെ അലുമിനി അസോസിയേഷൻ നിർജ്ജീവമാണ്. അത് സജീവമാക്കുവാനും സർവകലാശാലയുടെ പൂർവ്വ വിദ്യാർത്ഥികളുടെ സേവനവും സഹകരണവും ഉറപ്പിക്കുവാനുമായുള്ള പ്രവർത്തനങ്ങൾക്ക് **2 ലക്ഷം രൂപ** വകയിരുത്തുന്നു.

**6. കാര്യവട്ടത്ത് കായിക സൗകര്യ വികസനം**

കാര്യവട്ടം കാമ്പസിലെ കായിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തുടക്കമായി രണ്ട് ഷട്ടിൽകോർട്ടുകൾ സ്ഥാപിക്കാൻ **1.5 ലക്ഷം രൂപ** വകയിരുത്തുന്നു.

## മികവു വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ

**1. അദ്ധ്യാപന - പഠന - മികവ് കേന്ദ്രം**

അദ്ധ്യാപനത്തിലും പഠനത്തിലും മികവ് പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കാനും പഠനം നടത്തുവാനും നടപ്പിലാക്കാനുമായി 'Teaching and Learning Excellance Centre' എന്ന പേരിൽ ഒരു പഠനകേന്ദ്രം സ്ഥാപിക്കാനായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

**2. ഗവേഷണത്തെ സമൂഹത്തിന്റെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തൽ**

സർവകലാശാലയുടെ പ്രവർത്തനം സമൂഹത്തിന് പ്രസക്തമാകുമ്പോഴാണ് യഥാർത്ഥത്തിൽ മികവ് ഉണ്ടാകുന്നത്. വ്യവസായങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സംഘടനകളിൽനിന്നും പൊതുസമൂഹത്തിൽനിന്നും ഉയരുന്ന പ്രശ്നങ്ങളുടെ പരിഹാര നിർദ്ദേശങ്ങൾക്കായി മത്സരം സംഘടിപ്പിക്കും. അതിന്റെ സമ്മാനത്തുകക്ക് ഉൾപ്പെടെ **2 ലക്ഷം രൂപ** വകയിരുത്തുന്നു.

## 3. ബൗദ്ധിക വ്യായമത്തിന് Puzzle Library

ഗ്രന്ഥശാലകൾ ഇന്ന് പുസ്തകശേഖരങ്ങൾ മാത്രമല്ല. വൈവിധ്യമാർന്ന ഉള്ളടക്കശേഖരമാണ്. അവയിൽനിന്ന് അക്കാദമിക് സമൂഹം പ്രതീക്ഷിക്കുന്നത്. കാര്യവട്ടത്തെ കാമ്പസ് ലൈബ്രറിയിൽ ഒരു Puzzle Library സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. പുസ്തകങ്ങൾ നൽകുന്നതുപോലെ നൽകാൻ സാധിക്കുന്ന രസകരമായ പസ്സിലുകൾ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും ഒരുപോലെ താത്പര്യം ജനിക്കുന്ന ഒന്നായിരിക്കും. ഇതിലേക്കായി **2 ലക്ഷം രൂപ** വകയിരുത്തുന്നു.

### 4. ഷോർട്ട് ഫിലിം മത്സരം

ഹ്രസ്വ വീഡിയോ ചിത്രങ്ങൾ സമൂഹത്തിൽ ഏറെ പ്രചാരം നേടിയിരിക്കുന്നു. സാമൂഹിക പരിണാമത്തിന്റെ ഉപകരണങ്ങളായുള്ള അവയുടെ സ്ഥാനം തിരിച്ചറിഞ്ഞ് അവയെ സർവകലാശാല സമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കേണ്ടിയിരിക്കുന്നു. അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്ന ഹ്രസ്വ വീഡിയോ മത്സരം സംഘടിപ്പിക്കുവാനും, ഇന്നവേഷൻ, ഗുഡ് ഗവേണൻസ്, ഹരിത കാമ്പസ്, വ്യക്തി സ്വാതന്ത്ര്യം എന്നിവ പ്രോത്സാഹിപ്പിക്കാനും റാഗിംഗ്, ലഹരി ഉപയോഗം, വർണ്ണവിവേചനം, പ്ലാജിയറിസം എന്നിവ നിരുത്സാഹപ്പെടുത്താനും ലക്ഷ്യമിട്ടു നിർമ്മിക്കുന്ന മികച്ച വീഡിയോച്ചിത്രങ്ങളുടെ മത്സരത്തിന്റെ നടത്തിപ്പിനും സമ്മാനത്തുകയ്ക്കുമായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

## 5. Outreach (വ്യാപനം) പദ്ധതിയുടെ വിപുലീകരണം

കാര്യവട്ടം കാമ്പസിലേക്ക് സ്കൂൾ വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും എത്തിക്കുകയും സർവകലാശാലകൾ വിദ്യാലയങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാനായി പൊതു വിദ്യാലയങ്ങളിലേക്ക് കടന്നുചെല്ലുകയുംവേണം. ഇതിലേക്കായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

### പരീക്ഷ സംവിധാനങ്ങളുടെ നവീകരണം

സർവകലാശാലയുടെ പ്രവർത്തനത്തിൽ വളരെ പ്രധാനപ്പെട്ട ചുമതലയാണ് കൃത്യമായ പരീക്ഷ നടത്തിപ്പും സമയബന്ധിതമയ ഫല പ്രഖ്യാപനവും. ഇതിലേക്കായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കും.

* ഇ-ഗവേണൻസ് - ന്റ ഭാഗമായി പരീക്ഷാവിഭാഗത്തെ പൂർണ്ണമായി കമ്പ്യൂട്ടർവത്കരിക്കുന്നതാണ്. മൂല്യനിർണ്ണയ സമ്പ്രദായം നവീകരിക്കും. ഇതിനുള്ള ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി **70 ലക്ഷം രൂപ** വകയിരുത്തുന്നു.
* പരീക്ഷ വിഭാഗത്തിൽ പുതുതായി രൂപീകരിക്കപ്പെട്ട IT സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി **10 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.
* അഫിലിയേറ്റഡ് കോളേജുകളിൽ പുതുതായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് പരീക്ഷാ പേപ്പർ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ഓറിയന്റേഷൻ - കം - ട്രെയിനിംഗ് നൽകുന്നതിനായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.
* പരീക്ഷാ വിഭാഗത്തിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി **20 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.
* പരീക്ഷാ വിഭാഗത്തിന്റെ ഓഫീസ് നവീകരണത്തിന്റെ ഭാഗമായി ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനും കേടായവ റിപ്പയർ ചെയ്യുന്നതിനുമായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.
* ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾക്കായി **5 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.
* സർവകലാശാലയിൽ നിലവിൽ CBCSS പ്രോഗ്രാമുകൾക്ക് നടപ്പിലാക്കിയതുപോലെ മറ്റ് എല്ലാ ഡിഗ്രി പ്രോഗ്രാമുകളുടെയും അവസാന സെമസ്റ്റർ പരീക്ഷ കഴിഞ്ഞ് മാർക്ക്ലിസ്റ്റിന്റെ ഹാർഡ്

കോപ്പിനൽകും. ഓരോ സെമസ്റ്റർ പരീക്ഷകൾക്കുശേഷവും വിദ്യാർത്ഥികൾക്ക് മാർക്ക്ലിസ്റ്റ് On-line ആയി പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

**പൊതുവായവ**

1. **ONV സ്മാരക പ്രഭാഷണവും പുരസ്കാരവും**

കേരള സർവകലാശാലയുടെ പൂർവ്വ വിദ്യാർത്ഥിയും അദ്ധ്യാപകനുമായിരുന്ന മഹാകവി ONV കുറുപ്പിന്റെ ഓർമ്മയ്ക്കായി എല്ലാ നവംബർ 1 നും സർവകലാശാല ആസ്ഥാനത്ത് ONV സ്മാരക പ്രഭാഷണം സംഘടിപ്പിക്കും. കല, സാഹിത്യം തുടങ്ങിയ മേഖലകളിലെ പ്രമുഖർ ചടങ്ങിൽ അതിഥികൾ ആയിരിക്കും. **2 ലക്ഷം രൂപ** വകയിരുത്തുന്നു. ഇതിനോടൊപ്പം മലയാള ഭാഷയിലെ സമഗ്രസംഭാവനയ്ക്ക് **1 ലക്ഷം രൂപ** അവാർഡും പുരസ്കാരവും നൽകും.

2. **പഠനവകുപ്പുകളിൽ കമ്പ്യൂട്ടർ ലഭ്യമാക്കൽ**

സർവകലാശാലയിലെ ചില പഠനവകുപ്പുകളിൽ കമ്പ്യൂട്ടർ ലഭ്യത ഇപ്പോഴും അപര്യാപ്തമാണ്. ഇങ്ങനെയുള്ള വകുപ്പുകളിൽ കമ്പ്യൂട്ടർ സൗകര്യമൊരുക്കാൻ **10 ലക്ഷം രൂപ** വകയിരുത്തുന്നു. ഇതുവഴി പ്രസ്തുത വകുപ്പുകളുടെ പ്രവർത്തനത്തിൽ തദനുസൃതമായ വികാസം പ്രതീക്ഷിക്കുന്നു.

3. **സർവകലാശാല പൈതൃക മ്യൂസിയം**

എൺപതാം വർഷത്തിലേക്ക് കടക്കുന്ന സർവകലാശാലയിൽ അനേകം പൈതൃക ഉപകരണങ്ങളും, സാമഗ്രികളും വിസ്മൃതിയിലാണ്ടുപോകുന്നുണ്ട്. ഒരു പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിന്റെ ഒന്നാംഘട്ടമായി പൈതൃക വസ്തുക്കൾ കണക്കെടുത്ത് സംഭരിക്കുന്നതിലേക്കായി **2 ലക്ഷം രൂപ** വകയിരുത്തുന്നു.

4. **സർവകലാശാല പൗരാവകാശ രേഖ**

പത്തുവർഷംമുമ്പ് സർവകലാശാല ഒരു പൗരാവകാശ രേഖ പുറത്തിറക്കിയെങ്കിലും അത് പ്രചാരത്തിലില്ല. സേവനാവകാശ നിയമത്തിലെ വ്യവസ്ഥകൾ പരിഗണിച്ച് ഒരു നവീന പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിലേക്കായി **1 ലക്ഷം രൂപ** വകയിരുത്തുന്നു.

5. **സർവകലാശാലയുടെ എനർജി ആഡിറ്റ്**

പാരമ്പര്യേതര ഊർജ്ജ പദ്ധതികളിലെ ഫണ്ടിംഗിന് അപേക്ഷിക്കുവാൻ സർവകലാശാലയുടെ എനർജി ആഡിറ്റിംഗ് ഒരു അംഗീകൃത സർക്കാർ ഏജൻസിയെക്കൊണ്ട് നടത്തേണ്ടതുണ്ട്. ഇതിലേക്കായി **6 ലക്ഷം രൂപ** വകയിരുത്തുന്നു.

**സർവകലാശാലയുടെ വിവിധ കേന്ദ്രങ്ങൾ**

## Regional Facilitation Centre

കൊല്ലം, ആലപ്പുഴ, പന്തളം എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന സർവകലാശാലയുടെ ജില്ല ഇൻഫർമേഷൻ സെന്ററുകൾ Regional Service Centre കളായി ഉയർത്തുന്നതാണ്. തിരുവനന്തപുരം പാളയം കാമ്പസിനുള്ളിൽ ലഭ്യമാകുന്ന കഴിയുന്നത്ര സേവനങ്ങൾ ഇവിടെയും ലഭ്യമാക്കും. സർവകലാശാലയിലേക്കുള്ള എല്ലാ അപേക്ഷകളും On-line ലൂടെ സമർപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കും. Regional Facilitation Centre കൾ ആരംഭിക്കുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

## Kerala University Research and Regional Facilitation Centre (KURFC)

കേരള സർവകലാശാലയുടെ കീഴിലുള്ള ആലപ്പുഴയിലെ Centre for Study and Research-Kerala University Research and Regional Facilitation Centre ആയി ഉയർത്തും. ഗവേഷക വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന നിലയിൽ അവിടെയുള്ള ലൈബ്രറി സൗകര്യങ്ങൾ ആധുനികവത്കരിക്കും. കൂടാതെ Career Development Centre ആരംഭിക്കും. സർവകലാശാലയുടെ സ്കൂൾ ഓഫ് സോഷ്യൽ സയൻസിന്റെ കീഴിൽ ആലപ്പുഴയിൽ പുതിയ Centre ആരംഭിക്കും. ഇവിടെ പുതിയ കോഴ്സുകൾ 2017-18 വർഷം തന്നെ ആരംഭിക്കുന്നതാണ്. ഈ സെന്ററിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പുതിയ ഒരു പഠന വകുപ്പ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തും. ഇവക്കെല്ലാമായി **30 ലക്ഷം രൂപ** വകയിരുത്തുന്നു.

1 **സർവകലാശാല ഹെൽത്ത് സെന്റർ നവീകരണം**

വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും കൂടുതൽ ഉപയോഗപ്രദമാകുംവിധം സർവകലാശാല ഹെൽത്ത് സെന്റർ നവീകരിക്കും. ജീവനക്കാർക്കായി ഹെൽത്ത് കാർഡ് പദ്ധതി നടപ്പിലാക്കും. **5 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

2 **Academic Touristor Destination:** സർവകലാശാലയുടെ കീഴിലുള്ള, 1837 ൽ സ്ഥാപിതമായ Astronomical Observatory യെ Academic Touristor Destination ആക്കിമാറ്റും. ഭൗതിക ശാസ്ത്രത്തിനും വാനനിരീക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് Academic Tourism ലക്ഷ്യംവച്ചുകൊണ്ട് കേരളത്തിലെ വിദ്യാർത്ഥികൾക്ക് ആകെ പ്രചോദനം നൽകുന്ന ഒരു കേന്ദ്രമാക്കിമാറ്റും. ഇതിനുവേണ്ടി **7 ലക്ഷം രൂപ** വകയിരുത്തുന്നു.

3 **യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനിയറിംഗിന് പുതിയ മന്ദിരം:** കേരള സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനിയറിംഗിൽ M. Tech. Programme കൾ ആരംഭിക്കും. കോളേജിനായി ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിനടുത്ത് പുതിയ കെട്ടിടം നിർമ്മിക്കും. പ്രാരംഭ നടപടികൾക്കായി **40 ലക്ഷം രൂപ** വകയിരുത്തുന്നു.

4 **വിദൂര വിദ്യാഭ്യാസ കേന്ദ്രം:** സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് അദ്ധ്യാപന ബോധനരീതികൾ ആധുനീകരിക്കുന്നതാണ്. അടൂർ, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിലായി മൂന്നു പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. പ്രാരംഭ പ്രവർത്തനങ്ങൾക്കായി **5 ലക്ഷം രൂപ** വകയിരുത്തുന്നു. കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹായം തേടുന്നതാണ്.

**5.** **സ്റ്റുഡന്റ്സ് സെന്റർ നവീകരണം/(Cultural Corner):** സർവകലാശാല യൂണിയന്റെ ആസ്ഥാനമന്ദിരമായ സ്റ്റുഡന്റ്സ് സെന്റർ ആധുനികവത്ക്കരിക്കും. സ്റ്റുഡന്റ്സ് സെന്റർ കാമ്പസിനു മുന്നിൽ ഓപ്പൺ എയർ ആഡിറ്റോറിയം പണിയും. Eco Friendly ആയി പണികഴിപ്പിക്കുന്ന ഈ ഓഡിറ്റോറിയത്തിൽ (Cultural Corner) വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും പൊതുജനങ്ങൾക്കും സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കാനുള്ള അവസരമുണ്ടാകും. പ്രാരംഭ നടപടികൾക്കായി 5 ലക്ഷം രൂപ ഉൾക്കൊള്ളിക്കുന്നു.

6. **വിദേശ വിദ്യാർത്ഥികൾക്കായി ഇന്റർനാഷണൽ ഡിവിഷൻ:** വിദേശ വിദ്യാർത്ഥി പ്രവേശനം, വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും വിദേശ സർവകലാശാലകളുമായുള്ള സാംസ്കാരിക വിനിമയപരിപാടികൾ, അക്കാദമിക കൊളാബറേഷൻ, ട്രിന്നിംഗ് പ്രോഗ്രാമുകൾ ഇവയെല്ലാം ഒരു കുടക്കീഴിലാക്കിക്കൊണ്ട് സർവകലാശാലയ്ക്ക് ഒരു ഇന്റർനാഷണൽ ഡിവിഷൻ

രൂപീകരിക്കും. ഇന്റർനാഷണൽ സ്റ്റുഡന്റ്സ് ഹോസ്റ്റൽ നവീകരിക്കുകയും വിദേശ വിദ്യാർത്ഥിക ളുടെ സൗകര്യാർത്ഥം സിംഗിൾ വിൻഡോ ഹെൽപ് ഡെസ്ക് സ്ഥാപിക്കുകയും ചെയ്യും.

7. **ഇന്റർ ഡിസിപ്ലിനറി കോഴ്സുകൾ:** സയൻസ്, അപ്ലൈഡ് സയൻസ് വിഷയങ്ങളിൽ ഇന്റർ ഡിസിപ്ലിനറി ആയ കോഴ്സുകൾ ബിരുദാനന്തര ഗവേഷണ പഠനങ്ങൾ സമന്വയിപ്പിച്ചുകൊണ്ടു തുടങ്ങും. കോഴ്സുകൾ കണ്ടെത്തുന്നതിനും രൂപംകൊടുക്കുന്നതിനും വിവിധ സ്കൂൾ ഡയറ ക്ടറന്മാർ / വകുപ്പ് മേധാവികൾ എന്നിവരുടെ നേതൃത്വത്തിൽ അക്കാദമിക് കമ്മിറ്റികൾക്ക് രൂപം കൊടുക്കും.

8. **സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം:** CACEE യുടെ ആഭിമുഖ്യത്തിൽ SC/ST/ Minority വിഭാഗ ങ്ങളിലെ വിദ്യാർത്ഥികൾക്കായി സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം ആരംഭിക്കുന്നതാണ്. ഇവിടെ വിദ്യാർത്ഥികൾക്ക് കൗൺസലിംഗിനുള്ള സംവിധാനങ്ങളും ഒരുക്കുന്നതാണ്.

9. **കേരള സർവകലാശാലയുടെ സെന്റർ ഫോർ ഗാന്ധിയൻ സ്റ്റഡീസിന്റെ പ്രവർത്തനം എല്ലാ വി ദ്യാർത്ഥികളിലേക്കും**

അഖിലേന്ത്യാ 'ഗാന്ധി സ്മാരക ഇന്റർ സർകലാശാല ഡിബേറ്റ്'' മത്സരം സംഘടിപ്പിക്കും.

ഗാന്ധിയൻ പഠനകേന്ദ്രത്തിൽ അനുവദിച്ചിട്ടുള്ള ആറുമാസ ഡിപ്ലോമ കോഴ്സുകൾ എല്ലാ കാമ്പ സുകളിലും വ്യാപിപ്പിക്കും.

സാമൂഹിക പ്രവർത്തനരംഗത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥിക്ക് ഗാന്ധിജയന്തി ദിനത്തിൽ 'ഗാന്ധി യൂത്ത് ഐകൺ' അവാർഡ് വിതരണം ചെയ്യും. ഈ പദ്ധതികൾക്കായി **3 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്.

10. **ഹൈസ്പീഡ് നെറ്റ് വർക്കിംഗ് & ഡിസാസ്റ്റർ റിക്കവറി പ്ലാൻ:**

കേരള സർവകലാശാല പൂർണ്ണമായും ഒരു ഡിജിറ്റൽ സർവകലാശാല ആക്കാനുള്ള പ്രവർത്തന ങ്ങളിൽ മുന്നേറി വരികയാണ്. ഇതിന്റെ ഭാഗമായി സർവകലാശാലയിൽ നിലനിൽക്കുന്ന നെറ്റ് വർക്കിംഗ് സിസ്റ്റം ഹൈസ്പീഡ് ആക്കിമാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പാളയം കാമ്പസിൽ തുടങ്ങിക്കഴിഞ്ഞു. ഈ സംരംഭം പൂർണ്ണതയിലെത്തിക്കുന്നതിനുവേണ്ടി കാര്യവട്ടം കാമ്പസി നെകൂടി ഹൈസ്പീഡ് നെറ്റ് വർക്കിംഗിൽ കൊണ്ടുവരുന്നതാണ്. അതുപോലെതന്നെ സർവക ലാശാലയുടെ ഇപ്പോഴത്തെ ഐ. ടി. റിസോഴ്സുകൾ വളരെക്കൂടുതലായതിനാൽ ഒരു ഡിസാ സ്റ്റർ റിക്കവറി സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഈ പ്രവർത്തി കൾക്കായി **10 ലക്ഷം രൂപ** ഉൾക്കൊള്ളിക്കുന്നു.

11. **ഓൺലൈൻ കോഴ്സുകൾ:** ഓൺലൈൻ കോഴ്സുകൾ പ്രചുരപ്രചാരമായിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഓപ്പൺ എഡ്യൂക്കേഷണൽ റിസോഷ്സിനു (OER) വളരെയധികം പ്രാധാന്യമു ണ്ട്. ഇതിനായി അത്യാധുനിക സാങ്കേതിക സംവിധാനങ്ങളുള്ള ഒരു ഡിജിറ്റൽ സ്റ്റുഡിയോ കാര്യവട്ടം കാമ്പസിലെ സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റേഷൻ ആന്റ് കമ്പ്യൂട്ടേഷൻ സെന്ററിൽ സ്ഥാപിക്കും. പ്രാരംഭ പ്രവർത്തനങ്ങൾക്കായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

12. **ജൈവ പച്ചക്കറി പദ്ധതി:** നമ്മുടെ കാർഷിക സംസ്കാരം നിലനിർത്തുന്നതിനും വിഷരഹിത ജൈവ പച്ചക്കറികൾ നമുക്ക് ആവശ്യമായത് നട്ടുവളർത്തുന്നതിനും സംസ്ഥാന സർക്കാർ നടപ്പി ലാക്കുന്ന ഹരിതകേരളം പദ്ധതി നമ്മുടെ സർവകലാശാലയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൈവ പച്ചക്കറി പദ്ധതി നടപ്പിലാക്കും. ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കാര്യവട്ടം കാമ്പസിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പച്ചക്കറിയും പച്ചക്കറി വിത്തുകളും ഉത്പാദിപ്പിക്കുക യാണ് ലക്ഷ്യം. ഈ തുടർ പദ്ധതിക്കുവേണ്ടി ഒരു റിവോൾ വിംഗ് ഫണ്ട് രൂപീകരിക്കും. ഇതി നായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

13. **പദ അർത്ഥ സാഗരം-21-ാം നൂറ്റാണ്ടിന്റെ നിഘണ്ടു:** മലയാള ഭാഷയുടെ സമഗ്രസാധ്യതകൾ ഉൾക്കൊള്ളുന്ന മലായള മഹാനിഘണ്ടുവിനുവേണ്ടി ശേഖരിച്ച പദശേഖരം മലയാളം ലക്സിക്കണിൽ തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രയോജനപ്പെടുത്തി 1000 പേജുള്ള ഒരു ആധുനിക നിഘണ്ടു രണ്ടുവർഷംകൊണ്ട് തയ്യാറാക്കും. ഇത് വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും സാധാരണ ജനങ്ങൾക്കും പ്രയോജനപ്പെടും ഇതിനായി ഈ വർഷം **8 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു. അന്താരാഷ്ട്ര കേരള പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ പദ്ധതി നടപ്പിലാക്കും.

14. **ട്രാവലിംഗ് തീയറ്റർ:** ശ്രീനാരായണ ഗുരു 'നമുക്ക് ജാതിയില്ലാ' വിളംബരം നടത്തിയതിന്റെ ശതാബ്ദിയാഘോഷത്തിന്റെ ഭാഗമായുള്ള പ്രചരണം സംസ്ഥാനത്ത് തുടരുകയാണ്. കേരളത്തിന്റെ മാതൃസർവകലാശാല, ഈ പ്രചരണത്തിൽ പങ്കുചേരുന്നു. കേരള നിർമ്മിതിയിൽ നിർണ്ണായക പങ്കുവഹിച്ച നവോത്ഥാന കാലത്തിന്റെ സന്ദേശം സർവകലാശാല വിദ്യാർത്ഥികളുടെ മനസ്സിലേക്ക് പകരാനുള്ള ഉത്തരവാദിത്വം സർവകലാശാല ഏറ്റെടുക്കുന്നു. പരമാവധി അഫിലിയേറ്റഡ് കോളേജുകളിലും പൊതു സമൂഹത്തിനിടയിലും പ്രചരണം നടത്താൻ കഴിയുന്ന ട്രാവലിംഗ് തീയറ്റർ സംഘടിപ്പിക്കും. ആധുനിക സങ്കേതങ്ങളുടെ സഹായത്തോടെ സർവകലാശാല വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന A multimedia - infography - Theatre production ആണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്.

ഇതിനുപുറമെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, അടൂർ എന്നിവിടങ്ങളിൽ 'നമുക്ക് ജാതിയില്ലാ' വിളംബരത്തിന്റെ പ്രസക്തി പ്രതിപാദിക്കുന്ന പ്രഭാഷണങ്ങൾ സംഘടിപ്പിക്കും. അതതു ജില്ലയിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കും. ഈ പദ്ധതികൾക്കായി **10 ലക്ഷം രൂപ** ഉൾക്കൊള്ളിക്കുന്നു.

**വിദ്യാർത്ഥിക്ഷേമം**

1. ഗവേഷണ വിദ്യാർത്ഥികൾക്കുള്ള യൂണിവേഴ്സിറ്റി ഫെലോഷിപ്പ് നൽകുന്നതിലേക്കായി **6.60 കോടി രൂപ** ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള 13,000 രൂപയ്ക്കു മുകളിലായി SRF / PDF ഫെലോഷിപ്പുകൾ പ്രതിമാസം യഥാക്രമം **500/1000 രൂപ** വീതം വർദ്ധിപ്പിക്കുന്നതാണ്.
2. യൂണിവേഴ്സിറ്റി യൂണിയനുള്ള പ്രവർത്തന ഫണ്ടിനായി **34 ലക്ഷം രൂപ** ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
3. സ്പോർട്സ് മത്സരങ്ങളിലെ ജേതാക്കൾക്കുള്ള സ്കോളർഷിപ്പ് കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.
4. ഇന്റർ കോളീജിയേറ്റ് മത്സരങ്ങൾ നടത്തുന്നതിനും ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങളിൽ പങ്കെടുക്കുന്നതിലേക്കുമായി ഉള്ള സാമ്പത്തിക സഹായം **50 ലക്ഷം രൂപ**യായി വർദ്ധിപ്പിക്കുന്നതാണ്.

**സ്റ്റാഫ് വെൽഫെയർ**

**ജീവനക്കാർക്കുള്ള ഹെൽത്ത് ക്ലബ്:** കാര്യവട്ടത്തു ജീവനക്കാർക്കുള്ള ഹെൽത്ത് ക്ലബ് നവീകരിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

**പെൻഷൻ ഫണ്ട്/ പി. എഫ്.:** പെൻഷൻ ഫണ്ടിലേക്ക് ഈ വർഷവും **5 കോടി രൂപ** വകയിരുത്തുന്നു. പ്രോവിഡന്റ് ഫണ്ടിലെ കുടിശ്ശിക തീർക്കുന്നതിലേക്കായി **3 കോടി രൂപ** ജനറൽ ഫണ്ട് ഡിപ്പോസിറ്റിൽനിന്നും മാറ്റി നൽകും.

**CACEE:** കെ. യു. സി. ടി. ഇ. കളിൽ ഇന്റഗ്രേറ്റഡ് ബി. എഡ്. കോഴ്സ് സർവകലാശാല തുടർ വിദ്യാഭ്യാസ കേന്ദ്രവുമായി (CACEE) സഹകരിച്ച് തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കും.

**യു. ഐ. ടി. കളിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകുന്നതിന് താഴെപ്പറയുന്ന യു. ജി. /പി. ജി. കോഴ്സുകൾ ആരംഭിക്കും.**

| | | |
|---|---|---|
| അടൂർ | - | ബി. കോം. (കോമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), എം. എസ്.സി കമ്പ്യൂട്ടർ സയൻസ്, എം. കോം. (ഫിനാൻസ്) |
| ആലപ്പുഴ | - | ബി. കോം. കോ-ഓപ്പറേഷൻ, എം. എസ്.സി കമ്പ്യൂട്ടർ സയൻസ് |
| നെയ്യാറ്റിൻകര | - | ബി. കോം. (കോമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), എം. കോം. (ഫിനാൻസ്) |
| തിരുവനന്തപുരം | - | ബി. സി. എ., എം. എസ്.സി കമ്പ്യൂട്ടർ സയൻസ്, എം. എസ്.സി ഇലക്ട്രോണിക്സ്, ബി. കോം. (കോമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) |
| കൊല്ലം | - | എം. കോം. (ഫിനാൻസ്) |
| പത്തനാപുരം | - | എം. കോം. (ഫിനാൻസ്),എം. എസ്.സി കമ്പ്യൂട്ടർ സയൻസ്, ബി. കോം. ടാക്സ് |
| പിരപ്പൻകോട് | - | ബി.വോക്. (സോഫ്ട്‌വെയർ ഡെവലപ്‌മെന്റ്) |
| കൊട്ടാരക്കര | - | ബി. കോം. (കോമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) |
| കരുവാറ്റ | - | ബി. ബി. എ., ബി. കോം. കോ-ഓപ്പറേഷൻ, എസ്.സി കമ്പ്യൂട്ടർ സയൻസ് |
| മാന്നാർ | - | എം. കോം. (ഫിനാൻസ്), കോമേഴ്സ് ആന്റ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് |
| വക്കം | - | ബി. കോം. കോ-ഓപ്പറേഷൻ, എം. കോം. (ഫിനാൻസ്), |
| വെള്ളറട | - | ബി. എസ്.സി. (ഫിസിക്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), ബി.വോക് (സോഫ്ട്‌വെയർ ഡെവലപ്‌മെന്റ്) |

അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മറ്റു യു. ഐ. ടി. സെന്ററുകളിലും പുതിയ കോഴ്സുകൾ ആരംഭിക്കും.

യു. ഐ. എമ്മുകളിൽ ബി.ബി. എ. കോഴ്സുകൾ ആരംഭിക്കും.

**യു. ഐ. ടി. കളില്ലാത്ത നിയോജകമണ്ഡലങ്ങളിൽ പുതിയ യു. ഐ. ടി. കൾ സ്ഥാപിക്കും.**

പുതിയ യു.ഐ.ടി.കൾ ആരംഭിക്കുന്ന നിയോജകമണ്ഡലങ്ങൾ

| | |
|---|---|
| കോവളം | (കാഞ്ഞിരംകുളം) |
| അരുവിക്കര | (തൊളിക്കോട്) |
| വാമനപുരം | (കല്ലറ) |
| കാട്ടാക്കട | (മലയിൻകീഴ്) |
| വർക്കല | (മുനിസിപ്പാലിറ്റി) |
| ചിറയിൻകീഴ് | |
| തിരുവനന്തപുരം | (വള്ളക്കടവ്) |
| കായംകുളം | |
| ചടയമംഗലം | (ഇട്ടിവ, ചരുപറമ്പ്) |
| ചേർത്തല | (മുഹമ്മ) |
| ആലപ്പുഴ | (എസ്. എൽ. പുരം) |
| മാവേലിക്കര | |

പ്രാരംഭ പ്രവർത്തനങ്ങൾക്കായി **30 ലക്ഷം രൂപ** മാറ്റിവയ്ക്കുന്നു.

യു. ഐ. ടി./ യു. ഐ. എമ്മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുവാൻ സർവകലാശാലയുടെ നിയന്ത്രണത്തിൽ കരിയർ ഗൈഡൻസ് ആന്റ് പ്ലേസ്മെന്റ്സ് സെല്ലുകൾ ആരംഭിക്കും.

ഓരോ അദ്ധ്യായന വർഷവും മികവു വിവിധ തലങ്ങളിൽ പുലർത്തുന്ന ഒരു യു. ഐ. ടി.ക്ക് **5 ലക്ഷം രൂപ** അവാർഡ് നല്കുന്നതാണ്. എ. പി. ജെ. അബ്ദുൾകലാം എക്സലൻസ് അവാർഡ്എന്ന് ഈ അവാർഡിന് നാമകരണം ചെയ്യുന്നു.

കെ.യു.സി.ടി.ഇ. /യു. ഐ. എമ്മുകളിലെ ജീവനക്കാർക്ക് പി. എഫ്. പദ്ധതി നടപ്പിലാക്കും.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിൽ ലാബുകൾ നവീകരിക്കുന്നതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**നിർദ്ദേശങ്ങൾ**

1. **സ്റ്റുഡന്റ്സ് ഗ്രീവൻസ് സെൽ:** സർവകലാശാലയിലെയും അഫിലിയേറ്റഡ് കോളേജുകളിലേയും വിദ്യാർത്ഥികളുടെ പരാതികൾക്ക് പരിഹാരമുണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻവേണ്ടി ഒരു സ്റ്റുഡന്റ്സ് ഗ്രീവൻസ് സെൽ രൂപീകരിക്കും.
2. **ആഭ്യന്തര ഓഡിറ്റിംഗ്:** സർവകലാശാലയുടെ വരുമാന നഷ്ടം തടയുന്നതിനായി ആഭ്യന്തര ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തി കാര്യക്ഷമമാക്കും.
3. **ഭരണഭാഷ മലയാളം:** ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ പ്രോത്സാഹിപ്പിക്കുന്നതാണ്.
4. **പിങ്ക് റൂം:** സർവകലാശാ കാമ്പസുകൾ, യു.ഐ.ടി., യു. ഐ. എം., ബി.എഡ്. സെന്ററുകൾ തുടങ്ങിയവയിൽ വിദ്യാർത്ഥിനികൾക്കും, അദ്ധ്യാപികമാർക്കും, വനിതാ ജീവനക്കാർക്കുമായി വനിതാ മുറികൾ ആധുനിക സംവിധാനങ്ങളോടെ സജ്ജീകരിക്കും.

സുദീർഘവും അർത്ഥപൂർണ്ണവും രചനാത്മകവുമായ ഒരു സാമ്പത്തിക രൂപരേഖയാണ് ഇവിടെ അവതരിപ്പിക്കാൻ കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യമുണ്ട്. സർവകലകളുടെയും സംഗമഭൂമിയായ - സർവവിജ്ഞാനത്തിന്റെയും വിളനിലമായ ഈ സർവകലാശാലയുടെ വളർച്ചയുടെ, അഭ്യുന്നതിയുടെ പ്രവിശാലപഥങ്ങളിലേക്കുള്ള ഊർജ്ജമാകാൻ ഈ സാമ്പത്തികനയരേഖയ്ക്ക് കഴിയുമെന്ന ആത്മവിശ്വാസത്തോടെ ഈ ബജറ്റ് ഞാൻ നിങ്ങളുടെ വിചിന്തനത്തിനും, വിലയിരുത്തലിനും, വിധിതീർപ്പിനുമായി സമർപ്പിക്കുന്നു.

നന്ദി - നമസ്കാരം.

The Vice-Chancellor congratulated Adv. K. H. Babujan for the presentation of the Budget Estimates. The House resolved to have discussions on the Financial Estimates of the University for the year 2017-18 in the next day's meeting at the time allotted.

**06. Amendment for renaming "University Service and Instrumentation Centre (USIC) to "Sophisticated Instrumentation and Computation Centre (SICC) in the Kerala University First Ordinances, 1978 – Consideration of - reg. (Ac.L)**

In the Budget Speech 2015-16, it was proposed that University Service and Instrumentation Centre (USIC) will be developed into a Sophisticated Instrumentation and Computation Centre (SICC) at par with that of RSIC of Chennai IIT by pooling the modern equipments under one roof for enabling the facility to all the Departments & Research Scholars of the University. An amount of Rupees One Crore has been allocated in the Budget for the same.

Accordingly, sanction was accorded by the Vice-Chancellor to effect the renaming of University Service and Instrumentation Centre (USIC), University of Kerala, Kariavattom as Sophisticated Instrumentation and Computation Centre (SICC) on the basis of the proposal made in the Budget Speech 2015-16 and also recommended by the project implementation group of PURSE Programme held on 08/01/2016 and U.O No. Ad. DIII /1792/2016 dated 18/03/2016 was issued in this regard.

The Syndicate at its meeting held on 21/01/2017, vide item no. 24.47; resolved to approve the following amendment proposal for renaming *"University Service and Instrumentation Centre" (USIC)* as *"Sophisticated Instrumentation and Computation Centre" (SICC)* in Chapter XVII of the Kerala University First Ordinances, 1978.

**AMENDMENT**

***"That, in the Schedule given to Ordinance 3 Chapter XVII "Scales of Pay, Qualification etc. of various posts in the University", after serial number 144 B of the Kerala University First Ordinances, 1978 the title given as "UNIVERSITY SERVICE AND INSTRUMENTATION CENTRE" be substituted to read as follows:***

***"SOPHISTICATED INSTRUMENTATION AND COMPUTATION CENTRE (SICC) ."***

The above amendment proposal for renaming "University Service and Instrumentation Centre (USIC)" as "Sophisticated Instrumentation and Computation Centre (SICC)" in the Kerala University First Ordinances, 1978 was laid before the Senate for consideration and adoption as envisaged under section 37(1) of the Kerala University Act, 1974.

**The House considered and approved the amendment proposal for renaming "University Service and Instrumentation Centre (USIC)" as "Sophisticated Instrumentation and Computation Centre (SICC)" in the Kerala University First Ordinances, 1978.**

**07. Amendment to the Regulations relating to Recognition of Examinations and Degrees of State Boards/Statutory Universities/ Deemed Universities/Other Institutions – Consideration of – reg. (Ac.L)**

The Academic Council at its meeting held on 18.04.2016, vide Item No.28; considered and approved the action taken by the Vice-Chancellor in having approved the Degrees/Diplomas awarded by other Universities/Institutions and recognized by the University of Kerala. This has to be incorporated in the 'Regulations relating to Recognition of Examinations and Degrees of other Universities' by an amendment. The amendment to Regulations related to Recognition of Examinations and Degrees of other Universities was laid before the Academic council held on 4th October 2016, vide item No.24 for consideration and adoption, as envisaged under Section 25(ii) of the Kerala University Act, 1974 and the council resolved to approve the Amendment proposal with the following correction:

In Serial no.62 in the appendix, name of University be corrected as 'SRM University (Deemed) Kattamkulathur'.

**AMENDMENT**

*"That in Chapter IV – Norms for granting Recognition/Equivalence to Examinations, Degrees etc., of Universities or Bodies of Foreign Countries of the Regulations relating to Recognition of Examinations and Degrees of other Universities, the following be added to the existing entries under relevant Universities/Institutions under the Heading "Degrees and Examinations of other Universities and Institutions" recognized by the University of Kerala.*

***(List of Degrees/Examinations of other Universities/Institutions are appended herewith)***

***The above amendment to Regulations relating to Recognitions of Examinations and Degrees of other Universities was laid before the Senate for consideration and adoption as envisaged under section 39(1) of the Kerala University Act, 1974.***

**The House considered and approved the above amendment to Regulations relating to Recognitions of Examinations and Degrees of other Universities.**

**08. Regulations for Credit Framework for online Learning Courses through SWAYAM, University of Kerala, 2016 – consideration of – reg. (Ac.L)**

The UGC notified the Regulations for Credit Frame work for online Learning Courses through SWAYAM, 2016 in the Government of India Gazette No.295 on 19th July, 2016.

The Standing Committee of the Academic Council at its meeting held on 20-09-2016 vide Item No.06 recommended to approve the Regulations for Credit Framework for online Learning Courses through SWAYAM, University of Kerala, 2016; framed mutatis mutandis to the Regulations notified by the UGC.

The Academic Council at its meeting held on 4th October, 2016; vide item No.I.96, considered and resolved to adopt the Regulations for Credit Framework for online Learning Courses through SWAYAM, University of Kerala, 2016 as recommended by the Standing Committee of the Academic Council and U.O.No.Ac.A.II/1/2016 dated 26/12/2016 was issued in this regard.

**(Copy of the Regulations is appended herewith).**

The above Regulations for Credit Framework for online Learning Courses through SWAYAM, University of Kerala, 2016 was laid before the Senate for consideration and adoption as envisaged under section 39(1) of the Kerala University Act, 1974.

**The House considered and resolved that the item be laid at the next meeting for detailed discussion.**

**09. Affiliation of new Courses in College of Applied Science, Kundara – 2016-'17 – reporting of – reg. (Ac.B.II)**

Provisional Affiliation has been granted to the following new Courses in the College of Applied Science, Kundara (Unaided College) under IHRD during the academic year 2016-17 with permission to start classes from the academic year 2017-18, after the previous reporting to the Senate at its meeting held on 05.11.2016 as Item No.04 and Item No.06.

- B.Com. Commerce & Tax Procedure & Practice under 2(a) – 40 seats.
- M.Sc. Computer Science – 12 seats.

As envisaged under Statute 9, Chapter 24 of the Kerala University First Statutes, 1977 the granting of Provisional Affiliation of New Courses in the College of Applied Science, Kundara was reported to the Senate.

**The House considered and approved the matter reported.**

**10. Annual Report 2016 – Review – reg. (Ac.D)**

As per Sub-Section (5) Statute (10) in Chapter 6 of the Kerala University First Statutes 1977, the Annual Report of University of Kerala as approved by the Syndicate should be placed before the Annual Meeting of the Senate for review. The meeting of the Syndicate held on 10.02.2017 vide Item No.25.20 considered the draft Annual Report of University of Kerala of 2016 and resolved to approve the draft and present the same before the Senate for review.

Therefore, the Annual Report of University of Kerala of 2016 was placed before the Senate for review.

**The House considered and approved the Annual Report 2016.**

**11. Amendment to the schedule to Chapter XVII of the Kerala University First Ordinances, 1978 - Consideration of - reg. (Ac.L)**

As per Rule (3) of the Kerala Public Service Commission Act, 2015; the appointment to the non-teaching posts of the Universities in Kerala has been entrusted with the Kerala Public Service Commission. Subsequently vide G.O.(P) No.7/2016/H. Edn. dated 26/02/2016 the Government specified the method of appointment, qualification etc to the cadres of Assistant and Computer Assistant Grade II under the Universities in Kerala . The method of appointment, minimum qualification, age etc pertaining to the non- teaching Posts in the Schedule to Chapter XVII of the Kerala University First Ordinances, 1978 are to be amended in tune with the Government Order.

The Syndicate at its meeting held on 23/12/2016 vide item no. 23.56 approved the recommendations of the Sub Committee of the Syndicate, constituted for considering the proposals for amendment to Chapter XVII, "Scales of Pay, Qualification etc, of various posts in the University", of the Kerala University First Ordinances, 1978 , for making amendments to the schedule to Chapter XVII, serial nos. 18A, 19, 20, 21, 22A, 22, 23,24,35 to 51, 90 and 118, as per details shown in the **appendix (I)** and U.O.No. Ad. AI/ Amendment (1)/2016 (2) dated 20/01/2017.

The Government vide G.O.(P) No. 86/2011/Fin dated 26/02/2011 and G.O.(P).No. 144/2011/Fin dated 30/03/2011 have ordered to dispense with the system of granting promotion to the post of Section

Officer ( FC& D), Section Officer (FC &D) Hr.Gr. and to that of Pool Officer w.e.f. 01/02/2011 and U.O.No. Ad A1.2/451/15 dated 26/11/2015 had been issued in this regard. The Syndicate at its meeting held on 23/12/2016 also approved the following amendment proposal in the light of the Government Order.

***"Section Officer (FC & D), Section Officer (FC & D ) Higher Grade and the post of Pool Officers cease to exist w.e.f. 01/02/2011. However incumbents in these posts will continue till retirement."***

The Part of the Schedule to be amended in the Kerala University First Ordinances, 1978 is shown in **appendix (II).**

***AMENDMENT PROPOSAL- I***

***"That, in schedule given to Ordinance 3 of Chapter XVII, ''Scales of Pay, Qualification etc. of various posts in the University'', of the Kerala University First Ordinances, 1978, the existing entries against serial nos. 18A, 19, 20, 21, 22A, 22, 23, 24, 35 to 51, 90 and 118 be substituted by the entries given below:***

| 1 | 2 | 3 | 4 | 5 | 7 |
|---|---|---|---|---|---|
| **Sl. No.** | **Category / Designation** | **Scale of pay/ Pay Band** | **Age Limit** | **Minimum Qualification** | **Method of Recruitment** |
| 18 A | Assistant Section Officer (Selection Grade Assistant renamed as Assistant Section Officer) | 32300-68700 | - | - | By promotion from the post of Senior Grade Assistant on the basis of seniority and merit |
| 19 | Senior Grade Assistant | 30700-65400 | - | Pass in prescribed test | By promotion from the post of Assistant on the basis of seniority and merit |
| 20 | Assistant Grade I stands deleted | | | | |
| 21 | Assistant | 27800 – 59400 | 18-36 (with usual relaxation to SC/ST and other eligible categories) | A degree in any faculty from a recognized University or its equivalent. | 1.By direct recruitment as per the advice of Kerala Public Service Commission<br>2. 4% of the post of Assistant in the entry cadre is set apart for appointment by transfer method from among low paid employees of the categories of Class IV employees of the University Service who possess the prescribed minimum qualification for the direct recruitment to the post of Assistant and having 4 years of aggregate service in the University on the basis of seniority in the respective category. Such employees should be approved probationers in the respective cadre.<br>Note:- 1. If there is no low |

| | | | | | |
|---|---|---|---|---|---|
| | | | | | paid employee in the above categories qualified to be appointed as Assistant, such vacancy shall be forfeited to them and shall be filled by direct recruitment.<br>(The Registrar is the appointing authority) |
| 22 A | Computer Assistant (Sel. Gr.) (The post of Sel.Gr. Typist is re-designated as Computer Assistant Selection Grade) | 32300 – 68700 | - | - | By promotion from the post of Computer Assistant (Sr. Gr.) on the basis of seniority and merit. |
| 22 | Computer Assistant (Sr. Gr.) (The post of Sr.Gr. Typist is re-designated as Computer Assistant Senior Grade). | 30700-65400 | - | - | By promotion from Computer Assistant Gr. I on the basis of seniority and merit. |
| 23 | Computer Assistant Gr. I (The post of UD Typist is re-designated as Computer Assistant Grade I) | 27800 – 59400 | - | - | By promotion from Computer Assistant Gr. II on the basis of seniority and merit. |
| 24 | Computer Assistant Gr. II (The post of L D Typist, is re-designated as Computer Assistant Grade II) | 20000 – 45800 | 18-36 (with usual relaxation to SC/ST and other eligible categories) | 1.SSLC or equivalent.<br>2. Higher Grade Certificate in English Type Writing (KGTE) and Computer Word Processing or its equivalent.<br>Note:<br>1. Those who passed KGTE Typewriting before January 2002 should | By direct recruitment as per the advice by the Kerala Public Service Commission.<br><br>(The Registrar is the appointing authority) |

| | | | | | |
|---|---|---|---|---|---|
| | | | | produce separate certificate in "Computer Word Processing" or its equivalent.<br>3. Lower Grade Certificate in Malayalam Typewriting KGTE or equivalent qualification.<br>4. Type Writing Certificate issued by the Government alone will be accepted as proof of Typewriting qualification. Certificate issued from Typewriting Institute will not be considered. | |
| 35 to 51 | Last Grade Employees (Office attendant Gardener/ Sweeper/ Cleaner/Stadium Keeper and such other posts in the last grade). | 16500 – 35700 | 18-36 (with usual relaxation to SC/ST and other eligible categories) | 1. Should have passed Std. VII and should not have acquired graduation.<br>2. Ability to read and write Malayalam.<br>3. Ability to converse in Malayalam. | By direct recruitment as per the advice by the Kerala Public Service Commission.<br><br>(The Registrar is the appointing authority) |
| 90 | Library Assistant | 27800-59400 | 18-36 (with usual relaxation to SC/ST and other eligible categories) | A Degree in any faculty from a recognized University with a recognized Degree in Library Science. | By direct recruitment as per the advice of the Kerala Public Service Commission<br><br>(The Registrar is the appointing authority) |
| 118 | Work Superintendent Gr. II | 19000 – 43600 | 18-36 (with usual relaxation to SC/ST and other eligible categories) | 1. A pass in SSLC or equivalent<br>2. Kerala Govt. Certificate Examination in Civil Engineering (2 year course) or equivalent OR Diploma in Civil Engineering | Direct recruitment as per the advice by the Kerala Public Service Commission<br><br>(The Registrar is the appointing authority) |

***AMENDMENT PROPOSAL- II***

***"That, the following be inserted under serial numbers 12A and 13 in the schedule given to Ordinance 3 of Chapter XVII, ''Scales of Pay, Qualification etc. of various posts in the University", of the Kerala University First Ordinances, 1978:***

***"Section Officer (Fair Copy), Section Officer (Fair Copy) Higher Grade and the post of Pool Officers cease to exist w.e.f. 01/02/2011. However incumbents in these posts will continue till retirement."***

The Syndicate at its meeting held on 10/02/2017, vide Item No.25.34; considered the above proposals for amendment to Chapter XVII, "Scales of Pay, Qualification etc. of various posts in the University" of the Kerala University First Ordinances, 1978 and resolved to approve the same.

Accordingly the proposals for amendment to Ordinance 3 of Chapter XVII , "Scales of Pay, Qualification etc. of various posts in the University" of the Kerala University First Ordinances, 1978 was laid before the Senate as envisaged under Section 37(1) of the Kerala University Act, 1974 for consideration and adoption.

**The House considered and approved the amendment proposals I & II, to the Schedule to Chapter XVII of the Kerala University First Ordinances, 1978 with the following modifications.**

**1. Method of recruitment in Sl. No. 21 in amendment proposal-I be modified as noted: 2) 4% of the post of Assistant in the entry cadre is set apart for appointment by transfer method from among low paid employees of the categories of all Class IV employees, Printers, Binders, Compositors, Clerical Assistants and Computer Assistant Gr. II of the University Service who possess the prescribed minimum qualification for the direct recruitment to the post of Assistant and having 4 years of aggregate service in the University on the basis of seniority in the respective category. Such employees should be approved probationers in the respective cadre.**

**2. To resubmit the amendment proposal-II in respect of Sl. No. 12A (Pool Officer) after discussion with the Staff Organizations.**

**APPENDIX I**
**Amendment to the Schedule to ChapterXVII of the Kerala University First Ordinances, 1978.**
**As per U.O.No.Ad.A.I/Amendment (1)/2016(2) dated 20/01/2017.**

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| **Sl. No** | **Category / Designation** | **Scale of pay/ Pay Band** | **Age Limit** | **Minimum Qualification** | **Method of Recruitment** |
| 18 A | Assistant Section Officer | 32300-68700 | - | - | By promotion from the post of Senior Grade Assistant on the basis of seniority and merit |
| 19 | Senior Grade Assistant | 30700-65400 | - | Pass in prescribed test | By promotion from the post of Assistant on the basis of seniority and merit |
| 20 | Assistant Grade I stands deleted | | | | |
| 21 | Assistant | 27800-59400 | 18-36 (with usual relaxati on to SC/ST and | A degree in any faculty from a recognized University or its equivalent. | 1.By direct recruitment as per the advice of Kerala Public Service Commission<br>2. 4% of the post of Assistant in the entry cadre is set apart for appointment by transfer method from among low paid employees of the |

| | | | | | |
|---|---|---|---|---|---|
| | | | other eligible categori es) | | categories of Class IV employees of the University Service who possess the prescribed minimum qualification for the direct recruitment to the post of Assistant and having 4 years of aggregate service in the University on the basis of seniority in the respective category. Such employees should be approved probationers in the respective cadre. Note:- 1. If there is no low paid employee in the above categories qualified to be appointed as Assistant, such vacancy shall be forfeited to them and shall be filled by direct recruitment. |
| 22 A | Computer Assistant (Sel. Gr.) | 32300-68700 | - | - | By promotion from the post of Computer Assistant (Sr. Gr.) on the basis of seniority and merit. |
| 22 | Computer Assistant (Sr. Gr.) | 30700-65400 | - | - | By promotion from Computer Assistant Gr. I on the basis of seniority and merit. |
| 23 | Computer Assistant Gr.I | 27800-59400 | -- | | By promotion from Computer Assistant Gr. II on the basis of seniority and merit. |

*Selection Grade Assistant renamed as Assistant Section Officer.
*The posts of LD Typist, UD Typist, Senior Grade Typist and Selection Grade Typist are redesignated as Computer Assistant Grade II, Computer Grade I, Computer Assistant Senior Grade, Computer Assistant Selection Grade respectively.
*The registrar is the appointing authority in the case of Serial numbers 21, 24, 35 to 51, 90 and 118.
*Section Officer (FC&D) (Section Officer (FC&D Hr.Gr. and the post of Pool Officers cease to exist w.e.f. 01.02.2011. However incumbents in these posts will continue till retirement.

| Sl. No | Category / Designation | Scale of pay/ Pay Band | Age Limit | Minimum Qualification | Method of Recruitment |
|---|---|---|---|---|---|
| 24 | Computer Assistant Gr. II | 20000-45800 | 18-36 (with usual relaxation to SC/ST and other eligible categories) | 1. SSLC or equivalent.<br>2. Higher Grade Certificate in English Type Writing (KGTE) and Computer Word Processing or its equivalent.<br>Note:<br>1. Those who passed KGTE Typewriting before January 2002 should produce separate certificate in “ Computer Word Processing” or its equivalent.<br>2. Lower Grade Certificate in Malayalam Typewriting KGTE or equivalent qualification.<br>3. Typewriting Certificate issued by the Government alone will be accepted as proof of Typewriting qualification. Certificate issued from Typewriting Institute will not be considered. | By direct recruitment as per the advice by the Kerala Public Service Commission . |

| | | | | | |
|---|---|---|---|---|---|
| 35 to 51 | Last Grade Employees (Office attendant Gardener/ Sweeper/ Cleaner/Stadium Keeper and such other posts in the last grade). | 16500-35700 | 18-36 (with usual relaxation to SC/ST and other eligible categories) | 1. Should have passed Std. VII and should not have acquired graduation.<br>2. Ability to read and write Malayalam.<br>3. Ability to converse in Malayalam. | By direct recruitment as per the advice by the Kerala Public Service Commission. |
| 90 | Library Assistant | 27800-59400 | 18-36 (with usual relaxation to SC/ST and other eligible categories) | A Degree in any faculty from a recognized University with a recognized Degree in Library Science. | By direct recruitment as per the advice of the Kerala Public Service Commission |
| 118 | Work Superintendent Gr. II | 19000-43600 | 18-36 (with usual relaxation to SC/ST and other eligible categories) | 1. A pass in SSLC or equivalent<br>2. Kerala Govt. Certificate Examination in Civil Engineering (2 year course) or equivalent OR Diploma in Civil Engineering | Direct recruitment as per the advice by the Kerala Public Service Commission |

**APPENDIX II (as seen in the Schedule to Chapter XVII of the Kerala University First Ordinances, 1978)**

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| **Sl. No.** | **Category/ Designation** | **Scale of pay/ Pay Band** | **Age Limit** | **Minimum Qualification** | | **Method of Recruitment** |
| | | | | **General** | **Technical** | |
| 12A | Pool Officer | | Same as for Section Officer (Fair Copy) | | | By promotion on the basis of seniority and merit from among the cadre of Section Officer (Fair Copy). |
| 13. | Section Officer (Fair Copy) | | | | | By promotion of Office Superintendents on the basis of seniority and merit. |
| 18A | Selection Grade Assistant | --- | - | - | | By promotion of suitable Senior Assistant Grade Assistants on the basis of seniority and merit |
| 19 | Senior Grade Assistant | --- | - | Pass in prescribed test | | By promotion of suitable Assistant Grade I on the basis of seniority and merit |

| | | | | | | |
|---|---|---|---|---|---|---|
| 20 | Assistant Grade I (Common) | **Post to be deleted** | | | | |
| 21 | Assistant Grade II including Storekeeper (Common) | -- | Not more than 35 years but relaxable in the case of promotees | University Degree | Good Handwriting | *By recruitment on the basis of competitive test and/or interview by inviting applications by advertisement in the Press (Store Keepers must furnish security as may be prescribed). 4% of the post of Assistant in the entry cadre for appointment by Transfer from among low paid employees of the categories of Peon, Attender, Clerical Assistant, Binder and Roneo Operator of the University Service who possess the prescribed minimum qualifications for the Direct Recruitment to the post of Assistant ie, B.A,B.Sc,B.Com Degree from any recognized University or equivalent and having four years of aggregate service in the University on the basis of seniority in the respective category. Such employees should be approved probationers in the respective cadre.<br>Note 1: If there is no low paid employee qualified to be appointed as aforesaid, such vacancies shall be forfeited to them and it shall be filled by direct recruitment. |
| 22 | Typist (Senior Grade Common) | -- | -- | -- | | By promotion of suitable UD Typists / Stenographers on the basis of seniority and merit. |
| 23 | Typist (Upper Division) (Common) | -- | -- | -- | | By promotion of suitable Lower Division Typists on the basis of seniority and merit |

| | | | | | | |
|---|---|---|---|---|---|---|
| 24 | Typist (Lower Division) | -- | Not more than 30 years | SSLC or its equivalent qualification | i. Higher Grade Certificate in English Typewriting KGTE and Computer Word Processing or its equivalent.<br>ii. Lower Grade Certificate in Malayalam Typewriting KGTE or equivalent<br>Note : Those who have passed KGTE Typewriting before January 2002 should produce separate certificate in "Computer Word Processing or its equivalent" | By Competitive test and / or Interview |
| 35 to 51 | Peon<br>Watchman<br>Gardener<br>***Sanitation Worker<br>Gate Keeper<br>Specimen Collector<br>Gas maker<br>Boatman<br>Library Boy<br>Stadium Keeper<br>Ground man<br>Head Cook<br>Cook<br>Mess Boy<br>Sweeper<br>Cleaner<br>Animal House Atttender and such other posts in the last grade as may be created from time to time | -- | Not more than 30 years | a) Ability to read and write<br>Ability to ride a bicycle (Women candidates are exempted from this) – for Peons only<br>For categories 36 to 51 ability to read and write only. | | |
| 90 | Library Assistant | ---- | Not more than 30 years | A University Degree with Degree in Library Science | | By recruitment based on merit by inviting applications by advertisement in the Press. |
| 118 | Work Superintendent Gr. II | -- | Not more than 30 years | 1.A pass in SSLC Pass in Civil | | By recruitment on the basis of merit by inviting applications by |

| | | | | | | |
|---|---|---|---|---|---|---|
| | | | | Engineering, KGTE/ MGTE or equivalent OR National Trade Certificate in Draftsman (Civil) | | advertisement in the Press or by promotion |

==============================================================

*(III) Resolutions given notice of by the Members*

**Resolution No.1** given notice of by Dr.B.K.Madhu was taken up by the House.

| | |
|---|---|
| 1 | **ഡോ.ബി.കെ.മധു** |
| | കേരള യൂണിവേഴ്സിറ്റിയിലെ പരീക്ഷാപേപ്പർ നോക്കുന്നതിനും, ചെയർമാൻഷിപ്പിന്റെ കാര്യത്തിലും പ്രത്യേകിച്ച് മാനദണ്ഡങ്ങൾ ഉണ്ടാക്കണമെന്ന് യോഗം ആവശ്യപ്പെടുന്നു. |

Dr. S.Anil Kumar seconded the resolution.
Sri. M. Sreekumar, Convenor, Standing Committee of the Syndicate on Examinations and Students Discipline informed that the matter will be considered.

**Resolution No.2** given notice of by Dr. S. Amina was not taken up by the House as the member was absent.

**Resolution No.3** given notice of by Sri. S. Anil Kumar was taken up by the House.

| | |
|---|---|
| 3 | **ശ്രീ.എസ്.അനിൽകുമാർ** |
| | സർവകലാശാലയുടെ അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ് തസ്തികകൾ കൂടാതെയുള്ള മറ്റ് അനദ്ധ്യാപക തസ്തികകളായ ലൈബ്രറി അസിസ്റ്റന്റ്, യൂണിവേഴ്സിറ്റി പ്രസ്സ്, ട്രാൻസ്പോർട്ട് വിംഗ്, എഞ്ചിനിയറിംഗ് യൂണിറ്റ് പഠന ഗവേഷണ വകുപ്പുകളിലെ ടെക്നിക്കൽ വിഭാഗം തുടങ്ങിയവയിലെ അനദ്ധ്യാപക തസ്തികകൾ, ഓഫീസ് അസിസ്റ്റന്റ് വിഭാഗത്തിലെ ഒഴിവുകൾ തുടങ്ങി എല്ലാ അനദ്ധ്യാപക വിഭാഗം ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്ത് നിയമനം നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സെനറ്റിന്റെ ഈ യോഗം ആവശ്യപ്പെടുന്നു. |

Sri. A. Mansoor seconded the resolution.
The House accepted the resolution.

**Resolution No.4** given notice of by Sri. Manesh. P. was taken up by the House.

| | |
|---|---|
| 4 | **ശ്രീ.മനേഷ്.പി** |
| | കേരള സർവകലാശാല ഗവേഷക വിദ്യാർത്ഥി യൂണിയന്റെ നേതൃത്വത്തിൽ എല്ലാ വർഷവും വർക്ക്ഷോപ്പുകൾ സെമിനാറുകൾ, സംവാദങ്ങൾ, കലാകായിക പരിപാടികൾ ഉൾപ്പെടെ നിരവധി അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഗവേഷക വിദ്യാർത്ഥി യൂണിയന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾക്കായി സർവകലാശാല ബജറ്റിൽ വകയിരുത്തുന്നത് 25,000/- (ഇരുപത്തി അയ്യായിരം) രൂപയാണ്. ഈ തുക യൂണിയൻ പ്രവർത്തനങ്ങൾക്ക് പരിമിതമായതിനാൽ സർവകലാശാല ബജറ്റിൽ ഗവേഷക വിദ്യാർത്ഥി യൂണിയൻ പ്രവർത്തനങ്ങൾക്കായി 3,00,000/- (മൂന്നു ലക്ഷം) രൂപ വകയിരുത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു. |

Smt. Harsha Jose seconded the resolution.
Adv. K.H. Babujan, Convenor, Standing Committee of the Syndicate on Finance informed that provision has been made in the Budget.

**Resolution No.5** given notice of by Dr. P.J. Jojo was not taken up by the House as the member was absent.

**Resolution No.6** given notice of by Dr. S. Sreeja was taken up by the House.

| 6 | ഡോ.എസ്.ശ്രീജ |
|---|---|
| | CBCSS ന്റെ വിവിധ വിഷയങ്ങളിലെ പരീക്ഷയ്ക്കായുള്ള ചോദ്യപ്പേപ്പറുകൾ ഇൻഡയറക്ട് ഗ്രേഡിംഗ് സിസ്റ്റത്തിന് അനുസൃതമായി പരിഷ്ക്കരിക്കണം എന്ന് ഈ സഭ ആവശ്യപ്പെടുന്നു. |

Smt. Oleena. A.G., seconded the resolution.
Sri. M. Sreekumar Convenor, Standing Committee of the Syndicate on Examinations and Students Discipline informed that the matter will be examined.

**Resolution No.7** given notice of by Smt. Oleena. A.G. was taken up by the House.

| 7 | ശ്രീമതി. ഒലീന. എ.ജി |
|---|---|
| | കേരള സർവകലാശാല പുതുക്കിയ CBCSS പാഠ്യപദ്ധതിയനുസരിച്ച് ഗ്രേഡിംഗിൽ വന്ന വ്യത്യാസം പരീക്ഷാഫലത്തെ ബാധിച്ചതെങ്ങനെയെന്നു പഠനം നടത്താൻ സർവകലാശാല അടിയന്തിരമായി തയ്യാറാകണമെന്നു ആവശ്യപ്പെടുന്നു. |

Dr. Preetha Prabhasan seconded the resolution.
Sri. M. Sreekumar, Convenor, Standing Committee of the Syndicate on Examinations and Students Discipline informed that the matter will be considered.

**Resolution No.8** given notice of by Dr. S. Amina was not taken up by the House as the member was absent.

**Resolution No.9** given notice of by Dr. P. Sunil Kumar was taken up by the House.

| 9 | ഡോ.പി.സുനിൽ കുമാർ |
|---|---|
| | സർവകലാശാല ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സ്വയംഭരണ കോളേജുകൾക്ക് എതിരെ ശക്തമായ നടപടി സ്വീകരിക്കണം എന്ന് ഈ സഭ ആവശ്യപ്പെടുന്നു. |

Dr. M. Sirajudeen seconded the resolution.
The House accepted the resolution modified as follows:
സർവകലാശാല ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സ്വയംഭരണ കോളേജുകൾ ഉണ്ടെങ്കിൽ അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം എന്ന് ഈ സഭ ആവശ്യപ്പെടുന്നു.

**Resolution No.10** given notice of by Smt. Oleena. A.G. was taken up by the House.

| 10 | ശ്രീമതി. ഒലീന. എ.ജി |
|---|---|
| | കേരള സർവകലാശാലയ്ക്ക് കീഴിലുള്ള എല്ലാ എയ്ഡഡ്/ആട്ടോണമസ് കോളേജുകളിലും ഓരോ സെമസ്റ്ററിലും 90 അധ്യായന ദിവസങ്ങൾ ഉണ്ടെന്നു സർവകലാശാല ഉറപ്പുവരുത്തണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു. |

Dr. Preetha Prabhasan seconded the resolution.
The Vice-Chancellor replied that the matter will be examined.

**Resolution No.11** given notice of by Smt. Oleena. A.G. was taken up by the House.

| 11 | ശ്രീമതി. ഒലീന. എ.ജി |
|---|---|
| | കേരള സർവകലാശാലയുടെ പി.ജി.വാല്വേഷൻ ക്യാമ്പുകളിലെ (ഒന്നും രണ്ടും വാല്വേഷൻ) മൂല്യനിർണ്ണയം വിവിധ ജില്ലകളിൽ വികേന്ദ്രീകരിച്ചു നടത്തണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു. |

Dr. Sreeja. S seconded the resolution.
The Vice-Chancellor replied that the matter will be examined.
**Resolution No.12** given notice of by Dr.P.Sunil Kumar was taken up by the House.

| 12 | ഡോ.പി.സുനിൽ കുമാർ |
|---|---|
| | അക്കാദമിക് ആഡിറ്റ് നടത്തിയതിനുശേഷം മാത്രമേ ഇനി സ്വാശ്രയ ആർട്സ് & സയൻസ്/ലാ കോളേജുകൾ തുടങ്ങാനുള്ള അപേക്ഷ കേരള സർവകലാശാല സ്വീകരിക്കാവൂ എന്ന് ഈ സഭ |

| | |
|---|---|
| | ആവശ്യപ്പെടുന്നു. |

Dr. M. Sirajudeen seconded the resolution.
The House accepted the resolution.

**Resolution No.13** given notice of by Dr.P.J.Jojo was not taken up by the House as the member was absent.

**Resolution No.14** given notice of by Sri. S. Anil Kumar was taken up by the House.

| 14 | **ശ്രീ.എസ്.അനിൽകുമാർ** |
|---|---|
| | സർവകലാശാല പ്രസ് നവീകരിച്ച് ആധുനിക സാങ്കേതിക സംവിധാനങ്ങളുള്ള പ്രസ് ആയി സജ്ജമാക്കുന്നതിന് അനുയോജ്യമായ പുതിയ കെട്ടിടം നിർമ്മിക്കണമെന്ന് സെനറ്റിന്റെ ഈ യോഗം ആവശ്യപ്പെടുന്നു. |

Sri. A. Mansoor seconded the resolution.
The Vice-Chancellor informed that fund has been provided in the Budget for the University Press.

**Resolution No.15** given notice of by Dr. S. Sreeja was taken up by the House.

| 15 | **ഡോ.എസ്.ശ്രീജ** |
|---|---|
| | സ്വകാര്യ എയ്ഡഡ് കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേക്ക് അടിയന്തിരമായി നിയമനം നടത്തണമെന്ന് മാനേജ്മെന്റുകളോട് ഈ സഭ ആവശ്യപ്പെടുന്നു. |

Smt. Oleena. A.G., seconded the resolution.
The House did not accept the resolution.
**Resolution No.16** given notice of by Dr. S. Sreeja was taken up by the House.

| 16 | **ഡോ.എസ്.ശ്രീജ** |
|---|---|
| | CBCSS ലുള്ള വിവിധ വിഷയങ്ങളിലെ സിലബസ് കാലോചിതമായി പരിഷ്ക്കരിക്കാൻ ഈ സഭ ആവശ്യപ്പെടുന്നു. |

Smt. Oleena. A.G., seconded the resolution.
The Vice-Chancellor replied that the matter will be examined.
**Resolution No.17** given notice of by Dr. B.K.Madhu was taken up by the House.

| 17 | **ഡോ.ബി.കെ.മധു** |
|---|---|
| | കേരള യൂണിവേഴ്സിറ്റിയിൽ ജോലിചെയ്യുന്ന അപ്രൂവൽ കിട്ടാത്ത എല്ലാ അദ്ധ്യാപകർക്കും, അപ്രൂവൽ കിട്ടുന്നതിനുള്ള നടപടികൾ സ്വികരിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു. |

Dr. Cherian John seconded the resolution.
The Vice-Chancellor informed that the resolution is withdrawn, considering the ambiguity in the matter.

**Resolution No.18** given notice of by Dr.P.J.Jojo was not taken up by the House as the member was absent.

**Resolution No.19** given notice of by Sri.Arun Kumar. R. was taken up by the House.

| 19 | **ശ്രീ.അരുൺകുമാർ.ആർ** |
|---|---|
| | കേരള യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള എല്ലാ ജേർണലുകളും UGC അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയ ജേർണലുകളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു. |

Dr. M.G. Sanal Kumar seconded the resolution.
The House accepted the resolution modified as follows:
കേരള യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള എല്ലാ ജേർണലുകളും UGC അംഗീകരിച്ച ജേർണലുകളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

## Adjournment Motion

The Vice-Chancellor then invited Sri. D. Adarsh Khan to present the adjournment motion given notice of by him and seconded by Sri. S. Anil Kumar.

Moving the motion, Sri. D. Adarsh Khan elaborated the following:

സ്വാശ്രയ കോളേജുകൾ എന്നത് കേരളത്തിൽ യാഥാർത്ഥ്യമായിരിക്കയാണ്. സമീപകാലത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ഉണ്ടായ പ്രശ്നങ്ങൾ വലിയ ആശങ്കയാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇടിമുറികളും ലൈംഗിക ചൂഷണവും അകാരണമായി ഫീസ് ഈടാക്കലും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മാത്രമല്ല നടക്കുന്നത്. ഇത് തിരിച്ചറിഞ്ഞ് കടിഞ്ഞാണില്ലാതെ പായുന്ന മാനേജ്മെന്റുകളെ നിലയ്ക്കുനിർത്താൻ കടുത്ത നടപടികൾ കൊണ്ടുവരണം.

സെൽഫ് ഫൈനാൻസിംഗ് കോളേജുകളാണ് കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ ഏറ്റവും അധികം ഉള്ളത്. ഭാവിയിൽ ഈ സ്വാശ്രയ ക്യാമ്പസുകൾക്കകത്തും ഇത്തരം പ്രശ്നങ്ങൾ കടന്നുവരാൻ സാദ്ധ്യതയുണ്ട്. വിദ്യാർത്ഥികളെ താടി വളർത്തിയതിന്റെ പേരിൽ പരീക്ഷ എഴുതാൻ അനുവദിക്കാതിരിക്കുക, ഒരു ശതമാനം ഹാജർ കുറവുള്ള വിദ്യാർത്ഥിക്ക് കൺഡോണേഷന് അപേക്ഷിക്കുവാൻ അനുവദിക്കാത്ത ഇത്തരം നടപടികൾ കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മാനേജ്മെന്റുകൾ സ്വീകരിക്കുമ്പോൾ കുറെ മാനേജ്മെന്റുകൾ അകാരണമായി കോളേജ് പൂട്ടി പോകുമ്പോൾ ഇത്തരം പ്രശ്നങ്ങളെ കേരള യൂണിവേഴ്സിറ്റിക്ക് ഉള്ള നിയമങ്ങളെ കൊണ്ട് ഇത്തരം മാനേജ്മെന്റുകളെ നേരിടാൻ കഴിയാത്തത് കൊണ്ട് കൂടുതൽ ശക്തമായ കടുത്ത നടപടികൾ എടുക്കാൻ ഈ നിയമങ്ങളിൽ ഭേദഗതി വരുത്തണമെന്നാണ് ഈ അടിയന്തിര പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നത്.

**ശ്രീ. എസ്. അനിൽകുമാർ::**

ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന പ്രമേയമാണ് അവതരിപ്പിച്ചത്. കേരളത്തിൽ അങ്ങോളമിങ്ങോളം സ്വാശ്രയ കോളേജുകളിൽ നടക്കുന്ന അതിക്രമങ്ങൾ മാനേജ്മെന്റുകൾ വിദ്യാർത്ഥികളെ വെറും അടിമകളെപ്പോലെയാണ് കാണുന്നത്. ഇതിന് കടിഞ്ഞാണിടേണ്ടത് സമൂഹത്തിന്റെയാകെ ബാധ്യതയായിരിക്കയാണ്. വിദ്യാർത്ഥികളെ അകാരണമായി പീഡിപ്പിക്കുന്നു. ലാഭേച്ഛയോടെ തുടങ്ങിയ പല കോളേജുകളും നല്ല അദ്ധ്യാപകരെ നിയമിക്കാത്തത് കൊണ്ടും പൂട്ടി പോകുന്നത് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി നിയമ നിർമ്മാണം നടത്തണം എന്ന് പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങുന്നു.

**ഡോ. എം. സിറാജുദ്ദീൻ**:

ശാരീരികവും മാനസികവുമായി കുട്ടികൾ പീഡിപ്പിക്കപ്പെടുന്നു. ചില സ്വാശ്രയ കോളേജുകൾ വളരെ നല്ല നിലയിലാണ് പ്രവർത്തിക്കുന്നത്. ആട്ടോണോമസ് കോളേജുകളിൽ നിന്ന് പരാതികൾ കിട്ടുന്നുണ്ട്. ഇത്തരം മോശം മാനേജ്മെന്റുകളെ നിയന്ത്രിക്കുന്നതിനായി കർശന നടപടികൾ കേരള യൂണിവേഴ്സിറ്റി ആരംഭിച്ചു മറ്റു സർവകലാശാലകൾക്ക് മാതൃകയാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങുന്നു.

**ശ്രീ. എ. മൻസൂർ**

വിദ്യാർത്ഥി സംഘടനകളുടെ അഭാവം, സ്വാശ്രയ കോളേജുകൾ കാണിക്കുന്ന മർക്കട മുഷ്ടി, ലാഭേച്ഛ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനവും ഈ പ്രമേയത്തെ പിന്താങ്ങികൊണ്ട് യൂണിവേഴ്സിറ്റി തലത്തിൽ നിന്ന് കൊണ്ട് സർക്കാരിന് ഈ മാനേജ്മെന്റുകളെ നിലയ്ക്ക് നിർത്താനുള്ള എല്ലാ പിന്തുണയും നൽകണമെന്ന് ആവശ്യപ്പെടുന്നു.

**ശ്രീമതി. അഷിത. എസ്**.

സ്വാശ്രയ മാനേജ്മെന്റുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ സ്ഥിതി വളരെ ദയനീയമാണ്. കൃത്രിമമായ അച്ചടക്കം ഉണ്ടാക്കാനാണ് മാനേജ്മെന്റുകൾ ശ്രമിക്കുന്നത്, അഭിപ്രായ സ്വാതന്ത്ര്യമില്ലായ്മ, പണപിരിവ് ഇതിലൂടെയൊക്കെ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നു. ഇതിനെ നിയന്ത്രിക്കാനായി യൂണിവേഴ്സിറ്റിയിൽ തരുന്ന പരാതി പരിശോധിച്ച് കൃത്യമായി നടപടി എടുക്കണമെന്ന് ആവശ്യപ്പെടുന്നു.

**ശ്രീ. രാഹിൽ. ആർ. നാഥ്.**

കേരള യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ഏറ്റവും വലിയ സമരമായിരുന്നു. Kerala Law Academy Law College ൽ നടന്നത്. അവിടുത്തെ വിദ്യാർത്ഥികൾ ഉയർത്തിയ ഏറ്റവും വലിയ പരാതി ഇന്റേണൽ മാർക്കുമായി ബന്ധപ്പെട്ട പീഡനങ്ങളാണ്. Attendance Details notice board ൽ പ്രസിദ്ധീകരിക്കുന്നില്ല. വിദ്യാർത്ഥി യൂണിയന്റെ Election സമയത്ത് നടത്തുന്നില്ല. പരീക്ഷാ ഹാളിൽ CCTV CAMERA വേണമെന്ന യൂണിവേഴ്സിറ്റിയുടെ നിർദ്ദേശം പല സ്വാശ്രയ കോളേജുകളും ദുരുപയോഗം ചെയ്യുകയാണ്. അത് രൂക്ഷമായി കണ്ടത് Kerala Law Academy Law College ൽ ആണ്. നിയമത്തിന് വേണ്ടി പോരാടേണ്ട അഭിഭാഷകരാകേണ്ട വിദ്യാർത്ഥികൾ പഠിക്കുന്ന കോളേജിൽ വരെ ഇതാണ് സ്ഥിതി അതുകൊണ്ട് സഭ ഇതിനെ ഗൗരവമായി കാണേണ്ടതാണ്. ഇന്റേണൽ മാർക്ക് പരിശോധിക്കാൻ സമിതികൾ വേണം. സമിതികൾക്ക് പരിഹരിക്കാൻ കഴിയാത്ത പരാതികൾ യൂണിവേഴ്സിറ്റി ഇടപെട്ട് പരിഹരിക്കണമെന്ന്

ആവശ്യപ്പെടുന്നു. യൂണിവേഴ്സിറ്റി അധികാരികൾ ഇത്തരം സ്വാശ്രയ കോളേജുകൾ സന്ദർശിച്ച് അവിടുത്തെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കണം.

ക്രിയാത്മകമായ നിയമ നിർമ്മാണം നടത്തി സ്വാശ്രയ കോളേജുകൾ Concentration Camp കൾ ആകാതെ നോക്കണം.

**ശ്രീ. R.H.ബാഹുൽ കൃഷ്ണ.**

കേരള സർവകലാശാലയിലെ സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക മേനേജ്മെന്റ് പീഡനങ്ങൾ സമൂഹത്തിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിരിക്കയാണ്. Kerala Law Academy Law College ൽ Internal Mark കൊടുക്കുന്നതുമായും ജാതിപ്പേര് വിളിച്ചതുമായുള്ള പരാതികൾ നാം അറിഞ്ഞതാണ്

അടുത്തുള്ള Self Financing College ൽ ഇങ്ങനെയാണെങ്കിൽ ദൂരെയുള്ള കോളേജുകളിൽ എന്തായിരിക്കും സ്ഥിതി എന്ന് ഊഹിക്കുവാനുള്ളതേയുള്ളൂ.

Kerala Law Academy Law College Principal ആയിരുന്ന ലക്ഷ്മി നായരുടെ രണ്ട് ഡിഗ്രിയിൽമേൽ ഒരു നടപടിയും എടുത്തു കാണുന്നില്ല. അതുകൊണ്ട് ബാക്കി കോളേജുകൾക്ക് ഇതൊരു പ്രചോദനമായിരിക്കും.

ഇക്കാര്യത്തിൽ സർവകലാശാലയുടെ മുഖം വികൃതമായിരിക്കുകയാണ്. അതിനാൽ യൂണിവേഴ്സിറ്റി എത്രയും പെട്ടെന്ന് വിദ്യാർത്ഥികളുടെ പ്രശ്നങ്ങളിൽ ഇടപെട്ട് സത്വരനടപടികൾ എടുത്തു സർവകലാശാലയുടെ ഉത്തരവാദിത്തം എന്താണെന്ന് കേരള ജനതയ്ക്ക് കാട്ടിക്കൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

**ശ്രീ. അരുൺകുമാർ. ആർ.**

മഹത്തായ ഒരു ലക്ഷ്യത്തിനായാണ് നമ്മൾ എല്ലാവരും സ്വാശ്രയ കോളേജുകളെ പ്രൊമോട്ട് ചെയ്തത്. വിദ്യാഭ്യാസം ഒരു സാമൂഹിക കാര്യമെന്ന സത്യം മറന്ന് ലാഭേച്ഛയ്ക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒരു ന്യൂനപക്ഷം മാനേജ്മെന്റുകൾ നിലവിലുണ്ട്. നിലവിലെ നിയമങ്ങൾ അനുസരിച്ചാണോ ഇത്തരം കോളേജുകൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ട ചുമതല യൂണിവേഴ്സിറ്റിയ്ക്കുണ്ട്. നല്ല ശമ്പളം കൊടുക്കാത്തത് കാരണം നല്ല അദ്ധ്യാപകർ ഇല്ല.

വിദ്യാർത്ഥി പ്രവർത്തനം നല്ല നിലയിൽ നടത്താൻ അനുവദിക്കണം. അഫിലിയേഷൻ സമയത്ത് ഉറപ്പാക്കിയ കാര്യങ്ങൾ പാലിക്കുന്നുണ്ടോ എന്ന് യൂണിവേഴ്സിറ്റി പരിശോധിക്കണം. സ്വാശ്രയ മേഖലയെ നശിപ്പിക്കാനുള്ള നടപടി അല്ല വേണ്ടത്. പകരം Correct ചെയ്യാൻ വേണ്ട നടപടികളാണ് സ്വീകരിക്കേണ്ടത്.

**ശ്രീ. അൻവർഷാ. D**

കേരളത്തിലെ ഏറ്റവും വലിയ ഒരു വിദ്യാർത്ഥി വിരുദ്ധ നിലപാട് കൈകൊള്ളുന്ന സ്വാശ്രയ കോളേജുകൾ ഉള്ള ഒരു യൂണിവേഴ്സിറ്റി ആയി കേരള യൂണിവേഴ്സിറ്റി മാറുന്നു. വിദ്യാർത്ഥി സംഘടനകളുടെ ജനാധിപത്യപരമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ തുറന്നുപറയാൻ വേദികൾ ഇല്ല. കോളേജുകളിലെ വിദ്യാർത്ഥി പ്രതിനിധികളേ വിളിച്ച് കോളേജുകളിലെ കാര്യങ്ങൾ യൂണിവേഴ്സിറ്റി ചോദിച്ചറിയണം. പത്രവാർത്ത വരുമ്പോളാണ് യൂണിവേഴ്സിറ്റി പോലും കോളേജുകളിലെ പ്രശ്നങ്ങൾ അറിയുന്നത്.

മാനേജ്മെന്റുമായി അടുപ്പമുള്ള വിദ്യാർത്ഥികളെയാണ് മിക്ക Self Financing Collegeകളിലും വിദ്യാർത്ഥി പ്രതിനിധിയായി തിരഞ്ഞെടുക്കുന്നത്. KLA യുമായി ബന്ധ പ്പെട്ട വിഷയവുമായി Kerala University Syndicate ൽ വിഭിന്നാഭിപ്രായം വന്നതിൽ സെനറ്റംഗം എന്ന നിലയിൽ ഞാൻ ഖേദിക്കുന്നു. ഒരു കൂട്ടം വിദ്യാർത്ഥികൾക്കെതിരെ നിലപാട് എടുത്ത പ്രിൻസിപ്പാളിനെ ഒരു മുഖവും നോക്കാതെ ഒരു രാഷ്ട്രീയവും നോക്കാതെ അവർക്കെതിരെ നടപടി സ്വീകരിക്കാൻ ഉള്ള കെൽപ്പുണ്ടാകണമായിരുന്നു കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്. എന്നാൽ അതിന് വിരുദ്ധമായി രണ്ട് അഭിപ്രായമായി സിൻഡിക്കേറ്റ് മാറിപ്പോയി എന്നത് വിഷമം ഉണ്ടാക്കി. ഇനി ഇതാവർത്തിക്കാൻ പാടില്ല. ഏതൊരു കാമ്പസിലും വിദ്യാർത്ഥി വിരുദ്ധ നിലപാടുകൾ കൈക്കൊള്ളുന്ന മാനേജുമെന്റുകൾക്കെതിരെ, പ്രിൻസിപ്പാളിനെതിരെ, അധികാരികൾക്കെതിരെ സർവകലാശാല എന്തു നിയമ ഭേദഗതി നടത്തിയും തീരുമാനങ്ങൾ എടുത്ത് വിദ്യാർത്ഥി പക്ഷത്ത് നിന്നു തീരുമാനങ്ങൾ കൈക്കൊള്ളാൻ യൂണിവേഴ്സിറ്റി തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ഗൗരവപരമായ പ്രമേയം അവതരിപ്പിച്ചതിന് പൂർണ്ണമായ പിൻതുണ നൽകുന്നു.

**ശ്രീ. സാം. കെ. ഡാനിയൽ.**

വർത്തമാനകാല കേരളം വിദ്യാഭ്യാസ മേഖലയിൽ അഭിമുഖീകരിക്കുന്ന ഏറ്റവും കാതലായ പ്രശ്നമാണ് കേരള യൂണിവേഴ്സിറ്റിയുടെ സെനറ്റ് ഇന്ന് ചർച്ച ചെയ്യുന്നത്. സ്വാശ്രയമേഖലയിലേക്ക് കേരളം നടന്ന് നീങ്ങുന്ന സന്ദർഭത്തിൽ തന്നെ വിദ്യാഭ്യാസ വിദഗ്ദരായ ആളുകൾ പറഞ്ഞതാണ്, കേരളത്തിലെ ഭാവി തലമുറ ഇതിന്റെ ദുരിതം അനുഭവിക്കുമെന്ന്. ആ ദുരന്തത്തിനാണ് നാം ഇന്ന് സാക്ഷ്യം

വഹിക്കുന്നത്. ഇതു മാറ്റി എടുക്കുവാൻ വേണ്ട ഏറ്റവും സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളേണ്ടുന്ന സർവകലാശാലയാണ് കേരള യൂണിവേഴ്സിറ്റി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.സ്വാശ്രയ കോളേജുകളെ നിലയ്ക്ക് നിർത്താൻ നമുക്ക് കഴിയുന്നുണ്ടോ എന്നാണ് ചർച്ച ചെയ്യേണ്ടത്.

കേരള യൂണിവേഴ്സിറ്റിയുടെ അധികാര അവകാശങ്ങൾ ഉപയോഗിച്ചുകൊണ്ട് നിയമപരമായി ബന്ധപ്പെട്ട കോളേജുകളിൽ ഒരു പരാതി ഉണ്ടാകുമ്പോൾ ആ പരാതിയുടെ വസ്തുതയും സത്യസന്ധതയും മനസ്സിലാക്കി കൊണ്ടുതന്നെ ആ പരാതിക്ക് പരിഹാരം കാണാൻ പറ്റുന്നുണ്ടോ ഇല്ലയോ എന്നതാണ് പ്രശ്നം. Kerala Law Academy യുമായി ബന്ധപ്പെട്ട പ്രശ്നമോ മറ്റേതെങ്കിലും പ്രശ്നമോ എന്നതല്ല. തക്കസമയത്ത് നടപടി എടുക്കാൻ പറ്റാത്തതുകൊണ്ടാണ് Kerala Law Academy Law College ൽ ഒരു വലിയ വിദ്യാർത്ഥി പ്രക്ഷോഭത്തിന് നാം സാക്ഷ്യം വഹിക്കേണ്ടി വന്നത്. വിദ്യാർത്ഥിസമരത്തിലേക്ക് വിദ്യാർത്ഥികളെ കൊണ്ടെത്തിക്കണോ എന്ന് നാം ചിന്തിക്കണം. വിദ്യാർത്ഥി വിരുദ്ധ നിലപാട് എടുക്കുന്ന മാനേജ്മെന്റുകൾക്കെതിരെ നടപടി എടുക്കാനുള്ള നിയമ നിർമ്മാണം നടത്തണം. ഇത്തരം കോളേജുകളിൽ ജനാധിപത്യപരമായ വിദ്യാർത്ഥി തെരഞ്ഞെടുപ്പു നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർവകലാശാലയ്ക്ക് കഴിയണം. കാതലായ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും വിദ്യാർത്ഥികൾ ഉന്നയിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്ത് അടിയന്തിരമായി പരിഹാരം കാണാനും യൂണിവേഴ്സിറ്റി തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഇതിനെ പിൻതാങ്ങുന്നു.

**ഡോ. യൂനുസ് കുഞ്ഞ്. എ.**

കേരളത്തെ സംബന്ധിച്ചിടത്തോളം ഈ അടുത്ത കാലത്തുണ്ടായ ഏറ്റവും വലിയ ചർച്ചയാണ് സ്വാശ്രയ സ്ഥാപനങ്ങളെക്കുറിച്ച് ഉണ്ടായിട്ടുള്ളത്. സ്വാശ്രയ സ്ഥാപനങ്ങൾ എങ്ങനെ ഈ നാടിന് ഗുണം ചെയ്തു എന്ന് ആരുംതന്നെ പറഞ്ഞു കേൾക്കുവാൻ ഇടയായില്ല. Self Financing സ്ഥാപനങ്ങൾ കേരളത്തിൽ വളരെ അധികമാണ്. ഏതാണ്ട് 1300 ഓളം സ്ഥാപനങ്ങൾ ഉണ്ടെന്നാണ് മനസ്സിലാക്കുന്നത് സ്കൂളുകൾ ഉൾപ്പടെ ഈ സ്ഥാപനങ്ങളെല്ലാം രാജ്യത്ത് പ്രവർത്തിക്കുന്നത് ഒരു വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ്. ചില മാനേജ്മെന്റുകൾ തെറ്റ് ചെയ്തിരിക്കാം. പക്ഷെ എല്ലാവരെയും അടക്കി അക്ഷേപിക്കുന്നത് ശരിയല്ല. ഈ സ്ഥാപനങ്ങൾ രാജ്യത്തിന് ചെയ്ത നന്മകൾ കൂടി ചർച്ച ചെയ്യേണ്ടതാണ്. ഒരു ലക്ഷത്തിൽ അധികം പേർക്ക് ജോലി കൊടുത്തിട്ടുണ്ട്. സർക്കാരിന്റെ ഒരു ചില്ലി പൈസ മുടക്കാതെ. ഈ സ്ഥാപനങ്ങളിൽ പഠിച്ച് വിദേശങ്ങളിൽ പോയി ജോലി സമ്പാദിച്ച് അവരയയ്ക്കുന്ന വിദേശ പണം നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്കു മുതൽക്കൂട്ടാകുന്നു. കൊച്ചിയിൽ 5000 പേർക്ക് ജോലി കൊടുക്കാമെന്ന് പറഞ്ഞ് തുടങ്ങിയ Smart City പദ്ധതിക്ക് സർക്കാർ എത്ര കോടി രൂപ മുടക്കി? ഒന്നോ രണ്ടോ കോളേജുകളിൽ പ്രശ്നമുണ്ടായാൽ മൊത്തം കോളേജുകളെ അടക്കി അക്ഷേപിച്ചുകൊണ്ടു മുന്നോട്ടുപോകുന്നത് ശരിയല്ല. പത്തുനാല്പതു വർഷമായി Self Financing Institution നടത്തുന്ന ഞാൻ ഇന്നുവരെ ഇടിമുറി ഒന്നും കണ്ടിട്ടില്ല. എന്റെ സ്ഥാപങ്ങളിൽ വരുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി അധികാരികൾ എന്നിവർക്കറിയാം എന്റെ കോളേജുകളെക്കുറിച്ച്. കുഴപ്പം ചെയ്യുന്ന കോളേജുകൾക്കെതിരെ നടപടി എടുക്കുന്നത് സ്വാഗതം ചെയ്യുന്നു. അല്ലാതെ മുഴുവൻ സ്ഥാപനങ്ങളേയും ആക്ഷേപിച്ച് കേരളത്തിൽ വിദ്യാഭ്യാസ മേഖല തകർന്നു തരിപ്പണമായിരിക്കയാണ് എന്ന് പ്രചരിപ്പിച്ച് മറ്റു സംസ്ഥാനങ്ങളിലേക്ക് നമ്മുടെ കുട്ടികളെ എത്തിക്കുന്ന ഏജന്റുമാരും മീഡിയകളുമാണ് ഇതിന് പിന്നിൽ. അമിത ഫീസ് ഈടാക്കുന്നെങ്കിൽ യൂണിവേഴ്സിറ്റി അധികാരികൾ പരിശോധിച്ച് നടപടി എടുക്കണം. എന്റെ സ്ഥാപനത്തിൽ ഏതാണ്ട് ഒരു കോടി രൂപ ഫീസ ഇനത്തിൽ കുടിശ്ശിക കിട്ടാനുണ്ട്. അങ്ങനെയും ഉള്ള സ്ഥാപനങ്ങൾ ഉണ്ട്. അതുകൊണ്ട് ഈ പ്രമേയം ഒന്നോടെ പാസ്സാക്കരുത്. വരും തലമുറ വിദ്യാഭ്യാസം തേടി Karnataka/Tamil Nadu/Andhra Pradesh ൽ പോകുന്ന സ്ഥിതി വരുത്തരുത്. ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ആയിരങ്ങൾ തൊഴിൽ രഹിതരാകും. പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലരുത്.

**Dr. P. Rajesh Kumar, Member, Syndicate & Convenor, Standing Committee of the Syndicate on Affiliation of Colleges replied as noted:**

ഭരണപക്ഷ/പ്രതിപക്ഷ ഭേദമില്ലാതെ എല്ലാവരും ഈ പ്രമേയത്തെ അനുകൂലിച്ചതായി കാണുന്നു. വളരെ ക്രിയാത്മകമായി സഭ ഈ വിഷയം ചർച്ച ചെയ്തു. പക്ഷേ ചില അംഗങ്ങൾ പ്രമേയത്തിന്റെ വിഷയത്തിൽ നിന്നും മാറി Kerala Law Academy വിഷയത്തിൽ മാത്രം ഒതുക്കിനിർത്തി. Kerala Law Academy Law College വിഷയത്തിൽ സർവകലാശാല ഒന്നും ചെയ്തില്ല എന്നത് ശരിയാണോ എന്ന് യുക്തിസഹജമായി ചിന്തിക്കണം. സർവകലാശാലയിൽ രണ്ടഭിപ്രായമുണ്ടായത് അന്ന് എടുത്ത തീരുമാനത്തിന്റെ ഒരു അംശത്തിൽ മാത്രമാണ്. ലക്ഷ്മി നായർക്ക് എതിരെ എന്തു നടപടി വേണം എന്നുള്ള കാര്യത്തിൽ മാത്രമാണ് അന്ന് രണ്ട് അഭിപ്രായമുണ്ടായത്. മറ്റെല്ലാ തീരുമാനങ്ങളും unanimous ആയിരുന്നു. സർവകലാശാല സിൻഡിക്കേറ്റിന്റെ രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. ആദ്യമായാണ് ഒരു പ്രിൻസിപ്പാളിനെ 5 വർഷത്തേക്ക് Debar ചെയ്യുന്നത്. ഏതാണ്ട് അഞ്ചോളം വിദ്യാർത്ഥി സംഘടനകൾ ഉള്ള Kerala Law Academy യിലെ ഒരു സംഘടനപോലും ഇത്തരം ഒരു പ്രശ്നം ഉള്ളതായി സർവകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് രാഷ്ട്രീയപ്രവർത്തനം കൊണ്ടുമാത്രം കാര്യമില്ല. സെനറ്റ്

ഇത്രയും ഗൗരവമായി ഈ വിഷയം ചർച്ച ചെയ്തതിൽ നിന്ന് സ്വാശ്രയ കോളേജുകളിൽ ശക്തമായ ഇടപെടലുകൾ സർവകലാശാലയ്ക്കും അതുപോലെ സർക്കാരിനും നടത്തേണ്ടതായിട്ടുണ്ട് എന്ന കാര്യം നമ്മൾ തിരിച്ചറിയേണ്ടതായിട്ടുണ്ട്. സർവകലാശാലയ്ക്ക് നിലവിലുള്ള നിയമങ്ങളിൽ പരിധികളുണ്ട്. അതുകൊണ്ട് നിയമനിർമ്മാണം അടക്കമുള്ള കാര്യങ്ങൾ സർക്കാരുമായി യോജിച്ച് ഈ രംഗത്ത് ശക്തമായും ക്രിയാത്മകമായിട്ടുള്ള ഇടപെടലുകൾ ഉണ്ടാവാൻ സർക്കാരിനോട് ആവശ്യപ്പെടാനും നിലവിലുള്ള നിയമങ്ങളിൽ നിന്നു കൊണ്ട് കാര്യക്ഷമമായും ശക്തമായും ഇടപെടാൻ യൂണിവേഴ്സിറ്റി സ്വന്തം നിലയ്ക്ക് തീരുമാനിക്കണം എന്നുമാണ് ഇത് സംബന്ധിച്ച് പറയാനുള്ളത്.

The Vice-Chancellor informed that the Syndicate will consider matters relating to Self Financing Colleges including conduct of examinations and take corrective measures in this regard.

The House unanimously accepted the motion.

The Chair thanked the members for their co-operation and adjourned the meeting.

The meeting came to a close at 12.45 p.m.

**Day – 2 : (22nd February, 2017)**

**Members Present:**

1. Prof.(Dr.) P.K. Radhakrishnan (in the Chair)
   Vice-Chancellor
2. Dr.N.Veeramanikandan
   Pro-Vice-Chancellor
3. Dr.G.Kishore
4. Dr.M.Jeevanlal
5. Dr.P.M.Radhamany
6. Dr.P.Rajesh Kumar
7. Prof.R.Mohanakrishnan
8. Dr.Shaji. K.
9. Adv. Krishnakumar S
10. Sri.John Thomas
11. Sri.B.S.Jyothikumar
12. Sri. K.S.Gopakumar
13. Sri.M.K.Abdul Rahim
14. Sri. M. Sreekumar
15. Dr. R. Lathadevi
16. Dr. K. Manickaraj
17. Adv.A.A.Rahim
18. Adv. K.H. Babujan
19. Dr. A. Jayakumaran Nair.
20. Dr. Jaya. D.S.
21. Dr. R.S. Krishnakumar.
22. Dr. G.S. Jayasree.
23. Dr. V.S.Sharma.
24. Smt.Ashitha. S.
25. Dr. Ganga Prasad. A.
26. Dr. Ampotti. A.K.
27. Dr. Preetha Prabhasan.
28. Dr. Girija. K.
29. Prof. Suresh A.K
30. Dr. Cherian John
31. Smt. Oleena. A.G.
32. Dr. R. Arun Kumar.
33. Dr. B.K. Madhu.
34. Dr. S. Anil Kumar.
35. Dr. P. Sunilkumar.
36. Dr. S. Sreeja.
37. Dr. Sanal Kumar. M.G.
38. Sri. Sam K. Daniel.
39. Sri. Anil Kumar. S.
40. Sri. Geevarghese Ninan.
41. Sri. A.M. Junaid.
42. Sri. Mansoor. A.
43. Dr.A.Younus Kunju
44. Sri. S. Kuttappan Chettiyar.
45. Sri.Adarsh Khan. P.

46. Sri.Anoop. P.
47. Sri.Anvarsha. A.
48. Sri. Bahul Krishna R.H
49. Sri.Gokul. M.S.
50. Smt. Krishnendu. S.
51. Sri.Manesh. P.
52. Sri. Rahil R. Nath.
53. Sri. Ravikumar. R.
54. Sri.Tinu Prem.
55. Sri. Plasis. S.
56. Sri. Pradeep Narayan. M.K.
57. Sri. Kallada Gireesh.
58. Sri. S. Velayudhan Nair. (Sasthamangalam Mohan)
59. Dr. A.M. Unnikrishnan
60. Dr. Razia. K.I.
61. Adv. C.R.Pranakumar
62. Smt. Parvathy R. Nair
63. Smt. Harsha Jose

The meeting was called to order at 8.30 a.m. by Prof.(Dr.) P.K. Radhakrishnan, Hon'ble Vice-Chancellor.

The Vice-Chancellor then informed that as per the schedule of Business, it is Question Hour and invited the members to present their questions.

**Question No.21** given notice of by Dr. P. Sunil Kumar, was answered by Sri.M.K.Abdul Rahim, Member, Syndicate.

| ചോദ്യം: 21 | **ഡോ.പി.സുനിൽകുമാർ** |
|---|---|
| | 1. ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിന്റെ പ്രതിനിധികൾക്ക് താമസിക്കാനായി ഹോട്ടൽ ചൈത്രത്തിൽ റൂം ബുക്ക് ചെയ്തിരുന്നോ? ഉണ്ട് എങ്കിൽ ആർക്ക് ഒക്കെയാണ് അവിടെ താമസ സൗകര്യം നൽകിയത്?<br>2. ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സുമായി ബന്ധപ്പെട്ട് ട്രാൻസ്പോർട്ടേഷൻ കമ്മിറ്റി ഇന്നോവകാർ എത്ര എണ്ണം വാടകയ്ക്ക് എടുത്തു? ഇവ ആരുടെ ഒക്കെ ഉപയോഗ ത്തിനു വേണ്ടിയാണ് വിട്ടുകൊടുത്തത്? പേര് വിവരങ്ങൾ വിശദീകരിക്കുക? |
| **ഉത്തരം** | 1. ഇല്ല. ബാധകമല്ല.<br>2. 5. ഈ കാറുകൾ ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി Officials/Guest ഉപയോഗിച്ചു. |

**Question No.22** given notice of by Sri.Arun Kumar. R., was answered by Sri. M.K.Abdul Rahim, Member, Syndicate.

| ചോദ്യം: 22 | **ശ്രീ. അരുൺകുമാർ.ആർ** |
|---|---|
| | സർവകലാശാല യുവജനോത്സവങ്ങളിൽ വിധി നിർണ്ണയങ്ങളിൽ ധാരാളം പരാതി വരുന്ന സാഹചര്യത്തിൽ വിധി നിർണ്ണയം കുറ്റമറ്റതാക്കാൻ എന്ത് നടപടിയാണ് സർവകലാശാല സ്വീകരിക്കുന്നത്? |
| **ഉത്തരം** | ഉയർന്നു വരുന്ന പരാതികൾ നിലവിൽ അപ്പലേറ്റ് കമ്മിറ്റി പരിശോധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ മെച്ചപ്പെടുത്തലുകൾ പരിശോധിക്കാവുന്നതാണ്. |

Sri. R. Arunkumar through a supplementary question enquired on approval of the Judges panel by the Appellate Committee.
Member, Syndicate informed that it can be considered.

**Question No.23** given notice of by Sri. Sam K. Daniel was answered by Dr.R. Latha Devi, Member, Syndicate.

| ചോദ്യം: 23 | **ശ്രീ. സാം കെ.ഡാനിയേൽ** |
|---|---|
| | a. സർവകലാശാല Platinum Jubilee Amenity Building ന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായോ? കാലാവധി എത്ര മാസമായിരുന്നു?<br>b. ഈ building ന്റെ പണിപൂർത്തിയാകുമ്പോൾ എത്ര കോടി രൂപ സർവകലാശാല ചെലവഴിച്ചു?<br>c. എന്നു മുതൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കും? വ്യക്തമാക്കുമോ? |
| **ഉത്തരം** | a. സർവകലാശാലയുടെ Amenity Building ന്റെ സിവിൽ സംബന്ധമായ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. കാലാവധി 720 ദിവസം ആയിരുന്നു.<br>b. അന്തിമ ബിൽ (final bill) ആയിട്ടില്ല.<br>c. ഇന്റീരിയർ, ലിഫ്റ്റ് തുടങ്ങിയ പ്രവർത്തികൾ പൂർത്തിയാകുന്ന മുറക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. |

**Question No.24** given notice of by Sri. S.Anil Kumar was answered by Dr.R. Latha Devi, Member, Syndicate.

| ചോദ്യം: 24 | **ശ്രീ.എസ്.അനിൽകുമാർ** |
|---|---|
| | സെനറ്റ് ഹൗസ് കാമ്പസിലും, കാര്യവട്ടത്തും സ്ഥിതി ചെയ്യുന്ന ഹെൽത്ത് സെന്ററുകൾ പരിമിതമായേ ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കും ഉപയോഗപ്പെടുന്നുള്ളൂ. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കും 'ഹെൽത്ത് കാർഡ്' അടക്കമുള്ള വിപുലമായ സേവനങ്ങൾ പ്രദാനം ചെയ്യുവാൻ കഴിയുന്ന ഒന്നായി ഹെൽത്ത് സെന്ററുകളെ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? |
| **ഉത്തരം** | പാളയം കാമ്പസിലും, കാര്യവട്ടം കാമ്പസിലുമുള്ള ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനത്തെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി മൂന്ന് സിൻഡിക്കേറ്റ് അംഗങ്ങൾ അടങ്ങിയ ഒരു ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**Question No.25** given notice of by Dr. Cherian John was answered by Prof. R. Mohanakrishnan, Member, Syndicate.

| ചോദ്യം: 25 | **ഡോ.ചെറിയാൻ ജോൺ** |
|---|---|
| | എയ്ഡഡ് കോളേജ് അധ്യാപകരുടെ നിയമന അംഗീകാരത്തിനായി ലഭിച്ച അപേക്ഷകളിൽ, നിലവിൽ എത്ര അധ്യാപകർക്ക് സർവകലാശാല അംഗീകാരം നൽകാനുണ്ട്?<br>a) ഇവർക്ക് നിയമനാംഗീകാരം നൽകുന്നതിലുള്ള പ്രധാന തടസ്സം/തടസ്സങ്ങൾ എന്താണ്?<br>b) ഈ അദ്ധ്യാപകർക്ക് നിയമന അംഗീകാരവും ശമ്പളവും താമസ്സം വിന ലഭിക്കുവാനായി എന്തെല്ലാം സത്വര നടപടികളാണ് സർവകലാശാല സ്വീകരിച്ചിട്ടുള്ളത്?<br>c) സ്വീകരിച്ച നടപടികളുടെ പുരോഗതി ഏത് ഘട്ടം വരെ ആയിട്ടുണ്ട്? |
| **ഉത്തരം** | 192<br>a, b & c (i) 92 പ്രൊപ്പോസലുകളിൽ ന്യൂനപക്ഷമല്ലാത്ത കോളേജുകളിൽ നിന്നുള്ളവയിന്മേലുള്ള തുടർ നടപടികൾ, SC/ST സംവരണവുമായി ബന്ധപ്പെട്ടുള്ള വിധി (No.32393 of 2010 dated 25.05.2015) യിൻമേലും ഇതിലുള്ള stay (Interim Order in W.A.No.1664/2015 dated 03.07.2015 of Hon'ble High Court) യിന്മേലുള്ള സ്റ്റാന്റിംഗ് കൗൺസിലിന്റെ അഭിപ്രായവുമനുസരിച്ച് താത്ക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.<br>(ii) മേൽപ്പറഞ്ഞ 192 പ്രൊപ്പോസലുകളും 23.02.2016 ലെ ബഹു.ഹൈകോടതി വിധിയിൻമേൽ സ്റ്റാൻഡിംഗ് കൗൺസിൽ നൽകിയ UGC റെഗുലേഷനുമായി ബന്ധപ്പെട്ട |

| | |
|---|---|
| | എല്ലാ നിയമനങ്ങളും 18.09.2010 മുതൽ തന്നെ പ്രാബല്യത്തിലാക്കണം' എന്ന അഭിപ്രായത്തിന്റെ വെളിച്ചത്തിൽ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.<br>(iii) റിസർവേഷൻ നടപ്പിലാക്കണമെന്നുള്ള ബഹു.ഹൈക്കോടതി വിധിയിന്മേലുള്ള സ്റ്റാൻഡിംഗ് കൗൺസിലിന്റെ അഭിപ്രായം ഇനി വരുന്ന സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.<br>(iv) 23.02.2016 ന്റെ ബഹു.ഹൈക്കോടതി വിധിയിന്മേലുള്ള സ്റ്റാന്റിംഗ് കൗൺസിലിന്റെ അഭിപ്രായം ഇനി വരുന്ന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയിലേക്കായി സമർപ്പിച്ചിട്ടുണ്ട്. |

**Question No.26** given notice of by Sri.S. Kuttappan Chettiar was answered by Dr.P. Rajesh Kumar, Member, Syndicate.

| ചോദ്യം: 26 | **ശ്രീ.എസ്.കുട്ടപ്പൻ ചെട്ടിയാർ** |
|---|---|
| | കേരള യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കാനും യൂണിവേഴ്സിറ്റി നിയമങ്ങൾ കർശനമായി പാലിക്കുന്നു എന്നുറപ്പുവരുത്താനും കുട്ടികൾക്കു മെച്ചപ്പെട്ട വിദ്യാഭ്യാസവും വിജയവും ലഭ്യമാക്കാൻ സ്വാശ്രയ സ്ഥാപനങ്ങളെക്കുറിച്ച് നല്ല ഒരു അവബോധം സൃഷ്ടിച്ചെടുക്കുവാനുമായി മാനേജുമെന്റ് പ്രതിനിധികളുമായി വിശദമായി ചർച്ച ചെയ്ത് വ്യക്തമായ ഒരു രൂപരേഖയുണ്ടാക്കാനും അതു പ്രവൃത്തിപഥത്തിലെത്തിക്കാനും വേണ്ടി നടപടികൾ യൂണിവേഴ്സിറ്റി സ്വീകരിക്കുമോ? |
| **ഉത്തരം** | പരിശോധിക്കാവുന്നതാണ് |

Sri. Kuttappan Chettiyar through a supplementary question sought for an assurance in this regard.

Member Syndicate informed that the Syndicate shall take an appropriate action in this regard.

**Question No.27** given notice of by Sri.Arun Kumar. R., was answered by Dr.P.M.Radhamani, Member, Syndicate.

| ചോദ്യം: 27 | **ശ്രീ. അരുൺകുമാർ.ആർ** |
|---|---|
| | API സ്കോറുമായി ബന്ധപ്പെട്ട templates യൂണിവേഴ്സിറ്റി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയതിൽ കായികാദ്ധ്യാപകർക്ക് കൂടി പ്രയോജനം കിട്ടത്തക്കവിധത്തിൽ വേണ്ട മാറ്റങ്ങൾ യൂണിവേഴ്സിറ്റി വരുത്തുമോ? |
| **ഉത്തരം** | പരിശോധിക്കാവുന്നതാണ്. നടപടികൾ സ്വീകരിച്ചു വരുന്നു. |

**Question No.28** given notice of by Dr. Preetha Prabhasan was answered by Dr.M.K.Abdul Rahim, Member, Syndicate.

| ചോദ്യം: 28 | **ഡോ. പ്രീതാ പ്രഭാസൻ** |
|---|---|
| | കേരള യൂണിവേഴ്സിറ്റി യുവജനോത്സവത്തോടനുബന്ധിച്ചുള്ള അപ്പീലുകളിന്മേൽ തീരുമാനമെടുക്കുന്നതിന് എന്താണ് മാനദണ്ഡം? |
| **ഉത്തരം** | അപ്പീലുകളിന്മേൽ തീരുമാനമെടുക്കുന്നത് Appellate Committee ആണ്. |

Dr. Preetha Prabhasan enquired on video coverage of the whole event to enable the Appellate Committee to take a just decision.

Member Syndicate replied that video coverage of the events can be considered.

**Question No.29** given notice of by Adv.Aji Kumar was not considered as the member was absent.

| ചോദ്യം: 29 | **അഡ്വ. അജികുമാർ** |
|---|---|
| | a. കേരള സർവകലാശാല ഈ വർഷം മുതൽ PG Private Registration നടപ്പിലാക്കുമെന്ന് ഉത്തരവിറക്കിയെങ്കിലും രജിസ്ട്രേഷൻ നടപടികൾ വൈകുന്നതിന് കാരണമെന്താണ്?<br>b. ഈ വർഷം M.Com Private Registration ഉണ്ടാകുമോ? |

| | |
|---|---|
| | c. IDE യുടെ അംഗീകാരം പുന:സ്ഥാപിച്ചാൽ ഈ വർഷം IDE വഴി Admission നടക്കുമോ ? വിശദമാക്കുമോ? |
| **ഉത്തരം** | a. PG Private Registration ന്റെ ഫീസ് ഘടന തീരുമാനിക്കുന്നതിലുണ്ടായ കാലതാമസമാണ്.<br>b. ഉണ്ടാകും.<br>c. ഇല്ല. IDE യുടെ അംഗീകാരം 2017 – 18 അദ്ധ്യായന വർഷം മുതലാണ് പുന:സ്ഥാപിച്ചു നൽകിയിട്ടുള്ളത്. |

**Question No.30** given notice of by Dr. Anil Kumar. S., was answered by Sri. M. Sreekumar, Member, Syndicate.

| **ചോദ്യം: 30** | **ഡോ.അനിൽകുമാർ. എസ്** |
|---|---|
| | അദ്ധ്യാപകരുടെ ജോലി സമയം രാവിലെ 9.00 മുതൽ വൈകിട്ട് 4.00 മണി വരെ/ 9.30 മുതൽ വൈകിട്ട് 4.30 വരെ എന്നാൽ B.A, B.Sc., B.Com യൂണിവേഴ്സിറ്റി പരീക്ഷകൾ എല്ലാ ദിവസവും ഉച്ചകഴിഞ്ഞാണ് നടത്തിവരുന്നത്. അതുകൊണ്ട് അദ്ധ്യാപകർ അവരുടെ ഡ്യൂട്ടി സമയം കഴിഞ്ഞും ജോലി ചെയ്യേണ്ടതായി വരുന്നു.<br>1. B.A, B.Sc., B.Com യൂണിവേഴ്സിറ്റി പരീക്ഷകൾ രാവിലെ എന്തുകൊണ്ട് നടത്തുന്നില്ല?<br>2. ഉച്ചയ്ക്ക് ശേഷം മാത്രം UG Examination നടത്താനുള്ള തീരുമാനം ആരുടേതാണ്?<br>3. രാവിലെ യൂണിവേഴ്സിറ്റി പരീക്ഷകൾ നടത്താതിരിക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്? |
| **ഉത്തരം** | പരീക്ഷകളുടെ ബാഹുല്യം നിമിത്തം റഗുലർ ക്ലാസുകൾ നഷ്ടപ്പെടാതിരിക്കുന്നതിനു വേണ്ടിയാണ് പരീക്ഷകൾ ഉച്ചയ്ക്കുശേഷം (AN) നടത്തുന്നത്. ഇതുമൂലം പ്രസ്തുത പരീക്ഷകൾ നടക്കുന്ന ദിവസം FN session ക്ളാസ്സുകൾ മറ്റു കോഴ്സുകൾക്ക് നടത്തുവാൻ കഴിയും. |

**Question No.31** given notice of by Sri. Anvarsha was answered by Dr.P. Rajesh Kumar, Member, Syndicate.

| **ചോദ്യം: 31** | **ശ്രീ.അൻവർഷാ** |
|---|---|
| | കേരള സർവകലാശാലയിൽ അഫിലിയേറ്റഡ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിൽ വിദ്യാർത്ഥികളുടെ അടിസ്ഥാന സൗകര്യങ്ങൾ മാനേജ്മെന്റ് ലഭ്യമാക്കുന്നുണ്ടോ എന്ന് യൂണിവേഴ്സിറ്റി പരിശോധിക്കാറുണ്ടോ?<br>a) യൂണിവേഴ്സിറ്റി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വിദ്യാർത്ഥികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താതെ പ്രവർത്തിക്കുന്ന കോളേജുകൾ ഏതെല്ലാം?<br>b) ഉണ്ടെങ്കിൽ ഇങ്ങനെയുള്ള കോളേജുകൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു?<br>c) ഇല്ലെങ്കിൽ എന്തുകൊണ്ട്? |
| **ഉത്തരം** | ഉണ്ട്. അഫിലിയേഷൻ സമയത്തും തുടർ അഫിലിയേഷൻ സമയത്തും പരിശോധന നടത്താറുണ്ട്.<br>a & b) St.Mary's College, Mulavana, NSS Arts & Science College, Perayam എന്നീ കോളേജുകൾ മാനദണ്ഡങ്ങൾ മുഴുവനായി പാലിക്കുന്നില്ല എന്ന് കണ്ടതിനാൽ, ഈ കോളേജുകളിലെ മാനേജുമെന്റ് പ്രതിനിധികളുടേയും പ്രിൻസിപ്പൽമാരുടേയും ഹിയറിംഗ് നടത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br>c) ബാധകമല്ല. |

The Vice-Chancellor informed that the questions are over and invited the members to present their submissions.

## Submissions

**1.Sri.Gokul. M.S.:**

നിയമവിദ്യാഭ്യാസതലത്തിൽ നിലവിലുള്ള ഇന്റേണൽ മാർക്കിംഗ് സംവിധാനം ചില അദ്ധ്യാപകരും സ്ഥാപനങ്ങളും ദുരുപയോഗം ചെയ്യുന്നതിനാൽ വിദ്യാർത്ഥികൾ മന:പൂർവ്വം ദ്രോഹിക്കപ്പെടുകയും മാനസികമായി പീഡിപ്പിക്കപ്പെടുകയും അടിമവൽക്കരിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയിലേയ്ക്ക് സഭാംഗങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയും വിദ്യാർത്ഥികൾക്ക് Internal Mark Improve ചെയ്യാൻ അവസരം കൊടുക്കണമെന്നും ആവശ്യപ്പെടുന്നു.

Sri. M. Sreekumar, Member, Syndicate and Convenor, Standing Committee on Examinations and Students Discipline informed that revamping of LLB Regulations is under consideration of the Syndicate.

**2.Sri.Gokul. M.S.:**

പഞ്ചവത്സര LLB കോഴ്സുകളുടെ സിലബസുമായി ബന്ധപ്പെട്ട് നിരവധി ആശങ്കകളും അപാകതകളും ഉയരുന്ന സാഹചര്യത്തിലാണ് അശാസ്ത്രീയമായ ഇപ്പോഴത്തെ Syllabus, Workshop നടത്തി Revise ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

Dr.P.M. Radhamany, Member, Syndicate and Convenor, Standing Committee on Academics & Research informed that the Syllabus of courses are to be revised every three years by the Board of Studies.

**3.Dr. P. Sunil Kumar**:

Dr. P. Sunil Kumar through his submission invited his attention of the House regarding allotting rooms in the Faculty Guest House at concessional rate to outstation members of the Senate and Academic Council.

Dr. R. Lathadevi, Member Syndicate and Convenor, Standing Committee of the Syndicate on Planning and Development informed that the matter will be considered by the Standing Committee.

**4. Sri. S. Anil Kumar:**

അധികം വരുന്ന ജോലിഭാരം കണക്കിലെടുത്തു CBCSS ന് വേണ്ടി അത്യാവശ്യം തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. 1 JR, 1 DR, 2 AR, 6 SO and 6 Assistant എന്നീ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഈ തസ്തികകൾ 2011 മുതൽ CBCSS വിഭാഗത്തിൽ പ്രവർത്തിച്ചുവന്നിരുന്നു. എന്നാൽ ഫെബ്രുവരി 2017 മുതൽ ഈ തസ്തികകളിൽ വരുന്ന പ്രൊമോഷൻ തടസ്സപ്പെട്ടിരിക്കുകയാണ്. ഇതിന് വേണ്ടി ഇറക്കിയ G.O. or U.O. യിൽ ഈ തസ്തികകൾ ഏതെങ്കിലും ഒരു കാലഘട്ടത്തിലേക്കാണെന്ന് ഒരു പരാമർശവുമില്ല. അതിനാൽ അടിയന്തിരമായി ഈ തസ്തികകളിലേക്ക് പ്രൊമോഷൻ നടത്തണമെന്ന് ആവശ്യപ്പെടുകയാണ്.

Sri. A.A.Rahim, Member, Syndicate and Convenor, Standing Committee of the Syndicate on Staff, Equipment and Buildings informed that the Syndicate has resolved to address the Government on the matter.

## Consideration of Adjournment motion

The Vice-Chancellor informed that adjournment motions have been given notice of by the following members as noted and read out the same.

1. Sri. Anoop. P.: യൂണിവേഴ്സിറ്റി രേഖകൾ പ്രകാരം പ്രൈവറ്റ് കോളേജായ Kerala Law Academy Law College ൽ നിന്നുള്ള അംഗങ്ങൾക്ക് സെനറ്റ്, സിൻഡിക്കേറ്റ് തുടങ്ങിയ യൂണിവേഴ്സിറ്റി ബോഡികളിലേക്കുള്ള വോട്ടവകാശം, മൽസരിക്കാനുള്ള അവസരം എന്നിവ പിൻവലിക്കണം എന്നാവശ്യപ്പെടുന്നു.

2. Dr.P.Sunil Kumar: സ്വയംഭരണ കോളേജുകളിൽ യൂണിവേഴ്സിറ്റിയ്ക്കും ഗവൺമെന്റിനും മതിയായ അധികാരം ലഭിക്കുവാൻ സ്വയംഭരണ നിയമത്തിൽ വേണ്ട തിരുത്തലുകൾ നടത്തി നിയമനിർമ്മാണം നടത്തുവാൻ നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

3. Sri. R.H.Bahul Krishna.: സ്വകാര്യ കോളേജുകളിലും ഗവൺമെന്റ് കോളേജുകളിലും എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള നിയമം ഈ സഭ ഉണ്ടാക്കണം എന്നാവശ്യം.

4. Dr. Cherian John: അദ്ധ്യാപകരുടെ Placement/Promotion, API Score ലെ അപാകതകളും സംബന്ധിച്ച്.

Considering the decision of the majority, the House resolved that the adjournment motion given notice of by Dr. P. Sunil Kumar and seconded by Sri. Rahil. R. Nath be taken up for discussion at the time allotted for the purpose in the schedule of Business.

The Vice-Chancellor then invited the members for discussion on the Budget.

## BUDGET DISCUSSION

**Dr.A.K. Ampotti**: ഈ ബഡ്ജറ്റിന്റെ ആമുഖത്തിൽ തന്നെ സർവകലാശാല എന്താണെന്ന് സൂചിപ്പിക്കുന്നുണ്ട്. നമ്മുടെ നാടിന്റെ ഭൂപ്രകൃതിയുടെ ഏറ്റവും ശോഭയാർന്ന സാംസ്കാരിക ചിഹ്നമാണ് കേരള സർവകലാശാല എന്നാണ് പറഞ്ഞിരിക്കുന്നത്. യൂണിവേഴ്സിറ്റിയുടെ വിഷൻ എന്താണെന്ന് തുടക്കത്തിൽ തന്നെ പറയുകയാണ്. അതിന് യോജിക്കുന്ന രീതിയിലുള്ള രൂപരേഖയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് അതിന്റെ അക്കാദമിക് പെർഫോമൻസ്. അതുകൊണ്ട് തന്നെ അക്കാദമിക് പെർഫോമൻസിനായി കാര്യവട്ടം ക്യാമ്പസിൽ നടത്താൻ പ്രൊപ്പോസ് ചെയ്തിരിക്കുന്ന ചില പദ്ധതികളെക്കുറിച്ചാണ് ഞാനിവിടെ പറയാൻ ഉദ്ദേശിക്കുന്നത്. കാര്യവട്ടം ക്യാമ്പസ് മികവിന്റെ കേന്ദ്രമാക്കാൻ 300 കോടിയുടെ ഒരു കർമ്മ പദ്ധതി ഈ ബഡ്ജറ്റ് എടുത്തുപറയുകയാണ്. **Kerala Infrastructure Investment Fund Board**ന്റെ 300 കോടി രൂപ ഇതിനായി ലഭ്യമാക്കുമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. ലോകോത്തരനിലവാരമുള്ള ക്യാമ്പസാക്കി കാര്യവട്ടം ക്യാമ്പസിനെ മാറ്റുക എന്നതാണ് ലക്ഷ്യം. ഭൗതികസാഹചര്യങ്ങളിലൂടെ അക്കാദമിക് എക്സലൻസ് ഉണ്ടാക്കാനുള്ള കാര്യങ്ങളാണ് ഇതിൽ സൂചിപ്പിച്ചിരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം ഈ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് ക്യാമ്പസിലെ അക്കാദമിക് സമൂഹം ആയിരിക്കുമെന്നതാണ്. അത് **academic autonomy**-ക്ക് **emphasis** കൊടുക്കുന്ന കാര്യമായിട്ടാണ് കാണുന്നത്. ഓരോ ഡിപ്പാർട്ടുമെന്റും ശില്പശാല നടത്തി പദ്ധതികൾക്ക് രൂപം നൽകണമെന്നാണ് പറയുന്നത്. യൂണിവേഴ്സിറ്റിയുടെ **stakeholders** ആയ വിദ്യാർത്ഥികൾക്കും ഇതിൽ **say** ഉണ്ട്. വിദ്യാർത്ഥികൾക്ക് ഡിപ്പാർട്ടുമെന്റ് തലത്തിലും യൂണിയൻ തലത്തിലും അവരുടെ നിർദ്ദേശങ്ങൾ സമർപ്പിക്കാം. വളരെ ജനാധിപത്യപരമായ ഒരു **step** ആണിത്. ഈ കർമ്മപദ്ധതിയോട് ബന്ധപ്പെടുത്തി അന്താരാഷ്ട്ര കേരള പഠനകേന്ദ്രത്തിന്റ ആഭിമുഖ്യത്തിൽ നൂതനമായ പദ്ധതി ആയി കേരള ഗ്രാമവും വിഭാവനം ചെയ്തിരിക്കുകയാണ്. കേരളത്തിന്റെ ചരിത്ര സ്മൃതികളിൽ കൂടിയുള്ള ഒരു യാത്രയായിട്ടാണ് കൺവീനർ ഇതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. പിന്നെ ലോകോത്തര നിലവാരമുള്ള ബൊട്ടാണിക്കൽ ഗാർഡൻ പഠനത്തിനും ഗവേഷണത്തിനും അക്കാദമിക് ടൂറിസത്തിനും ഊന്നൽ നൽകുന്ന ഒരു കർമ്മ പദ്ധതി. ഇതു കൂടാതെ നിരവധി വിദ്യാർത്ഥി ക്ഷേമ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജീവനക്കാരെ സംബന്ധിച്ച് മാനവശേഷി വികസന കേന്ദ്രം ഉൾപ്പെടുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്. അങ്ങനെ എല്ലാ അർത്ഥത്തിലും എല്ലാ മേഖലയെയും സ്പർശിച്ചു കൊണ്ടുള്ള ഒരു സമഗ്രമായ ബഡ്ജറ്റിന്റെ രൂപരേഖയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

നല്ല ഒരു കാന്റീൻ ഇല്ല. കാര്യവട്ടത്തെ അദ്ധ്യാപകർ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ്. വിദേശത്ത് നിന്നും മറ്റും വരുന്ന **academicians**-ന് നല്ല ഭക്ഷണം കൊടുക്കാൻ ഒരു നല്ല നിലവാരമുള്ള കാന്റീൻ ആവശ്യമാണ്. അതിനുള്ള പ്രൊവിഷൻ കൂടി വേണമെന്ന് ആവശ്യപ്പെടുകയാണ്.

ബഡ്ജറ്റ് രൂപരേഖ പൂർണ്ണമായും അംഗീകരിക്കുന്നു.

**Sri. S.Anilkumar:** കേരള സർവകലാശാലയിൽ ഇന്നലെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റ് അങ്ങേയറ്റം മനോഹരവും ഏറ്റവും ആശയസമ്പുഷ്ടവും ഭാവനാസമ്പൂർണ്ണവും എല്ലാ മേഖലയെയും സ്പർശിക്കുന്ന സമഗ്രമായ ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് **Kerala Infrastructure Investment Fund Board**ൽ നിന്നും 300 കോടിരൂപ ലഭ്യമാക്കികൊണ്ടുള്ള **Kariavattom Campus** ഒരു **Centre of Excellence** ആക്കാനുള്ള കർമ്മപദ്ധതിയാണ്.

ജീവനക്കാരെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ബഡ്ജറ്റിനേക്കാൾ ആശാവഹമായ ഒട്ടേറെ പദ്ധതികൾ മുന്നോട്ട് വച്ചിട്ടുണ്ട്. ശമ്പളപരിഷ്ക്കരണത്തിനും പെൻഷൻ കുടിശ്ശിക രണ്ടു ഗഡുവായി നൽകുന്നതിനുമായി ഒരു നല്ലവക ഇതിനായി നീക്കിവച്ചതായി കാണുന്നു. ഇതിന് ജീവനക്കാർക്ക് പ്രത്യേകമായ നന്ദിയുണ്ടെന്നും അറിയിക്കുകയാണ്.

ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ഒട്ടേറെ നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ വേളയിൽ ഏറ്റവും അത്യാവശ്യമായി മുൻകാലങ്ങളിലും ആവശ്യപ്പെട്ടിരുന്ന **Bachelor's hostel**ഉം **Quarters** കൾക്കുമായി 2 കോടി രൂപ വകയിരുത്തിയ സമീപനം തികച്ചും സ്വാഗതാർഹമാണ്. ജീവനക്കാർക്കായി പിന്നെയും ഒട്ടേറെ പദ്ധതികൾ - മാനവശേഷി വികസനകേന്ദ്രം, ഡൈനിംഗ് ഹാൾ, ഹെൽത്ത് കാർഡ് അടക്കമുള്ള സംവിധാനങ്ങൾ കൊണ്ടുവരുന്നതിനുള്ള ഒരു പരിശ്രമം വളരെ നല്ല ഒരു സമീപനമാണ്.

യൂണിവേഴ്സിറ്റി പ്രസ്സിന്റെ നവീകരണം - പുതിയ കെട്ടിടത്തിനായി തുക (50 ലക്ഷം) മാറ്റിവച്ചിരിക്കുന്നു എന്നുള്ളത് നല്ല കാര്യമാണ്.

കൊല്ലം, അടൂർ, ആലപ്പുഴ ജില്ലാകേന്ദ്രങ്ങളെ **Regional Facilitation Centre**കളായി ഉയർത്തുന്നത് നല്ല സംവിധാനമാണ്.

സ്ക്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷന്റെ 3 ജില്ലാകേന്ദ്രങ്ങൾ – (കൊല്ലം, അടൂർ, ആലപ്പുഴ) ആരംഭിക്കുന്നതിനുള്ള തീരുമാനം അങ്ങേയറ്റം സ്വാഗതം ചെയ്യുന്നു.

കഴിഞ്ഞ ഒരു വർഷമായി ചെലവഴിക്കാൻ പറ്റാതിരുന്ന ചാൻസലർ അവാർഡായി ലഭിച്ച 5 കോടി രൂപ വിനിയോഗിക്കുന്ന പദ്ധതി കാണുന്നു. **Front Office** കെട്ടിടം നവീകരിക്കുന്നതിന് ആവശ്യമായ തുക അനുവദിച്ചതായി കാണുന്നു.

ഈ ബഡ്ജറ്റ് പരിശോധിക്കുമ്പോൾ മൊത്തത്തിൽ വികസനത്തിലൂന്നിയ അതുപോലെ തന്നെ അക്കാദമികവും ക്ഷേമകാര്യങ്ങളിലുമെല്ലാം ഊന്നിയ വളരെ നല്ല ഒരു ബഡ്ജറ്റാണ് സമർപ്പിച്ചിരിക്കുന്നു എന്നുള്ളതാണ്.

കാര്യവട്ടത്ത് ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കാൻ വേണ്ട സംവിധാനം കൂടി വരുംകാലങ്ങളിൽ യൂണിവേഴ്സിറ്റിയുടെ പരിഗണനയിൽ വേണമെന്ന അഭ്യർത്ഥനകൂടിവച്ച് കൊണ്ട് ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു.

**Sri. Junaid.M:** തികച്ചും യാഥാർത്ഥ്യബോധത്തോടെയുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. സർവകലാശാലയുടെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മികച്ച ബഡ്ജറ്റ്. അതിൽ എടുത്തുപറയത്തക്ക കാര്യങ്ങൾ: കേരളഗ്രാമം പദ്ധതി, ഭരണഭാഷ മലയാളമാക്കുന്നത് പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ, നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ പ്രചാരണത്തിൽ പങ്കാളികളാകാനുള്ള തീരുമാനവും എടുത്തുപറയത്തക്ക കാര്യങ്ങളാണ്. കൂടാതെ ഒരു നിർദ്ദേശം - ബൊട്ടാണിക്കൽ ഗാർഡനെയും ജൈവപച്ചക്കറി കൃഷിയെയും കുറിച്ച് പറയുമ്പോൾ കാര്യവട്ടം ക്യാമ്പസിലെ കാടുവെട്ടി തെളിക്കുന്നതിനുള്ള ഫണ്ട് കൂടി ഉൾപ്പെടുത്തിയാൽ കൊള്ളാം. യാഥാർത്ഥ്യബോധത്തോടെയുള്ള ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു.

**Sri. Mansoor. A.:** ഇന്നലെ അവതരിപ്പിച്ച ബഡ്ജറ്റ് കേരള സർവകലാശാല നാളിതുവരെ ദർശിച്ചിട്ടില്ലാത്തതും ഓരോ മേഖലയും സമഗ്രമായി ആഴത്തിൽ പരിശോധന നടത്തിയതുമായ ഒരു ബഡ്ജറ്റാണ്. മാലിന്യ നിർമ്മാർജ്ജനത്തിനായി ഒരു തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. യു.ഐ.റ്റികളിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും യു.ജി/പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും യു.ഐ.റ്റി.കളില്ലാത്ത നിയോജകമണ്ഡലങ്ങളിൽ പുതിയവ സ്ഥാപിക്കാൻ ബഡ്ജറ്റ് തുക വകയിരുത്തിയത് സർവകലാശാലയ്ക്ക് കൂടുതൽ ഗുണം ചെയ്യും.

'നമുക്ക് ജാതിയില്ലാ വിളംബരം' ശതാബ്ദി അഘോഷങ്ങളിൽ കേരള സർവകലാശാല പങ്കെടുക്കുന്നതിനായി ഫണ്ട് മാറ്റിവച്ചത് അഭിനന്ദനീയമാണ്. എല്ലാ അർത്ഥത്തിലും പുരോഗമന ആശയങ്ങൾ എങ്ങിനെ നടപ്പിലാക്കാം എന്നുള്ളതാണ് ഈ ബഡ്ജറ്റ്. അതിനെ സ്വാഗതം ചെയ്യുന്നു.

**Sri.A.M.Unnikrishnan:** ഒരു വീക്ഷണമുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. അതിന് ആദ്യമായി അഭിനന്ദനം അറിയിക്കുന്നു. ചില ആശയങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

1. പേജ് 29-ൽ - ഒ.എൻ.വി. സാറിന്റെ പേരിലുള്ള അനുസ്മരണ പ്രഭാഷണ പരമ്പരയും പുരസ്കാര വിതരണവും ബഡ്ജറ്റിൽ വക കൊള്ളിച്ചത് വളരെ ശ്ലാഘനീയമാണ്. ഒരു ലക്ഷം രൂപ അവാർഡും പുരസ്കാരവും എന്ന് പറയുന്നത് വ്യക്തമാക്കിയാൽ കൊള്ളാം.

2. പേജ് 32-ൽ - വിദൂര വിദ്യാഭ്യാസകേന്ദ്രം എന്ന് പറഞ്ഞിരിക്കുന്നത് ശരിയല്ല. അത് സർവകലാശാലയുടെ കീഴിലെ ഒരു പ്രമുഖമായ സ്ക്കൂൾ ആണ്. അതുകൊണ്ട് മറ്റൊരു കേന്ദ്രത്തെപ്പോലെ അല്ല സ്ക്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനെ കാണേണ്ടത്. യൂണിവേഴ്സിറ്റിയുടെ സാമൂഹിക പ്രതിബദ്ധതയും സാമൂഹികമായ ഉത്തരവാദിത്വവും ഏറ്റവും കൂടുതൽ പ്രകടമായും ശക്തമായും നടത്താൻ പറ്റുന്ന വിഭാഗമാണ് SDE. SDE വീണ്ടും പുനസ്ഥാപിക്കാനുള്ള ആവശ്യത്തിന് ഫണ്ട് അനുവദിച്ചത് അഭിനന്ദനീയമാണ്. SDE യിൽ റെസ്റ്റ് റൂമിനുള്ള സൗകര്യമൊരുക്കണം. 5 ലക്ഷം രൂപ അനുവദിച്ച സ്ഥാനത്ത് കുറച്ചു കൂടി വലിയ തുക ഇതിനായി അനുവദിക്കണം.

3. പേജ് 35 - അടുത്തത് മലയാള മഹാനിഘണ്ടുവുമായി ബന്ധപ്പെട്ട കാര്യമാണ്. പദ അർത്ഥ സാഗരം 21- ാം നൂറ്റാണ്ടിൽ എന്ന നിഘണ്ടു പ്രകാശിപ്പിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. കേരളസർവകലാശാലയ്ക്ക് മറ്റു സർവകലാശാലകൾക്കില്ലാത്ത രണ്ടുപ്രധാന വിഭാഗങ്ങളാണ്. **Malayalam Lexicon & ORI & MSS Library.** സ്ഥിര നിയമനം കിട്ടിയ ഒരാൾ അവിടെ ഇല്ല എന്നുള്ളതാണ് പരിതാപകരമായ കാര്യം.

മലയാള ഭാഷയ്ക്ക് ഇപ്പോഴും അർഹിക്കുന്ന പ്രാതിനിധ്യം സർവകലാശാല കൊടുക്കുന്നില്ല എന്നത് ദുഃഖകരമായ വസ്തുതയാണ്. ഇക്കാര്യത്തിൽ കുറച്ചുകൂടി ഗൗരവപരമായ സമീപനം വേണം.

**Dr. P. Sunil Kumar.**

**Kerala Infrastructure Investment Fund Board** വളരെ ഫലപ്രദമായി സ്ക്കൂൾ തലത്തിൽ നല്ല പദ്ധതികൾ ചെയ്യുന്നുണ്ട്. കാര്യവട്ടം ക്യാമ്പസിനു വേണ്ടി **Kerala Infrastructure Investment Fund Board** 300 കോടി രൂപ മുടക്കുന്നത് നിർണ്ണായകമായ ഒരു പദ്ധതിയാണ്. അതു നന്നായി വിനിയോഗിച്ചാൽ ഇന്ത്യയിലെ തന്നെ നല്ല ഒരു സർവകലാശാലയായി കേരള സർവകലാശാല മാറുമെന്ന കാര്യത്തിൽ സംശയമില്ല. അദ്ധ്യാപകരെയും, വിദ്യാർത്ഥികളെയും, ജീവനക്കാരെയും ഒരേപോലെ കണ്ട് ബഡ്ജറ്റ് വിഹിതം അവരുടെ ആവശ്യങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട് എന്നുള്ളത് ശ്ലാഘനീയമാണ്. കേരള ഗ്രാമം, ബൊട്ടാണിക്കൽ ഗാർഡൻ, ബാച്ചിലേഴ്സ് ഹോസ്റ്റൽ, ക്വാർട്ടേഴ്സ് നവീകരണം, മാലിന്യനിർമ്മാർജ്ജനം ഇവയ്ക്കൊക്കെ തുക നീക്കിവച്ചിരിക്കുന്നത് നല്ലതാണ്.

അതിനൊപ്പം കേരള യൂണിവേഴ്സിറ്റി ക്യാമ്പസിന് അകത്ത് അലഞ്ഞു തിരിയുന്ന നായകളെ കൂടി നിർമ്മാർജ്ജനം ചെയ്യാൻ എന്തെങ്കിലും പദ്ധതി ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു. Students Amenity Centre-ന്റെ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കണം.

NAAC ന് വളരെ പ്രാധാന്യമുള്ള ഡിപ്പാർട്ടുമെന്റാണ് CLDD . അതിന് തുക വരുത്തിയത് അഭിനന്ദനീയമാണ്. അസോസിയേറ്റ് പ്രൊഫസർമാർക്ക് knowledge update ചെയ്യാനും പിന്നീടുള്ള പഠന മികവിനും one

week programme നടത്താൻ ആവശ്യമായ ഫണ്ട് വകയിരുത്തണം. Pink Room ന് ഫണ്ട് അനുവദിച്ചത് അഭിനന്ദനീയമാണ് .

പേജ് 36 - ഫിസിക്കൽ എഡ്യൂക്കേഷന്റെ ആവശ്യത്തിനായി വച്ചിരിക്കുന്ന 50 ലക്ഷം വളരെ അപര്യാപ്ത മാണ്. മിനിമം ഒരു കോടിയെങ്കിലും വേണം. അതുപോലെ സ്കോളർഷിപ്പിനായി നീക്കിവച്ചിരിക്കുന്ന 25 ലക്ഷം വളരെ കുറവാണ്.

കുറച്ചു ടീമുകൾക്കെങ്കിലും നല്ല രീതിയിൽ പോകാൻ ഫിസിക്കൽ എഡ്യൂക്കേഷൻ 50 ലക്ഷം രൂപ ഒരു കോടി ആക്കണം. മുടങ്ങികിടക്കുന്ന സ്കോളർഷിപ്പ് വിതരണത്തിനായി 25 ലക്ഷം - 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. ദീർഘവീക്ഷണത്തോടുള്ള ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു.

## Sri. Manesh. P.

ബഡ്ജറ്റ് കേരളത്തിന്റെ നവോത്ഥാന പാരമ്പര്യമുയർത്തി പിടിച്ച് വരാൻ പോകുന്ന പരിവർത്തന ത്തിന്റെ ദിശാസൂചികയായാണ് കേരള സർവകലാശാല ജീവനക്കാരും, അദ്ധ്യാപകരും, വിദ്യാർത്ഥികളും ഈ ബഡ്ജറ്റിനെ നോക്കികാണുന്നത്. വികസന കാഴ്ചപ്പാടിനകത്ത് നിന്ന്കൊണ്ട് തന്നെ അക്കാദമിക രംഗത്ത് പ്രാധാന്യം കൊടുത്ത്, വിദ്യാർത്ഥിപക്ഷ ജനകീയമായ ഒരു ബഡ്ജറ്റാണിത്.

കാര്യവട്ടം ക്യാമ്പസിന്റെ നവീകരണത്തിനായി Kerala Infrastructure Investment Fund Board -ൽ നിന്നും 300 കോടി രൂപ നീക്കിവയ്ക്കുമ്പോൾ അതിന്റെ കർമ്മപദ്ധതി തയ്യാറാക്കാൻ ജനാധിപത്യപരമായ സമീ പനം സ്വീകരിച്ച് വിദ്യാർത്ഥി യൂണിയനുകളെ കൂടി ഉൾപ്പെടുത്തിയതിനെ സ്വാഗതം ചെയ്യുന്നു. Smart Class, Seminar Hall, Digital Library, 24/7 Library ആക്കാൻ ഇതിൽ പറഞ്ഞിരിക്കുമ്പോൾ Campus Library 12 മണി വരെയാക്കാൻ സമരം ചെയ്ത വിദ്യാർത്ഥികൾക്കെതിരെ ഇപ്പോഴും കേസ് കോടതിയിൽ നില നിൽക്കുന്നു എന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുന്നു. ക്യാമ്പസ് ലൈബ്രറി 24/7 ആക്കുമ്പോൾ 24/7 കോഫി ഷോപ്പ് കൂടി വേണം. നല്ല ഒരു കാന്റീനും വേണ്ടതാണ്. കേരള ഗ്രാമം പദ്ധതിക്ക് ഫണ്ട് അനുവദിച്ചത് സ്വാഗതം ചെയ്യുന്നു.

ചാൻസലർ അവാർഡ് തുകയായ 5 കോടി രൂപ കാര്യവട്ടത്ത് ഉപയോഗിക്കുന്നത് സന്തോഷമുള്ള കാര്യമാണ്. **Campus beautification-**മായി ബന്ധപ്പെട്ട് പാളയം ക്യാമ്പസിനൊപ്പം കാര്യവട്ടം ക്യാമ്പസ് കൂടി പരിഗണിക്കണം. ഹോസ്റ്റലുകളുടെ നവീകരണത്തിനായി 2 കോടി രൂപ അനുവദിച്ചതിനെയും സ്വാഗതം ചെയ്യുന്നു.

പാളയത്തെ റോഡ് വികസനം പറയുമ്പോൾ കാര്യവട്ടത്തെ ക്യാമ്പസിലെ റോഡിനെക്കുറിച്ച് പരാ മർശിച്ചു കാണുന്നില്ല. കാര്യവട്ടം ക്യാമ്പസിൽ ഒരു eco-friendly ഓപ്പൺ സ്റ്റേജ് ആവശ്യമുണ്ട്. സാംസ്കാരിക പരിപാടികൾ നടത്താൻ ഫണ്ട് അനുവദിക്കണം. ORI & MSS Department ന്റെ digitization, ശംഖുപുഷ്പത്തിന്റെ ഔഷധമൂല്യങ്ങളെക്കുറിച്ചുള്ള ഗവേഷണം, പശ്ചിമഘട്ടത്തെ അറിയപ്പെടാത്ത സസ്യങ്ങളുടെ പഠനം എന്നീ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചതിലൂടെ കാര്യവട്ടം ക്യാമ്പസിനോടുള്ള ആത്മാർത്ഥമായ സ്നേഹം മനസ്സിലാക്കാം. ക്യാമ്പസിലെ ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്താൻ ഫണ്ട് അനുവദിക്കണം. കാര്യവട്ടത്ത് അന്താരാഷ്ട്രവിദ്യാർത്ഥി summit നടത്താനും Short Film മത്സരം സംഘടിപ്പിക്കുവാൻ ഫണ്ട് അനുവദിച്ചതും ശ്ലാഘനീയമാണ്. SRF/PDF തുക വർദ്ധിപ്പിച്ചത് സ്വാഗതം ചെയ്യുന്നു. മികച്ച കോളേജ് മാഗസീന് സമ്മാനം, Research Union ന്റെ പ്രവർത്തനത്തിന് കൂടുതൽ ഫണ്ട്, Ph.D. Fellowship തുക വർദ്ധിപ്പിക്കണം. മറ്റു സർവകലാശാലകളിലേത് പോലെ M.Phil. വിദ്യാർത്ഥികൾക്കും സർവകലാശാല Fellowship നൽകണം, Research വിദ്യാർത്ഥികൾക്ക് ആവശ്യമായ അപേക്ഷാഫാറം Campus Cash Counter വഴി ലഭ്യമാക്കണം, Startup പദ്ധതിക്ക് ഫണ്ട് വകയിരുത്തണം, സർവകലാശാലാ വിദ്യാർത്ഥികൾക്കും വിദേശങ്ങളിൽ പോയി അവിടുത്തെ പൈതൃകവും സംസ്ക്കാരവും മനസ്സിലാക്കാനായി പദ്ധതി ആവിഷ്ക്കരിച്ച് ഫണ്ട് അനുവദിക്കണം എന്നീ നിർദ്ദേശങ്ങളോടെ ഈ ബഡ്ജ റ്റിനെ സ്വാഗതം ചെയ്യുന്നു.

## Sri. R. Arun Kumar.

എല്ലാ വിഭാഗക്കാരെയും തൃപ്തിപ്പെടുത്താനുള്ള നിരവധി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ ഒരു ബഡ്ജറ്റ് ആണ് ഇത്. Digitisation നായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും Paper less office എന്നതിലേക്ക് വരാൻ കൂടുതൽ ഫണ്ട് ആവശ്യമുണ്ട്. Physical Education Department ന്

വകയിരുത്തിയിരിക്കുന്ന ഫണ്ട് വളരെ കുറവാണ്. ഓരോ വർഷവും നടത്തുന്ന മത്സരങ്ങളുടെയും പങ്കെടുക്കുന്ന മത്സരങ്ങളുടെയും എണ്ണം വർദ്ധിച്ചിട്ടുണ്ട്. ഓരോ വർഷവും നാമമാത്ര തുകയാണ് ഇതിനായി വർദ്ധിപ്പിക്കുന്നത്. വിദ്യാർത്ഥികളിൽ നിന്നും വാങ്ങുന്ന Sports Affiliation Fee, Sports ന്റെ ആവശ്യത്തിനായി വിനിയോഗിക്കണം. യൂണിവേഴ്സിറ്റിയുടെ Team പുറത്ത് കളിക്കാൻ പോകുന്നത് യൂണിവേഴ്സിറ്റിയുടെ അംബാസഡർമാരായാണ്. അതിനായി കൂടുതൽ ഫണ്ട് അനുവദിക്കണം. Sports Scholarship തുകയും വർദ്ധിപ്പിക്കണം. കാര്യവട്ടം ക്യാമ്പസിൽ ഒരു ബാഡ്മിന്റൺ കോർട്ടിന് ഫണ്ട് അനുവദിച്ചതിൽ സന്തോഷം. ക്യാമ്പസിൽ താൽക്കാലികാടിസ്ഥാനത്തിലെങ്കിലും ഒരു കോച്ചിനെ നിയമിക്കാൻ വേണ്ട ഫണ്ട് അനുവദിക്കണം. Green Field Stadium നമ്മുടെ വിദ്യാർത്ഥികൾക്കും ഉപയോഗിക്കാൻ അവസരം വേണം. ഒരു Tournament host ചെയ്യാനുള്ള ഫണ്ടും അനുവദിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ അംഗീകരിക്കുന്നു.

**Dr. Gangaprasad.**

Dr. രവീന്ദ്രനാഥ ടാഗോറിന്റെ Quotation നോടുകൂടി തുടങ്ങുന്ന പ്രായോഗികവും വികസനാപൂർണ്ണവുമായ ഈ ബഡ്ജറ്റ് അവതരിപ്പിച്ച ഫിനാൻസ് കമ്മറ്റി കൺവീനറെ അഭിനന്ദിക്കുന്നു. കാര്യവട്ടം ക്യാമ്പസിന് 300 കോടി രൂപ, കേരളഗ്രാമം പദ്ധതി, Botanical Garden, Bachelor's Hostel, Quarters നവീകരണം, മാലിന്യനിർമ്മാർജ്ജനം ഇവയ്ക്കൊക്കെ ഫണ്ട് അനുവദിച്ചതിൽ സന്തോഷം. Plastic Waste നിർമ്മാർജ്ജനത്തിനായി പ്ലാസ്റ്റിക്ക് കുപ്പിവെള്ളം സെമിനാറിനൊക്കെയായി ഉപയോഗിക്കുന്ന Plastic flex notice board എല്ലാം ഒഴിവാക്കണം. പശ്ചിമ ഘട്ടനിരകളിലെ സസ്യങ്ങളെക്കുറിച്ചുള്ള പഠനം, എന്നിവയ്ക്ക് ഫണ്ട് അനുവദിച്ചത് നല്ലതാണ്. കാര്യവട്ടത്തെ നോർത്ത് ബ്ലോക്ക് ക്യാമ്പസിന് ചുറ്റുമതിൽ കെട്ടാൻ വേണ്ട ഫണ്ട് കൂടി അനുവദിക്കണം എന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു.

**Dr. Razia. K.I.**

Physical Education Department നായി ഒരു പദ്ധതിയുമില്ല. Sports ന്റെ ആവശ്യങ്ങൾക്കായി എല്ലാ വർഷവും ബഡ്ജറ്റിൽ നേരിയ വർദ്ധനവ് മാത്രമാണ് അനുവദിക്കുന്നത്. കേരള യൂണിവേഴ്സിറ്റി ഏതെങ്കിലും ഒരു event host ചെയ്യാനുള്ള ഫണ്ട് പോലും അനുവദിച്ചിട്ടില്ല. Inter University/Inter College Sports Competition ന്റെ ആവശ്യത്തിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത് തികച്ചും അപര്യാപ്തമാണ്. അതിനാൽ അത് 75 ലക്ഷം രൂപയെങ്കിലും ആക്കി ഉയർത്തണം. കുട്ടികളുടെ Sports Fees ഇനത്തിൽ പ്രതിവർഷം രണ്ടുകോടി രൂപ കിട്ടുമ്പോൾ വിദ്യാർത്ഥികളുടെ മുടങ്ങികിടക്കുന്ന Sports Scholarship നൽകാനായി വെറും 25 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇത് 50 ലക്ഷം രൂപയായെങ്കിലും വർദ്ധിപ്പിക്കണം. കാലഹരണപ്പെട്ട Sports Scholarship ആണ് ഇവിടെ ഇപ്പോഴും തുടരുന്നത്.

യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ Basket Ball Court ന്റെ നവീകരണത്തിനായി ഫണ്ട് ലഭ്യമാക്കണം. Summer Coaching Camp നായി അനുവദിച്ച 50,000 രൂപ തികച്ചും അപര്യാപ്തമാണ്. ഒഴിഞ്ഞു കിടക്കുന്ന കോച്ചുകളുടെ തസ്തികകളിൽ നിയമനങ്ങൾ നടത്തണം. പിന്നോക്ക മേഖലയായ കായംകുളത്തിന് UIT സെന്റർ അനുവദിച്ചതിനെ, Students ന് on-call counseling നായി ഫണ്ട് അനുവദിച്ചതിനെയും അഭിനന്ദിക്കുന്നു.

**Dr. Cherian John**

പല നവീന പദ്ധതികൾ ഉൾപ്പെട്ട ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു.. Eco friendly രീതിയിലെ Campus beautification നുള്ള പദ്ധതി സ്വാഗതം ചെയ്യുന്നു. കാര്യവട്ടത്തെ Statistics വിഭാഗത്തിന് fire and safety ക്ക് ഫണ്ട് അനുവദിച്ചത് മറ്റു വിഭാഗങ്ങൾക്കും വേണ്ടേ എന്ന സംശയം ഉന്നയിക്കുന്നു. Youth Festival നുള്ള honorarium വർദ്ധിപ്പിക്കമെന്ന് ആവശ്യപ്പെടുന്നു.

**Smt. Oleena. A.G.**

Cover Page ൽ സൂചിപ്പിക്കുന്നപോലെ ദിശാസൂചകമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. വിശ്വമാനവനും വിശ്വപൗരനും വിശ്വവിദ്യാലയത്തെ സ്വപ്നം കണ്ട ടാഗോറിന്റെ Quotation നോടുകൂടി ആരംഭിക്കുകയും അദ്ധ്യാപകനിയമനത്തിന് ശേഷം വിദ്യാർത്ഥികൾ അവരെ ഒരു വർഷത്തിന് ശേഷം assess ചെയ്തിട്ട് അവർക്ക് approval നൽകാമെന്ന നിർദ്ദേശത്തോടുകൂടി വിശ്വവിദ്യാലയം ആരംഭിക്കുമ്പോൾ അദ്ധ്യാപകരെ ക്ഷണിച്ച ആ വിശ്വമാനവനേ ഓർത്തുകൊണ്ട് ചില നിർദ്ദേശങ്ങൾ.

M.A. Museology കോഴ്സിനായി 10 ലക്ഷം രൂപ, Biodiversity Conservation Centre നായി 1.39 കോടി രൂപ, കോളേജ് വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന നല്ല Short film നുള്ള സമ്മാനം, നല്ല ഗവേഷണ പ്രബന്ധത്തിന് സമ്മാനം എന്നീ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചത് തികച്ചും ശ്ലാഘനീയമാണ്. ONV സ്മാരക പ്രഭാഷണവും പുരസ്കാരവും ഏർപ്പെടുത്തിയത് വളരെ നല്ല കാര്യമാണ്. കൂടാതെ ONV Chair ആവശ്യമുണ്ട്. Gandhian Study Centre ന്റെ ആഭിമുഖ്യത്തിൽ കോളേജുകളിൽ Short Term Courses

തുടങ്ങുന്നതിനായി ഫണ്ട് ആവശ്യമുണ്ട്. പൈതൃക മ്യൂസിയം, ഭരണഭാഷ മലയാളമാക്കൽ, വിദ്യാർത്ഥിനികൾക്കായി തുടങ്ങാൻ ഉദ്ദേശിക്കുന്ന Pink Room പദ്ധതിയൊക്കെ അഭിനന്ദനീയമാണ്.

**Sri. Ravi Kumar:**

കാലഘട്ടത്തിന്റെ പ്രതിഫലനമായി നിന്നുകൊണ്ട് കാലഘട്ടം ആവശ്യപ്പെടുന്ന ഒരു ബഡ്ജറ്റ്. സർവകലാശാലയെ ഒരു ത്രികോണമായി കണ്ട് ആ മൂന്ന് മേഖലകളായ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ജീവനക്കാർ എന്നിവരെ തൃപ്തിപ്പെടുത്തുവാൻ ഈ ബഡ്ജറ്റ് അങ്ങേയറ്റം നീതിപുലർത്തിയിട്ടുണ്ട്. കാര്യവട്ടം ക്യാമ്പസിന്റെ വികസനം, കേരള ഗ്രാമം പദ്ധതി, ശ്രീ നാരായാണഗുരുദേവന്റെ ജാതിയില്ലാ വിളംബരത്തിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി Travelling Theatre, മാലിന്യ നിർമ്മാർജ്ജനം, Campus beautification, University Union ന് കൂടുതൽ ഫണ്ട് , അന്താരാഷ്ട്ര വിദ്യാർത്ഥി Summit, Regional Centre കളുടെ നവീകരണം, വനിതകളുടെ സുരക്ഷയ്ക്കായി Pink Room, Students Centre നവീകരണം എന്നിവയ്ക്ക് ഫണ്ട് അനുവദിച്ചതിനെ സ്വാഗതം ചെയ്യുന്നു. സ്വാശ്രയ/എയ്ഡഡ് കോളേജുകളുടെ പ്രവർത്തനം വിലയിരുത്താൻ സെനറ്റ്/സിൻഡിക്കേറ്റിന്റെ സമിതി രൂപീകരിക്കുകയും അതിനായി ഫണ്ട് അനുവദിക്കുകയും വേണം. കോളേജുകളിൽ വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ ലഹരിവിരുദ്ധ Campaign നുകൾ സംഘടിപ്പിക്കാൻ ഫണ്ട് അനുവദിക്കണം. സഭ Green Protocol അനുസരിക്കുകയും പ്ലാസ്റ്റിക്ക് കുപ്പി വെള്ളം ഒഴിവാക്കുകയും വേണം. മികച്ച കോളേജ് യൂണിയന് സമ്മാനം നൽകുന്ന പദ്ധതി കഴിഞ്ഞ ബഡ്ജറ്റിൽ ഉണ്ടായിരുന്നത് ഈ വർഷവും വേണം.

**Sri. Sam K. Daniel**

വളരെ പുരോഗമനപരവും ഭാവനാ സമ്പന്നവുമായ യാഥാർത്ഥ്യബോധത്തിൽ അധിഷ്ഠിതമായ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. സർവകലാശാലയെ സംബന്ധിച്ച് അടുത്ത വർഷം ഒരുപാട് നേട്ടങ്ങൾ കൊയ്യാൻ പറ്റുന്ന ബഡ്ജറ്റാണ്. മഹാകവി ONV കുറുപ്പിന്റെ നാമധേയത്തിൽ സ്മാരകപ്രഭാഷണവും പുരസ്ക്കാരവും ഏർപ്പെടുത്തിയതിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഇത് നവമ്പർ ഒന്നാം തീയതി നടത്തുന്ന ഒരു പ്രഭാഷണത്തിൽ ഒതുക്കാതെ കോളേജുകളിലെ വിദ്യാർത്ഥികളും, അദ്ധ്യാപകരും പങ്കെടുക്കുന്ന അവരുടെ കലയെയും സാഹിത്യത്തെയും പരിപോഷിപ്പിക്കുന്ന തരത്തിൽ ഒരു മത്സരം നടത്തുവാനും പദ്ധതി ഇടണം. ഇതിനായി ഒരു ലക്ഷം രൂപയിൽ കൂടുതൽ ഫണ്ട് വകയിരുത്തണം.

**Sri. Anwarsha:**

അന്താരാഷ്ട്ര വിദ്യാർത്ഥി Summit എന്നത് നല്ല ആശയം. എല്ലാ ക്യാമ്പസുകളിലേയും വിഷയം പഠിക്കാൻ കേരള സർവകലാശാലയുടെ കീഴിലെ കോളേജുകളിലെ യൂണിയനുകളുടേയും ഒരു യോഗം കൂടുന്നതിനായി ഫണ്ട് അനുവദിക്കണം. ക്യാമ്പസുകളെ മദ്യമയക്കുമരുന്ന് മാഫിയകളിൽ നിന്നും രക്ഷിക്കാനായി വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ പരിപാടികൾ സംഘടിപ്പിക്കാൻ ഫണ്ട് അനുവദിക്കണം. ഏറ്റവും നല്ല കോളേജ് മാഗസീൻ, നല്ല NSS Unit ന് പാരിതോഷികം, വിദ്യാർത്ഥികൾക്ക് Free Insurance പരിരക്ഷ, UIT യിലെ വിദ്യാർത്ഥിസംഘടനകൾക്ക് ഫണ്ട് എന്നിവ കൂടി അനുവദിക്കണം.

**Sri. S. Kuttappan Chettiyar:**

പരമ്പരാഗതമായ ശൈലിയിൽ ഉള്ള സമഗ്രമായ ഒരു ബഡ്ജറ്റ് ആണിത്. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അത്തരത്തിലുള്ള കാര്യങ്ങൾ കൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തണം എന്ന് അഭ്യർത്ഥിക്കുന്നു. 1995 ൽ സ്വാശ്രയ മേഖലയിൽ ആദ്യം ഏഴ് Arts & Science College കൾ തുടങ്ങുകയും ഇന്ന് ഏതാണ്ട് 150 ഓളം സ്വാശ്രയ കോളേജുകൾ Kerala University യോട് അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. പക്ഷേ നമ്മുടെ സർവകലാശാലയുടെ എല്ലാ നടപടികളും ബഡ്ജറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഈ മേഖലയെക്കുറിച്ചോ അതിന്റെ സ്ഥാപനങ്ങളെക്കുറിച്ചോ അതിന്റെ നടത്തിപ്പിനെക്കുറിച്ചോ ഒരു തരത്തിലുള്ള പരാമർശവും കാണുന്നില്ല എന്നത് ഏറ്റവും നിർഭാഗ്യകരമായ കാര്യമാണ്. ഇതുകൂടി യാഥാർത്ഥ്യമാണെന്ന ബോധത്തോടുകൂടിയ ഒരു സമീപനം എല്ലാ തലത്തിലും സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. Integrated MCA Course തുടങ്ങാനുള്ള തീരുമാനം, പുതിയ UIT എന്നിവ വിദ്യാർത്ഥികൾക്ക് ഗുണകരമായ കാര്യങ്ങളാണ്. സെനറ്റ് അംഗങ്ങൾക്ക് സർവകലാശാലാ ക്യാമ്പസിൽ Rest Room, College Campus കളെ ലഹരിവിമുക്തമാക്കാനുള്ള പദ്ധതി, യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ഒരു Placement Cell എന്നിവയ്ക്കു കൂടി ഫണ്ട് അനുവദിക്കണം എന്ന അഭിപ്രായത്തോടെ ഭാവനാപൂർണ്ണമായ ബഡ്ജറ്റ് സ്വാഗതം ചെയ്യുന്നു.

**Sri. Kallada Gireesh**

UIT കളിൽ നിന്നും വരുമാനം ഉണ്ടെങ്കിലും അവയുടെ പ്രവർത്തനത്തിന് വേണ്ടി അധികം ഫണ്ട് അനുവദിച്ച് കാണുന്നില്ല. UIT എന്ന കറവപശുവിനെ കൊല്ലരുത്.

**Dr. Preetha Prabhasan**

നമ്മുടെ നാടിന്റെയും അതിനെ represent ചെയ്യുന്ന University യുടേയും ബാഹ്യപ്രകൃതിയോടൊപ്പം ആന്തരിക പ്രകൃതി കൂടി കണക്കിലെടുത്തുകൊണ്ടുള്ള തികച്ചും സമഗ്രവും ഭാവനാപൂർണ്ണവുമായ ഒരു ബഡ്ജറ്റ്. അക്കാദമിക മികവിനൊപ്പം അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ, പരിസ്ഥിതി പ്രശ്നങ്ങൾ, യൂണിവേഴ്സിറ്റിയുടെ Infrastructure എന്നിവ മാത്രമല്ല ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങളെപ്പോലും കണക്കിലെടുത്തിരിക്കുന്നു. മാനവിക വിഷയങ്ങൾക്ക് പ്രാധാന്യം കുറഞ്ഞുപോയിട്ടുണ്ടോ എന്നൊരാശങ്കയുണ്ട്. സ്വാശ്രയ കെടുതികൾക്ക് ഒരു പരിഹാരമായ SDE ക്ക് കൂടുതൽ ഫണ്ട്, വിദ്യാർത്ഥികൾക്ക് Life Skill Training ന് ഫണ്ട് എന്നിവ കൂടി അനുവദിക്കണം.

**Sri. Gokul. M.S.**

സർവകലാശാലയിലെ വിവിധ മേഖലകളിലെ വികസനത്തിലൂന്നിയ ഒരു ബഡ്ജറ്റ് ആണിത്. Gandhi Youth Icon പുരസ്ക്കാരം പ്രഖ്യാപിച്ചതിൽ സന്തോഷം. Centre for Gandhian Studies ന്റെ പ്രവർത്തനങ്ങളുടെ വിപുലീകരണവും എല്ലാ വിദ്യാർത്ഥികളിലേയ്ക്കും എത്തിക്കുകയെന്ന ആശയവും വളരെ സ്വാഗതാർഹമാണ്. പക്ഷേ ഇതിനായി കഴിഞ്ഞ ബഡ്ജറ്റിൽ നാലു ലക്ഷം രൂപ പദ്ധതി വിഹിതം ഉണ്ടായിരുന്നത് ഈ വർഷം അത് മൂന്ന് ലക്ഷമായി കുറച്ചത് പുന:പരിശോധിക്കണം.

**Sri. Anoop. P.**

UIT, UIM, KUCTE കളിൽ വിദ്യാർത്ഥിനികൾക്കായി തുടങ്ങുന്ന Pink Room എന്ന ആശയം സ്വാഗതാർഹമാണ്. ആൺകുട്ടികൾക്കും കൂടി ഒരു Rest Room ന് ഫണ്ട് അനുവദിക്കണം. ക്യാമ്പസുകളിൽ ഹെൽത്ത് ക്ലബ്ബ് രൂപീകരിക്കണം.

**Sri. Bahul Krishna. R.H.**

കഴിഞ്ഞ ബഡ്ജറ്റിൽ ഉണ്ടായിരുന്ന Best College Union നുള്ള G. Karthikeyan Memorial പുരസ്കാരത്തിനെക്കുറിച്ച് ഈ ബഡ്ജറ്റിൽ വകയിരുത്തിയതായി കാണുന്നില്ല. അത് ഉൾപ്പെടുത്തണം. സർവകലാശാല Hostel ലെ വിദ്യാർത്ഥികളുടെ സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കാനായി Mess - ൽ സബ്സിഡി അനുവദിക്കുകയും ക്യാമ്പസിൽ വരുന്ന വിദ്യാർത്ഥി/രക്ഷകർത്താക്കൾക്കും കുടിവെള്ളത്തിനായുള്ള പദ്ധതിയും ഉൾപ്പെടുത്തണം.

**Dr. B.K.Madhu**

Physical Education Department ന് അനുവദിച്ചിരിക്കുന്ന fund വളരെ പരിമിതമാണ്. University Stadium ത്തിൽ നിന്നും കിട്ടുന്ന വരുമാനം സ്റ്റേഡിയത്തിന്റെ ആവശ്യങ്ങൾക്കായി തന്നെ ഉപയോഗിക്കണം. അടുത്ത വർഷം നടത്തുന്ന All India Inter University Tournament ന് Sports Affiliation Fee യിൽ നിന്നും 50 ലക്ഷം രൂപ കൂടി വകയിരുത്തണം.

The Vice-Chancellor, then invited, Adv. K.H. Babujan, Member, Syndicate and Convenor, Standing Committee of the Syndicate on Finance for the reply to the Budget Discussions.

**മറുപടി പ്രസംഗം**

ആദരണീയ സഭാദ്ധ്യക്ഷൻ, ബഹുമാന്യരായ സഭാംഗങ്ങളെ, രണ്ടു മണിക്കൂറിലേറെ നീണ്ടുനിന്ന ചർച്ചയിൽ ബഡ്ജറ്റിനെ എല്ലാ നിലയിലും പ്രശംസിച്ചുകൊണ്ടുള്ള അഭിപ്രായങ്ങളാണ് ഉയർന്നുവന്നത്. അതു വ്യക്തിപരമായി ഒരാൾക്ക് അവകാശപ്പെട്ടതല്ല എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കയാണ്. കാരണം സമയപരിമിതി ഉണ്ടായിരുന്നെങ്കിലും ബഹുമാനപ്പെട്ട VC, PVC, Syndicate ലെ സഹപ്രവർത്തകർ, വിവിധ തലത്തിലെ ഉദ്യോഗസ്ഥ പ്രമുഖർ, സെനറ്റ് അംഗങ്ങൾ, സംഘടനകൾ എല്ലാവരുമായി പരമാവധി ആശയവിനിമയം നടത്തിയിട്ടുണ്ട്. കഴിഞ്ഞകാലങ്ങളിലെ വിവരങ്ങളും എടുത്തു പരിശോധിക്കാൻ വേണ്ടി ഫിനാൻസ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ സഹായിച്ചു. അങ്ങനെ എല്ലാവരുടേയും സഹകരണത്തോടെ രൂപപ്പെട്ടൊരു ബഡ്ജറ്റാണ്. വളരെ തിരക്കുപിടിച്ച് ചെയ്തതുകൊണ്ടാണ് ചിലയിടങ്ങളിൽ അക്ഷരപ്പിശക് ഉണ്ടായത്. അത് തിരുത്തുന്നതാണ്.

ഇവിടെ വന്നുചേർന്ന മറ്റു Corrections:

Page 16 ൽ Headquarter ന്റെ താഴെ UIT, UIM എന്നതിന്റെ കൂടെ KUCTE എന്നുകൂടി ചേർക്കണം.

Page 17 ൽ CLDD - നിലവിൽ CLDD ഒരു സെന്റർ ആണ്. അത് ഒരു ഡിപ്പാർട്ട്മെന്റായി രൂപാന്തരപ്പെടുത്തുവാൻ വിഭാവനം ചെയ്യുന്നു.

Page 27 ൽ Outreach ന്റെ ഭാഗമായി ത്രിതല പഞ്ചായത്ത്, നഗരപാലികാ ഭരണസമിതി അംഗങ്ങളുടെ സേവനം കൂടി ഇതിനായി ഉപയോഗിക്കും എന്നൊരു ഭേദഗതിയുണ്ട്.

Page 29 ൽ ONV സ്മാരക പ്രഭാഷണവും അവാർഡും പുരസ്ക്കാരവും എന്നത് ഒരു ലക്ഷം രൂപ പുരസ്ക്കാരമാണ്. അവാർഡ് എന്ന വാക്ക് നീക്കം ചെയ്യേണ്ടതാണ്.

Page 30 ൽ Regional Facilitation Centre എന്നതിന്റെ മൂന്നാമത്തെ വരിയിൽ Regional Service Centre എന്നതിനു പകരം Regional Facilitation Centre എന്നായി മാറ്റേണ്ടതാണ്.

Page 37 ൽ CACEE എന്ന Title ന് പകരം KUCTE എന്ന് തിരുത്തേണ്ടതാണ്.

KUCTE കളിൽ Integrated B.Ed. Course ആരംഭിക്കും.

സർവ്വകലാശാല, തുടർ വിദ്യാഭ്യാസ കേന്ദ്രവുമായി (CACEE) സഹകരിച്ച് തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കും.

തദ്ദേശ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ Standing Committee Chairman മാർക്കുള്ള പരിശീലനം കൂടി CACEE യുമായി സഹകരിച്ച് KUCTE വഴി നടപ്പിലാക്കുന്നതാണ്.

**ബഡ്ജറ്റ് ചർച്ചയിൽ ഉടലെടുത്ത അഭിപ്രായങ്ങൾ പരിഗണിച്ച്, താഴെ പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുന്നു.:**

- Research Students Union ന്റെ ഒരു വർഷത്തെ പ്രവർത്തനത്തിന് Rs.25,000/- എന്നുള്ളത് ഒരു ലക്ഷമാക്കി (Rs.1,00,000/-) വർദ്ധിപ്പിക്കാൻ തീരുമാനിക്കാവുന്നതാണ്. ഇതിനുള്ള തുക Miscellaneous Fund ൽ നിന്നും meet ചെയ്യുന്നതാണ്.

- കാര്യവട്ടത്തെ പുതിയ കാന്റീനിന് ഒരു കോടി രൂപ Detailed Budget ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (Page 75).

- അതുപോലെ കാര്യവട്ടത്തെ പാഴ്ചെടികൾ വെട്ടിത്തെളിക്കുന്നതിനുള്ള തുക Minor repair / miscellaneous expense വകയിൽ നിന്നും കണ്ടെത്താവുന്നതാണ്.

- ചർച്ചകളിൽ പറഞ്ഞപോലെ ശ്രദ്ധക്കുറവ് വന്ന ഒരു മേഖലയാണ് Physical Education രംഗം. വരുന്ന വർഷത്തെ ബഡ്ജറ്റിൽ അതുകൂടി കണക്കാക്കി കൊണ്ടൊരു പരിഹാരനടപടി ഉണ്ടാകും. ഈ വർഷത്തെ സാമ്പത്തിക പരിമിതികൊണ്ട് എല്ലാ കാര്യങ്ങളും ഇത്തവണ ഉൾപ്പെടുത്താൻ പറ്റില്ല. സ്റ്റേഡിയത്തിലെ Basket Ball Court നായി detailed book ൽ 20 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

- Revised Estimate പ്രകാരം ഈ വർഷത്തെ വരുമാനം 99.50 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. Distance Education ന്റെ അംഗീകാരം വൈകി കിട്ടിയതുകൊണ്ട് അടുത്ത വർഷമേ കോഴ്സുകൾ തുടങ്ങുകയുള്ളു. അതുകൂടി കണക്കിലെടുത്താണ് അടുത്ത വർഷത്തെ വരുമാനം 109 കോടി രൂപ എന്ന് പറഞ്ഞിട്ടുള്ളത്.

- SDE, UIT എന്നിവയ്ക്ക് നമ്മൾ കുറച്ചുകൂടി മുൻതൂക്കം കൊടുക്കേണ്ടതാണ്. വിഭവങ്ങളുടെ പരിമിതികൊണ്ടാണ് അത് സാധിക്കാതെ വരുന്നത്. വരും വർഷങ്ങളിൽ SDE, UIT, UIM എന്നിവയ്ക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്നതാണ്.

- ചർച്ചയിൽ വന്ന ചില നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കഴിയാത്തതാണെങ്കിലും ഭരണപരമായ തീരുമാനങ്ങൾ എടുക്കാൻ പറ്റുന്നവ സിൻഡിക്കേറ്റ് ആലോചിച്ച് പരിഹരിക്കുന്നതാണ്.

- M.Phil. വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് നൽകുന്ന കാര്യം വരും വർഷങ്ങളിൽ ആലോചിക്കാവുന്നതാണ്.

- Inter University/Inter College Youth Festival ന് കൂടുതൽ ഫണ്ട് വകയിരുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്.
- Green Field Stadium ന്റെ MoU പരിശോധിച്ച് നമ്മുടെ കുട്ടികളുടെ ആവശ്യങ്ങൾക്ക് സ്റ്റേഡിയം ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.
- ONV Chair ഉം G. Karthikeyan Smaraka Trophy യും കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നതുകൊണ്ടാണ് ആവർത്തിക്കാതിരുന്നത്.
- മികച്ച NSS യൂണിറ്റിന് ഒരു തുക നൽകാനായി പ്രൊവിഷനുണ്ടാക്കുന്നതാണ്.
- UIT, പിരപ്പൻകോട് MSW കോഴ്സും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്.
- വരും വർഷങ്ങളിൽ മാനവിക വിഷയങ്ങൾക്കും കൂടുതൽ ഊന്നൽ നൽകുന്നതാണ്. ഈ ബഡ്ജറ്റിലുള്ള കുറവുകൾ അടുത്ത വർഷങ്ങളിൽ പരിഹരിക്കാൻ ശ്രമിക്കും.

ഈ ബഡ്ജറ്റ് നടപ്പിലാക്കാൻ എല്ലാവരുടേയും സഹകരണം ആവശ്യമാണെന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റ് എല്ലാവരുടേയും അനുമതിയ്ക്കായി സമർപ്പിക്കുന്നു.

The Vice-Chancellor informed that to execute the projects in the Budget in a time bound manner is the most important factor. It is the collective responsibility of the staff, stake holders and standing committees to implement the projects in a systematic way with determination to make use of the Budget in the most efficient way.

The Vice-Chancellor declared that the Financial Estimates of the University for the year 2017-18 is passed subject to the modifications suggested by the Convenor, Standing Committee of the Syndicate on Finance.

## Adjournment Motion

The Vice-Chancellor then invited Dr. P. Sunil Kumar to present the Adjournment motion given notice of by him.

Moving the motion, Dr.P.Sunil Kumar elaborated the following:

Autonomous Colleges Act ലെ ചില പഴുതുകൾ എങ്ങിനെ ഈ കോളേജുകൾ ദുരുപയോഗം ചെയ്യുന്നു എന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. ഒരു പദ്ധതി introduce ചെയ്യുമ്പോൾ അതിനകത്ത് നല്ല വശങ്ങൾ ഉണ്ടോ എന്നതിനേക്കാൾ പെട്ടെന്ന് അതിനകത്ത് എന്താണ് നമുക്ക് ദുരുപയോഗം ചെയ്യാമെന്ന് കണ്ടെത്തി ആ രീതിയിൽ കാര്യങ്ങൾ പോകുന്ന ഒരു അവസ്ഥയാണ് നിലവിൽ Autonomous College കളുടെ കാര്യത്തിൽ നടക്കുന്നത്. ഈ Act പ്രകാരം കോളേജുകൾക്ക് Academic Autonomy മാത്രമാണ് നൽകിയിട്ടുള്ളത്. പക്ഷേ ഈ കോളേജുകൾ ഇതിന്റെ മറവിൽ സർവകലാശാലയെയോ സർക്കാരിനെയോ വക വയ്ക്കാതെ, സർവകലാശാലയുടെ റഗുലേഷനും സ്റ്റാറ്റ്യൂട്ടും അവർക്ക് ബാധകമല്ല എന്ന നിലയിലാണ് കാര്യങ്ങൾ കൊണ്ടുപോകുന്നത്. അവർ തന്നെ Syllabus - ഉം Curriculum വും ഉണ്ടാക്കി കോഴ്സുകൾ തുടങ്ങി അഡ്മിഷനും നടത്തുന്നു. Degree Certificate മാത്രം സർവകലാശാല കൊടുക്കേണ്ട അവസ്ഥയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. മാത്രമല്ല ഇത്തരം കോളേജുകളിൽ പരാതി ബോധിപ്പിക്കാനുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല. നിലവിലെ Monitoring Committee യിൽ പരാതിനൽകിയാൽ നീതി ലഭിക്കില്ല എന്നുമാത്രമല്ല അവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാറുമുണ്ട്. ജീവനക്കാർ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവർക്കൊക്കെ ഇത് ബാധകമാണ്. സ്വാശ്രയ കോളേജുകളെക്കാൾ ഗുരുതരമായ അവസ്ഥയിലേയ്ക്കാണ് ആട്ടോണോമസ് കോളേജുകളിൽ കാര്യങ്ങൾ നടക്കുന്നത്. അതുകൊണ്ട് കാലോചിതമായി വേണ്ട നടപടികൾ സ്വീകരിച്ചില്ലെങ്കിൽ സ്വാശ്രയകോളേജുകളിൽ സംഭവിക്കുന്ന പ്രശ്നങ്ങൾ ആട്ടോണോമസ് കോളേജുകളിലും ഉണ്ടാകും. അതിനാൽ Autonomous Colleges Act - ൽ സർവകലാശാലയ്ക്കും സർക്കാരിനും വേണ്ടുന്ന അധികാരങ്ങൾ ഉണ്ടാക്കാൻ നിലവിലെ Act ൽ നിയമനിർമ്മാണമോ നിയമഭേദഗതിയോ നടത്താൻ ഈ സഭ സർക്കാരിനോട് ആവശ്യപ്പെടണം.

**(1)Sri. Rahil. R. Nath.**

ഒരു സമിതിയുടേയും സർവകലാശാലയുടേയും നിയന്ത്രണമില്ലാത്ത സ്ഥാപനങ്ങളായി ആട്ടോണോമസ് കോളേജുകൾ മാറിക്കൊണ്ടിരിക്കുകയാണ്. ഇതിനൊരു നിയന്ത്രണം വരുത്താനായി സർക്കാർ നിലവിലെ Autonomous Colleges Act പുനപരിശോധിച്ച് വേണ്ട ഭേദഗതികൾ വരുത്തണമെന്ന ആവശ്യത്തോടെ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

**(2) Smt. Ashitha.S.**

വിദ്യാർത്ഥികൾക്ക് പരാതിപ്പെടാൻ അവസരം ഇല്ലാത്ത വിദ്യാർത്ഥികളുടേതായ ഒരു സ്വാതന്ത്ര്യവുമില്ലാത്ത സ്ഥാപനങ്ങളാണ് ആട്ടോണോമസ് കോളേജുകൾ. സർവകലാശാലയ്ക്ക് ഇവരെ നിയന്ത്രിക്കാൻ പറ്റുന്നില്ല. സർട്ടിഫിക്കറ്റ് കൊടുക്കാൻ മാത്രമേ അധികാരമുള്ളു. അതിനാൽ നിലവിലെ ആക്ടിൽ ഭേദഗതികൾ വേണം. സർവകലാശാലയുടെ നിയന്ത്രണം ആട്ടോണോമസ് കോളേജുകളുടെ കാര്യത്തിൽ വേണമെന്ന് വിദ്യാർത്ഥികളുടെ പക്ഷത്ത് നിന്നു് പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങുന്നു.

**(3) Sri. Sam. K. Daniel.**

UGC യുടെ Regulation അനുസരിച്ചാണ് ആട്ടോണോമസ് കോളേജുകൾ തുടങ്ങിയത്. പക്ഷേ ഇന്ന് ആരുടേയും നിയന്ത്രണമില്ലാതെയാണ് ഇത്തരം കോളേജുകൾ പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ജീവനക്കാർ ഇവർക്കൊക്കെ സ്വതന്ത്രമായി ഇടപെടാനുള്ള സാഹചര്യമില്ല. പുതിയ സർക്കാരിന്റെ നയം അനുസരിച്ച് കാലാനുസൃതമായ മാറ്റം വരുത്തിക്കൊണ്ട് വർത്തമാനകാലത്തെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കത്തക്ക വിധത്തിൽ Autonomous Colleges Act ൽ നിയമഭേദഗതി വരുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെടണം.

**(4) Sri. Anvar Shah. A.**

ആട്ടോണോമസ് കോളേജുകളെ സർവകലാശാലയ്ക്ക് പോലും നിയന്ത്രിക്കാൻ പറ്റാത്ത അവസ്ഥയാണ്. ഇത് പുനപരിശോധിക്കണം. സഭ ചർച്ച ചെയ്ത പ്രകാരം നിലവിലെ ആക്ടിലെ വ്യവസ്ഥകൾ പുനപരിശോധിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടണമെന്ന് പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങുന്നു.

**(5) Dr. Cherian John**

UGC Regulation അനുസരിച്ചാണ് Autonomous Status 2 College കൾക്ക് നൽകിയത്. UGC Regulation - ൽ Academic Autonomy എന്ന് പരാമർശമില്ല. വളരെയധികം സ്വാതന്ത്ര്യം കോളേജുകൾക്ക് നൽകുന്ന റഗുലേഷനാണ് UGC യുടേത്. അതിൽ Partial Autonomy കൊടുക്കരുത് എന്ന് മാത്രമേ പറഞ്ഞിട്ടുള്ളു. ഒരു കോഴ്സുതുടങ്ങാൻ തീരുമാനിക്കുമ്പോൾ അതിന്റെ Scheme & Syllabus College സമർപ്പിച്ച് ഒരു മാസത്തിനകം സർവകലാശാല Approval നൽകണമെന്നാണ് വ്യവസ്ഥ. ഇല്ലാത്ത പക്ഷം യൂണിവേഴ്സിറ്റിയുടെ ap;proval ഇല്ലാതെ കോഴ്സ് തുടങ്ങാം. കോഴ്സുകളുടെ കാര്യത്തിൽ തീരുമാനം എടുക്കേണ്ട Academic Council, Governing Council എന്നിവയിൽ Nominated Members മാത്രമേ അംഗങ്ങളായുള്ളു. ജനാധിപത്യപരമായി Elect ചെയ്ത അംഗങ്ങൾ ഇല്ല എന്നത് പോരായ്മയാണ്. കോളേജുകളെക്കുറിച്ച് പരാതി ഉയർന്നാൽ Autonomy Status പിൻവലിക്കാൻ പോലും ആക്ടിൽ വ്യവസ്ഥയുണ്ട്.

Dr. P. Rajesh Kumar, Member, Syndicate informed that several complaints are being received from these autonomous colleges. It may be noted that only academic autonomy has been granted to these Colleges, ie., Syllabus of the courses alone can be prepared by them, which should be approved by the University within a very short span of time, ie. One month. But the Colleges have started new courses which require administrative sanction also in the pretext of academic autonomy. Once these students passout, University is bound to issue Degree Certificates to the students of the new courses also which were commenced without the concurrence of Government/University. As the present Government has a

clear policy with regard to autonomous colleges, the Government may be requested to amend or incorporate changes in the Autonomous Colleges Act permitting more control by the University and Government in the functioning of these Colleges.

The House unanimously accepted the motion.

The Vice-Chancellor thanked the members for their co-operation.

The meeting was adjourned sine- die at 01.45 pm.

| Sd/- | Sd/- | Sd/- |
|---|---|---|
| **Registrar** | **Pro-Vice-Chancellor** | **Vice-Chancellor** |

University Buildings,
Thiruvananthapuram,
20-03-2017